بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 8

ലക്കം 8

# ബദർ

വീക്കിലി ഖാദിയാൻ

Weekly **BADAR** Qadian Malayalam

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2023 ഫെബ്രുവരി 23/ഹി.ശം. 1402 തബ്ലീഗ് 23/ ഹിജ്റ 1444 ശഅ്ബാൻ 2


## അല്ലാഹുവിന്റെ വചനം

يٰۤاَيُّهَا الَّذِيۡنَ اٰمَنُوۡا لَا تَخُوۡنُوا اللّٰهَ وَالرَّسُوۡلَ وَتَخُوۡنُوۡۤا اَمٰنٰتِكُمۡ وَاَنۡتُمۡ تَعۡلَمُوۡنَ (سورۃ انفال:28)

'വിശ്വസിച്ചവരേ! നിങ്ങൾ അല്ലാഹുവിനേയും റസൂലിനേയും വഞ്ചിക്കരുത്. നിങ്ങൾ അറിഞ്ഞുകൊണ്ട് നിങ്ങളുടെ അമാനത്തുകളിലും വഞ്ചന കാട്ടരുത്.' (8:28)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## തിരുനബിയുടെ തിരുമൊഴികൾ

### മദീനയുട ശ്രേഷ്ഠത

(1871) ഹദ്റത്ത് അബൂഹുറയ്റ(റ)നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: ''എല്ലാ നാടുകളേയും തിന്നുന്ന ഒരു നാട്ടിലേക്ക് പോകാൻ എനിക്ക് കല്പന കിട്ടി. ആളുകൾ അതിനെ 'യഥ്രിബ്' എന്നു വിളിക്കുന്നു. അതു മദീനയാണ്. ഉല ഇരുമ്പിന്റെ കീടത്തെ പുറത്തുകളയും പോലെ മദീന അതിലെ ദുർജനങ്ങളെ പുറത്തു കളയും.''

ഹദ്റത്ത് സയ്യിദ് സയ്നുൽ ആബ്ദീൻ വലിയുല്ലാഹ് ശാഹ് സാഹിബ് ഇതിന്റെ വ്യാഖ്യാനത്തിൽ പറയുന്നു:മദീനയുടെ പവിത്രത ഇതേ രീതിയിൽമാത്രമെ പൂർണമായും നിലനില്ക്കുകയുള്ളു. അതായത് ദ്രോഹികളായ വിഭാഗം അവിടെ താമസിക്കരുത്. പിന്നീടു വന്ന സംഭവങ്ങൾ നബി(സ)തിരുമേനിയുടെ ഈ മൊഴിയെ അക്ഷരംപ്രതി സാക്ഷീകരിച്ചു. യഹൂദി ഗോത്രങ്ങൾ ഉടമ്പടി ലംഘിച്ചു. പുറത്തുള്ള ശത്രുക്കളുമായി രഹസ്യമായ പദ്ധതിയിട്ട് മദീനയുടെമേൽ ആക്രമണം നടത്തിച്ചു. അവസാനം അവരുടെ രാജ്യദ്രോഹപരമായ പ്രവർത്തനത്തിന്റെ ഫലമായി ഒന്നിനുപിറകെ ഒന്നായി മദീനയിൽനിന്ന് പുറത്താക്കപ്പെട്ടു. നബി(സ)തിരുമേനിയുടെ വാക്കുകളുടെ രണ്ടാമത്തെ ഭാഗവും മദീന ആഗോള ഇസ്ലാമിന്റെ ഒന്നാമത്തെ കേന്ദ്രമാകുകയും ഖുലഫാഉർറാശിദീന്റെ അനുഗൃഹീത കാലത്ത് മഹത്തായ വിജയങ്ങൾ കരസ്ഥമാകുകയും ചെയ്തപ്പോൾ പൂർത്തിയായി. മറ്റു നാടുകളെ തിന്നും എന്നു പറഞ്ഞതിന്റെ ഉദ്ദേശ്യവും ഇതുതന്നെയാണ്. അതായത് അവർ പരാജയപ്പെടും.(സ്വഹീഹ് ബുഖാരി, വാല്യം 3, കിതാബുഫളാഇലുൽമദീന, പ്രസാധനം 2008)

## ഈ ലക്കത്തിൽ


ജുമുഅ ഖുത്ബ 2023 ജനുവരി 20 (സമ്പൂർണ തർജമ)

ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ ജർമൻ പര്യടനം


## ഇക്കാലഘട്ടത്തിന്നിടയിൽ ഇസ്ലാമിനുമേൽ വന്നു പതിച്ചിട്ടുള്ള ഫിത്നയെ അകറ്റുന്നതിൽ കുറച്ചു പങ്കുവഹിക്കുക എന്നത് ഒരു മുസ്ലിമിന് നിർബന്ധമാണ്.

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

**വിധിക്കപ്പെട്ട കാര്യം**

"ഇപ്പോൾ നമ്മുടെ എതിരാളികളിൽനിന്ന് ധാരാളമാളുകൾ നമ്മുടെ ജമാഅത്തിൽ പ്രവേശിക്കാൻ വിധിക്കപ്പെട്ടവരായിട്ടുണ്ട്. അവർ എതിർക്കുന്നു. പക്ഷേ, മലക്കുകൾ അവസാനം നിങ്ങൾ അക്കൂട്ടരിൽത്തന്നെ ചേരുന്നവരാണെന്ന് കണ്ട് അവരെ നോക്കി ചിരിക്കുന്നു. അവർ നമ്മുടെ മറഞ്ഞിരിക്കുന്ന ജമാഅത്താണ്. അവർ നമ്മോടൊപ്പം ഒരു നാൾ ചേരുന്നതായിരിക്കും.

**ഇക്കാലഘട്ടത്തിലെ വലിയ ഇബാദത്ത്**

ഇക്കാലഘട്ടത്തിന്നിടയിൽ ഇസ്ലാമിനുമേൽ വന്നു പതിച്ചിട്ടുള്ള ഫിത്നയെ അകറ്റുന്നതിൽ കുറച്ചു പങ്കുവഹിക്കുക എന്നത് ഒരു മുസ്ലിമിന് നിർബന്ധമാണ്. ഈ ഫിത്ന അകറ്റുന്നതിൽ എല്ലാ ഓരോരുത്തരും ഭാഗഭാക്കുക എന്നതുതന്നെയാണ് വലിയ ഇബാദത്ത്. ഇക്കാലത്ത് വ്യാപിച്ചിട്ടുള്ള തിന്മകളും അപമര്യാദകളും, തങ്ങളുടെ പ്രസംഗംകൊണ്ടും അറിവുകൊണ്ടും അയാൾക്ക് നല്കപ്പെട്ടിട്ടുള്ള സർവശക്തിയോടും ആത്മാർഥമായ പരിശ്രമത്തോടുംകൂടി ലോകത്തുനിന്ന് ഉന്മൂലനം ചെയ്യുക. ഈ ലോകത്ത് ആർക്കെങ്കിലും സൗഖ്യവും ആനന്ദവും കിട്ടിയിട്ടുണ്ടെങ്കിൽ എന്തുഫലമാണുള്ളത്? ഈ ലോകത്തുതന്നെ പ്രതിഫലം പറ്റിയാൽ എന്താണ് കരസ്ഥമായത്? പരലോകത്തിലെ പ്രതിഫലമെടുക്കുക. അതിന് പരിധിയില്ല. എല്ലാ ഓരോരുത്തർക്കും തൗഹീദിനും തഫ്രീദിനുംവേണ്ടി അതായത് ഏകദൈവാദർശത്തിനും ഏകത്വത്തിനുംവേണ്ടി, അല്ലാഹുവിനു തന്റെ തൗഹീദിന്റെ ആവേശമുള്ളതുപോലെ ആവേശമുണ്ടാകേണ്ടതാണ്. ലോകത്ത് ഇത്തരത്തിലുള്ള മല്ലും അതായത് മർദിക്കപ്പെട്ടവൻ എവിടെ കിട്ടുമെന്ന് ചിന്തിക്കുക; നമ്മുടെ നബി(സ)തിരുമേനിയെ പ്പോലെ! ആ മഹാത്മാവിനുനേരെ എറിയപ്പെടാത്തതായ ഒരു മാലിന്യവും ചീത്തയും ശകാരവും ഉണ്ടായിരുന്നില്ല. ഇത് മുസ്ലിമീങ്ങൾ മൗനം പാലിച്ചിരിക്കേണ്ട സമയമാണോ? ഈ നേരത്ത് ആരും എഴുന്നേറ്റു നിൽക്കാതിരിക്കുകയും സത്യത്തിന് സാക്ഷ്യം പറഞ്ഞ് കള്ളന്മാരെ നിരുദ്ധകണ്ഠരാക്കാതിരിക്കുകയും അവിശ്വാസി നിർലജ്ജം നമ്മുടെ നബിയുടെമേൽ അപവാദം പറഞ്ഞുകൊണ്ടിരിക്കാൻ അനുവദിക്കുകയും ജനങ്ങളെ വഴിപിഴക്കാൻ വിടുകയും ചെയ്യുകയാണെങ്കിൽ ഓർക്കുക അവൻ നിസ്സംശയം വലിയ വിചാരണയുടെ കീഴിലാണുള്ളത്. നിങ്ങൾക്കുള്ള അറിവും പരിചയവും ഈ മാർഗത്തിൽ ചെലവഴിക്കേണ്ടതാണ്. ജനങ്ങളെ ഈ നാശത്തിൽനിന്ന് രക്ഷിക്കുക. ഹദീഥിൽനിന്ന് സ്ഥാപിതമാകുന്നുണ്ട്, നിങ്ങൾ ദജ്ജാലിനെ വധിക്കുന്നില്ലെങ്കിൽത്തന്നെയും അവൻ മരിക്കുകതന്നെ ചെയ്യും. പഴഞ്ചൊല്ല് പ്രസിദ്ധമാണ്. എല്ലാ ഉയർച്ചയ്ക്കും ഒരു താഴ്ചയുണ്ട്. 13-ാം നൂറ്റാണ്ടുമുതൽ ഈ ആപത്തുകൾ ആരംഭിച്ചു. ഇനി അത് അവസാനിക്കേണ്ട സമയം അടുത്തിരിക്കുകയാണ്. അതുകൊണ്ട് കഴിയുന്നിടത്തോളം പരിപൂർണമായും ശ്രമിക്കുക എന്നത് ഓരോരുത്തരുടേയും നിർബന്ധകടമയാണ്. പ്രകാശവും വെളിച്ചവും ജനങ്ങൾക്ക് കാണിച്ചുകൊടുക്കുക."(മൽഫൂദാത്ത് വാല്യം 1, പേജ് 355-357, പ്രസാധനം 2018 ഖാദിയാൻ) *(മൽഫൂദാത്ത് വാല്യം 1, പേജ് 372, പ്രസാധനം 2018 ഖാദിയാൻ)*

## വിശുദ്ധ ഖുർആൻ കൂടാതെ മറ്റേത് അധ്യാപനമാണ് ലോകത്തു കാണുന്ന ഭിന്നതകൾ വിപാടനം ചെയ്യാനുള്ളത്? ഈ ഗ്രന്ഥം അല്ലാഹുവിൽനിന്നുള്ളതാണെന്ന് ജനങ്ങൾക്ക് മനസ്സിലാകുകയാണെങ്കിൽ അവർ തങ്ങളുടെ ചിന്താഗതികൾ ഉപേക്ഷിക്കുന്നതാണ്.

സൂറത്തുന്നഹ്ലിലെ 23-ാം വചനമായ *ഇലാഹുക്കും ഇലാഹുൻവ്വാഹിദുൻ- ഫല്ലദീന ലായുഅ്മിനൂന ബിൽആഖിറത്തി ഖുലൂബുഹും മ്മുൻകിറത്തുൻ വ്വഹും മ്മുസ്തക്ബിറൂന* (നിങ്ങളുടെ ആരാധ്യൻ ഒരേയൊരു ആരാധ്യനാകുന്നു. എന്നാൽ, പരലോകത്തിൽ വിശ്വസിക്കാത്തവരാകട്ടെ, അവരുടെ ഹൃദയങ്ങൾ നിഷേധിക്കുന്നവയാണ്. അവർ അഹങ്കാരികളുമത്രെ) എന്നതിനു നല്കിയ വ്യാഖ്യാനത്തിൽ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു:

"നിങ്ങളുടെ ദൈവം ഒരേയൊരു ദൈവമാണെന്ന് പറഞ്ഞിട്ടുള്ളത് വെറും വാദമല്ല. വിശുദ്ധ ഖുർആൻ സത്യനിഷേധികളെ സംബോധന ചെയ്യുമ്പോൾ വെറും വാദം മാത്രമല്ല സമർപ്പിക്കുന്നത്. കാരണം അവരിൽ കേവലവാദം സ്വാധീനം ചെലുത്തുകയില്ല. പ്രത്യുത അവർ അത്തരം അവസരത്തിൽ രണ്ടിൽ ഒരു മാർഗം സ്വീകരിക്കുന്നു. ഒന്നുകിൽ വാദം വിവരിച്ചതിനുശേഷം അതിനു മറുപടി നല്കുന്നു. അല്ലെങ്കിൽ തെളിവുകൾ വിവരിച്ചതിനുശേഷം പിന്നീട് അതിന്റെ ഫലം സമർപ്പിക്കുന്നു. ഇതുതന്നെയാണ് ആ സ്വാഭാവികമായ മാർഗം. അവ മുഖേന മാനുഷികമായ ബുദ്ധി തൃപ്തിയടയുന്നു. രണ്ടും അതാതിന്റെ രീതിയിൽ അങ്ങേയറ്റം സ്വാധീനമുണ്ടാക്കുന്നതാണ്. ചിലപ്പോൾ വാദം വിവരിച്ച് ശേഷം തെളിവുകൾ നല്കുന്നത് ഫലപ്രദമാകുന്നു. ചിലപ്പോൾ സംഭവങ്ങൾ വിവരിച്ചതിനുശേഷം അവയുടെ സ്വാഭാവികമായ ഫലം വിവരിക്കുന്നത് ഫലപ്രദമാകുന്നു. ഇവിടെ രണ്ടാമത്തെ മാർഗം സ്വീകരിക്കുകയും ആദ്യവചനങ്ങളുടെ ബുദ്ധിപരമായ ഫലം സമർപ്പിക്കുകയും ചെയ്തിരിക്കുന്നു.

ആദ്യ വചനങ്ങളിൽ രണ്ടു വിഷയം വിവരിച്ചിരിക്കുകയാണ്. ഒന്ന് എല്ലാ പ്രപഞ്ചവും ഒരേയൊരു ബന്ധത്തിൽ കുരുക്കപ്പെട്ടിരിക്കുന്നു എന്നതാണ്. ഒരു വസ്തു മറ്റൊന്നിനെ ആശ്രയിച്ചു നിൽക്കുന്നു.

(ശേഷം പേജ് 10ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്റാൻ ബദർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

അല്ലാഹു നിങ്ങളെ പാഴാക്കിക്കളയുമെന്ന് കരുതണ്ട. നിങ്ങൾ ഭൂമിയിൽ വിതയ്ക്കപ്പെട്ട അല്ലാഹുവിന്റെ കൈയിലെ ഒരു ബീജമാണ്. അല്ലാഹു പറയുന്നു: ഈ ബീജം വളരുകയും പുഷ്പിക്കുകയും നാനാഭാഗത്തും അതിന്റെ ശാഖകൾ ഉണ്ടാകുകയും ഒരു വൻവൃക്ഷമായിത്തീരുകയും ചെയ്യും. അല്ലാഹു പറഞ്ഞ കാര്യത്തിൽ വിശ്വസിക്കുകയും ഇടയിൽവരുന്ന പരീക്ഷണത്തിൽ ഭയപ്പെടാതിരിക്കുകയും ചെയ്യുന്നവൻ സൗഭാഗ്യവാൻ! കാരണം നിങ്ങളെ പരീക്ഷിക്കുന്നതിന് പരീക്ഷണം വരേണ്ടതും നിർബന്ധമാണ്.

കഴിഞ്ഞ ദിവസം ആഫ്രിക്കൻ വൻകരയിലെ ബുർക്കിനാ ഫാസോയിൽ അനുരക്തിയും കൂറും ആത്മാർഥതയും ഈമാനും അനുഭവജ്ഞാനവും കൊണ്ട് നിറഞ്ഞ ജമാഅത്തംഗങ്ങൾ മൊത്തത്തിൽ കാഴ്ചവെച്ച മാതൃക അത്ഭുതാവഹമാണ്, അതിന്റെ ഉദാഹരണം അതുമാത്രമാണ്.

അല്ലാഹുവിന്റെ മാർഗത്തിൽ ജീവൻ നല്കുക സ്വന്തം ആത്മാവിനുവേണ്ടി മാത്രമല്ല പ്രത്യുത ജമാഅത്തിന്റെ ജീവിതത്തിനും നിമിത്തമായിത്തീരുന്നു. ഇതുതന്നെയാണ് പിന്നിൽ നില്ക്കുന്നവരുടെ ജീവിതത്തിനും അഭിവൃദ്ധിക്കും മാർഗമായിക്കൊണ്ടിരിക്കുന്നത്. അപ്പോൾപ്പിന്നെ അവർ മരിച്ചവരാകുന്നതെങ്ങനെ!

**ജനുവരി 11 ഇശായുടെ നേരത്ത് 9 അഹ്മദി മഹാത്മക്കളെ മസ്ജിന്റെ മുറ്റത്ത് മറ്റു നമസ്കാരക്കാരുടെ മുമ്പിൽവെച്ച് ഇസ്‌ലാം-അഹ്മദിയ്യത്തിനെ നിഷേധിക്കാത്ത കാരണത്താൽ ഓരോരുത്തരെയായി ശഹീദാക്കി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.**

**എന്റെ തലവെട്ടുന്നെങ്കിൽ വെട്ടിക്കൊള്ളുക!പക്ഷേ, അഹ്മദിയ്യത്തിനെ ഉപേക്ഷിക്കാൻ എനിക്കു കഴിയുകയില്ല. ഏതൊരു സത്യത്തെയാണോ ഞാൻ പ്രാപിച്ചത് അതിൽനിന്ന് പിന്മാറുക അസംഭാവ്യമാണ്. ഈമാനെതിരിൽ ജീവന് എന്തു നിലയാണുള്ളത്!**

**എല്ലാ അഹ്മദീ മഹാത്മാക്കളും പർവതത്തെപ്പോലുള്ള സ്ഥൈര്യമാണ് പ്രകടിപ്പിച്ചത്. തന്റേടത്തോടും ധൈര്യത്തോടുംകൂടി ശഹാദത്തിനെ ആശ്ലേഷിക്കാൻ സ്വീകരിച്ചു. ആരുംതന്നെ തരിമ്പും ബലഹീനത കാണിച്ചില്ല. അഹ്മദിയ്യത്തിനെ നിഷേധിച്ചതുമില്ല.**

**ബുർക്കിനാഫാസോയിലെ മഹ്ദിയാബാദിലെ തമാശഖ് വാസികൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്തു ചെയ്തതിൽ മുന്നേറിപ്പോയി.**

**ഇവർ അഹ്മദിയ്യത്തിന്റെ മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങളാണ്. തങ്ങളുടെ പിന്നിൽ ഒരു മാതൃക വിട്ടുംവെച്ചുപോയി.**

ബുർക്കിനാ ഫാസോയിലെ 9 അഹ്മദീ ശുഹദാഇന്റേയും ഇപ്രകാരംതന്നെ ഡോക്ടർ കരീമുല്ലാഹ് സാഹിബിന്റേയും അദ്ദേഹത്തിന്റെ ഭാര്യ അമേരിക്കയിലെ അമത്തുല്ലത്വീഫ് സാഹിബയുടേയും അനുസ്മരണവും ജനാസ ഗാഇബും.

**ഖുത്ബ ജുമുഅ ഖുത്ബ ജുമുഅ 2023 ജനുവരി 20/1401 സ്വുൽഹ് 20**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○
وَلَا تَقُوْلُوْا لِمَنْ يُّقْتَلُ فِيْ سَبِيْلِ اللّٰهِ اَمْوَاتٌ ؕ بَلْ اَحْيَآءٌ وَّلٰكِنْ لَّا تَشْعُرُوْنَ ○ وَلَنَبْلُوَنَّكُمْ
بِشَيْءٍ مِّنَ الْخَوْفِ وَالْجُوْعِ وَنَقْصٍ مِّنَ الْاَمْوَالِ وَالْاَنْفُسِ وَالثَّمَرٰتِ ؕ وَبَشِّرِ الصّٰبِرِيْنَ ○ الَّذِيْنَ اِذَآ
اَصَابَتْهُمْ مُّصِيْبَةٌ ۙ قَالُوْٓا اِنَّا لِلّٰهِ وَاِنَّآ اِلَيْهِ رٰجِعُوْنَ ○ (البقرة:155-157)

“അല്ലാഹുവിൻറെ മാർഗത്തിൽ വധിക്കപ്പെട്ടവരെ സംബന്ധിച്ച് ‘മരിച്ചവർ’ എന്ന് നിങ്ങൾ പറയരുത്. അല്ല, (അവർ)ജീവിച്ചിരിക്കുന്നവരാണ്. പക്ഷേ, നിങ്ങൾ അതു ഗ്രഹിക്കുന്നില്ലെന്ന് മാത്രം. അല്പമൊക്കെ ഭയം, വിശപ്പ്, ധനനഷ്ടം, ജീവനഷ്ടം, ഫലനഷ്ടം എന്നിവയിലൂടെ നിശ്ചയമായും നാം നിങ്ങളെ പരീക്ഷിക്കുന്നതാണ്. തങ്ങൾക്ക് വല്ല ആപത്തും നേരിടുമ്പോൾ (പരിഭ്രമിക്കാതെ) ‘നിശ്ചമായും ഞങ്ങൾ അല്ലാഹുവിനുള്ളവരും അവനിലേക്ക് മടങ്ങുന്നവരുമാകുന്നു’എന്ന് പറയുന്ന സഹനശീലർക്ക് നീ സുവാർത്ത അറിയിക്കുക.”

അല്ലാഹുവിന്റെ വഴിയിൽ ജീവൻ കാണിക്ക വെക്കുന്നവരെ സംബന്ധിച്ചുള്ള അല്ലാഹുവിന്റെ തിരുവചനം അവർ മരിച്ചവരല്ല ജീവിക്കുന്നവരാണ് എന്നാകുന്നു. അഹ്മദിയ്യ ജമാഅത്തിൽ കഴിഞ്ഞ നൂറു വർഷത്തിലധികം കാലഘട്ടത്തിൽ അല്ലാഹുവിന്റെ മാർഗത്തിൽ ജീവൻ ത്യജിച്ചു കൊണ്ടേയിരിക്കുന്നു. ഈ ത്യാഗങ്ങൾ പാഴായിപോയിട്ടുണ്ടോ? ഇല്ല. മാത്രമല്ല അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് ഈ ശഹീദുമാരുടെ സ്ഥാനം ഉയർത്തിക്കൊണ്ടേയിരിക്കുന്നു. അവിടെ ജമാഅത്തിനും നേരത്തേതിലുമധികം പുരോഗതി നല്കി അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നു. ആ ശഹീദുമാർ അടുത്ത ലോകത്ത് അവർക്കുള്ള സ്ഥാനം കരസ്ഥമാക്കി. അവരുടെ പദവികൾ എപ്പോഴും ഉയർന്നുകൊണ്ടിരിക്കുന്നതായിരിക്കും. അതോടൊപ്പം ഈ ലോകത്തും എന്നെന്നേക്കുമായി അവരുടെ നാമം പ്രോജ്വലിച്ചുകൊണ്ടിരിക്കും. അവർ അല്ലാഹുവിന്റെ മാർഗത്തിൽ ജീവത്യാഗം ചെയ്തത് തങ്ങൾക്കു വേണ്ടി മാത്രമല്ല. പ്രത്യുത അത് ജമാഅത്തിന്റെ ജീവിതത്തിനും ഹേതുവായി കൊണ്ടിരിക്കുന്നു. ഇത് തന്നെയാണ് പിന്നിൽ വരുന്നവരുടെ ജീവിതത്തിലും പുരോഗതികൾക്കും നിമിത്തമായികൊണ്ടിരിക്കുന്നതും. ഇങ്ങനെയിരിക്കെ അവർ എങ്ങനെയാണ് മരിച്ചവരാകുക. ഈ ജീവ ത്യാഗം ഹദ്റത്ത് സാഹിബ് സാദാ സയ്യിദ് അബ്ദുൽ ലത്വീഫ് ശഹീദിന്റെ ത്യാഗം മുതലാണ് ആരംഭിച്ചത്. അഹ്മദിയ്യ ജമാഅത്തിൽ പൊതുവെ അഫ്ഗാനിസ്താനിലും ഇന്ത്യാ ഉപഭൂഖണ്ഡത്തിലുമുള്ള അഹ്മദികളിലാണ് അതുണ്ടായിരുന്നത്. ആഫ്രിക്കയിലും ആത്മാർഥമായ ഒരു അഹ്മദി കോംഗോ എന്ന സ്ഥലത്ത് തന്റെ ജീവൻ 2005-ൽ തികച്ചും ജമാഅത്തിനുവേണ്ടി കാണിക്കയായി സമർപ്പിച്ചിരുന്നു. എന്നാൽ, കഴിഞ്ഞ ദിവസം ആഫ്രിക്കൻ ഭൂഖണ്ഡത്തിലെ ബുർക്കിനാ ഫാസോ(Burkina Faso)യിൽ അനുരക്തിയാലും കൂറിനാലും ആത്മാർഥതയാലും വിശ്വാസത്താലും അനുഭവജ്ഞാനത്താലും നിർഭയരായ ജമാഅത്തംഗങ്ങൾ പൊതുവായി കാണിച്ച മാതൃക അതുല്യമാണ്. അത് അനുപമമായ മാതൃകയാണ്.

അവർക്ക് മസീഹ് മൗഊദി(അ)ന്റെ സത്യസാക്ഷ്യം നിരാകരിക്കാനും ഈസാ(അ) ആകാശത്ത് ജീവിച്ചിരിപ്പുണ്ടെന്നും ആകാശത്തുനിന്നിറങ്ങുമെന്നും അംഗീകരിക്കാൻ അവസരം കൊടുത്തിരുന്നു. അങ്ങനെയായാൽ തങ്ങൾ ജീവൻ രക്ഷിക്കാമെന്ന് ശത്രുക്കൾ പറഞ്ഞു. എന്നാൽ, വിശ്വാസത്താലും ദൃഢബോധ്യത്താലും നിർഭയരായ അവരുടെ ഈമാൻ പർവ്വതത്തെക്കാളുമധികം ശക്തമായിട്ടാണ് കാണപെട്ടത്. അവർ മറുപടിയായി പറഞ്ഞു: ‘ജീവൻ ഏതായാലും പോകേണ്ടതാണ്; ഇന്നല്ലെങ്കിൽ നാളെ. അത് രക്ഷിക്കാൻ വേണ്ടി ഞങ്ങൾ വിശ്വാസത്തിന്റെ കച്ചവടം നടത്താൻ തയ്യാറല്ല. ഏതൊരു സത്യമാണോ ഞങ്ങൾ കണ്ടത് അത് ഞങ്ങൾക്ക് ഉപേക്ഷിക്കാൻ കഴിയില്ല.’ അങ്ങനെ ഒന്നിനുശേഷം മറ്റൊന്നായി അവർ തങ്ങളുടെ ജീവൻ ത്യജിക്കുകയുണ്ടായി.

അവരുടെ സ്ത്രീകളും കുട്ടികളും ഈ കാഴ്ച കാണുന്നുണ്ടായിരുന്നു. ആരുംതന്നെ അലമുറയിട്ടു കരഞ്ഞില്ല.

ചുരുക്കത്തിൽ ഇവർ ആഫ്രിക്കയിൽ മാത്രമല്ല അഹ്മദിയ്യാ ലോകത്തുതന്നെ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിലെ ഹദ്റത്ത് സാഹിബ് സാദ അബ്ദുല്ലത്വീഫ് സാഹിബിന്റെ ത്യാഗത്തിനുശേഷം തങ്ങളുടെ ത്യാഗങ്ങളുടെ ഒരു പുതിയ ചരിത്രമാണ് രചിച്ചത്. തങ്ങളുടെ ഭൗതിക ജീവിതത്തെ ത്യജിച്ചുകൊണ്ട് അവർ ശാശ്വത ജീവിതം കരസ്ഥമാക്കുന്നവരായി മാറി. അവർ ജീവനും സമ്പത്തും സമയവും ത്യജിക്കുമെന്ന് ശപഥം ചെയ്യുകയും അത് നിറവേറ്റുകയും ചെയ്തു. അത് നിറവേറ്റിയപ്പോൾ ആദ്യം വന്നവരെക്കാളും അവർ മുൻകടന്നു പോയി. അല്ലാഹു അവർ ഓരോരുത്തരെയും അവന്റെ മാർഗത്തിൽ ത്യാഗം ചെയ്യുന്നവർക്ക് നൽകിയിട്ടുള്ള സുവാർത്തകളുടെ അനന്തരാവകാശികളാക്കുമാറാകട്ടെ.

ഇനി ഹ്രസ്വമായി ഈ ശുഹദാഇന്റെ ജീവചരിത്രം വിവരിക്കാം. അതിൽ നിന്ന് അവരുടെ വിശ്വാസ ദാർഢ്യത്തെ കുറിച്ച് മനസ്സിലാകുന്നതാണ്. വിശദീകരണങ്ങളുടെ അടിസ്ഥാനത്തിൽ ബുർക്കിനാ ഫാസോയിലെ പട്ടണമായ ഡോറിയിൽ മഹ്ദിയാബാദ് ഒരു പുതിയ ആവാസ സ്ഥലമായിരുന്നു. അവിടെ ജമാഅത്തുണ്ട്. ജനുവരി പതിനൊന്നിന് ഇശായുടെ നേരത്ത് വരിഷ്ഠരായ ഒൻപതു അഹ്മദികളെ മസ്ജിദിന്റെ അങ്കണത്തിൽ മറ്റു നമസ്കാരക്കാർക്കു മുന്നിൽ ഇസ്‌ലാം അഹ്മദിയ്യത്തിനെ നിഷേധിക്കാത്ത കാരണത്താൽ ഓരോരുത്തരെയായി വധിച്ചുകൊണ്ട് ശഹീദാക്കി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.*

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇശായുടെ നേരത്ത് നാല് മോട്ടോർസൈക്കിളുകളിൽ എട്ട് ആയുധധാരികൾ മസ്ജിദിൽ വരികയുണ്ടായി. ഈ ആയുധധാരികൾ മസ്ജിദിൽ വരുന്നതിന് മുമ്പേ അടുത്തുള്ള വഹാബികളുടെ മസ്ജിദിലുണ്ടായിരുന്നു. അവിടെ അവർ മഗ്‌രിബ് മുതൽ ഇശാവരെയുള്ള സമയം കഴിച്ചുകൂട്ടി. എന്നാൽ, അവിടെ ആർക്കും ഒരു നഷ്ടവും വരുത്തിയില്ല. കാരണം അവർ അഹ്മദികൾക്കുവേണ്ടി മാത്രം വന്നതായിരുന്നു. ഈ തീവ്രവാദികൾ അഹ്മദിയ്യ മസ്ജിദിൽ വന്നപ്പോൾ ആ സമയത്ത് മസ്ജിദിൽ ഇശായുടെ ബാങ്ക് കൊടുക്കുകയായിരുന്നു. അപ്പോഴേക്കും കുറച്ച് നമസ്കാരക്കാരും വന്നിരുന്നു. മറ്റുള്ളവരും വരുന്നുണ്ടായിരുന്നു. ബാങ്ക് കഴിഞ്ഞപ്പോൾ തീവ്രവാദികൾ ബാങ്ക് വിളിക്കുന്ന ആളെകൊണ്ട് അഹ്മദികളോട് വേഗം മസ്ജിദിലെത്താനും കുറച്ചാളുകൾ സംസാരിക്കാൻ വന്നിട്ടുണ്ടെന്നും വിളംബരം ചെയ്യിച്ചു. അവരെല്ലാവരും ഒരുമിച്ചു കൂടിയപ്പോൾ തീവ്രവാദികൾ ചോദിച്ചു, മസ്ജിദിലെ ഇമാം ആരാണ്?

അൽഹാജ് ഇബ്‌റാഹീം ബദീഗാ(Bidiga)സാഹിബ്, താനാണ് മസ്ജിദിന്റെ ഇമാമെന്ന് പറഞ്ഞു. നാഇബ് ഇമാം ആരാണെന്നു അവർ ചോദിച്ചു. അപ്പോൾ ആഗ് ഉമർ ആഗ് അബ്ദുർറഹ്മാൻ സാഹിബ് താനാണ് നാഇബ് ഇമാമെന്ന് പറഞ്ഞു. നമസ്കാരസമയമായപ്പോൾ ഇമാം ഇബ്‌റാഹീം സാഹിബ് തീവ്രവാദികളോട് പറഞ്ഞു, ഞങ്ങളെ നമസ്കരിക്കാൻ അനുവദിക്കുക. എന്നാൽ, അവർ നമസ്കരിക്കാൻ അനുവാദം നൽകിയില്ല.

ആയുധധാരികൾ ഇമാമിനോട് അഹ്മദിയ്യ ജമാഅത്തിന്റെ വിശ്വാസത്തെ സംബന്ധിച്ച് ഒരുപാട് ചോദ്യങ്ങൾ ചോദിച്ചു, അതിനെല്ലാം ഇമാം സാഹിബ് തൃപ്തികരമായി സധൈര്യം മറുപടി നൽകി. ഇമാം സാഹിബ് പറഞ്ഞു: 'ഞങ്ങൾ മുസ്‌ലിമീങ്ങളാണ്. നബി(സ)തിരുനബിയെ വിശ്വസിക്കുന്നവരാണ്.'

അവർ ചോദിച്ചു: 'നിങ്ങൾ ഏത് ഫിർഖയുമായി ബന്ധപ്പെട്ടവരാണ്.' ഇമാം സാഹിബ് പറഞ്ഞു: 'ഞങ്ങൾ അഹ്മദിയ്യ മുസ്‌ലിം ജമാഅത്തുമായി ബന്ധപ്പെട്ടവരാണ്.' പിന്നീട് വിശ്വാസത്തെ സംബന്ധിച്ച് ഉഗ്രവാദികൾ ചോദിച്ചു: 'നിങ്ങളുടെ വിശ്വാസപ്രകാരം ഹദ്റത്ത് ഈസാ (അ) ജീവിച്ചിരിപ്പുണ്ടോ? അതോ മരിച്ച് പോയോ?' ഇമാം സാഹിബ് പറഞ്ഞു: ഹദ്റത്ത് ഈസാ (അ) വഫാത്തായിരിക്കുന്നു.' ആ ഉഗ്രവാദികൾ പറഞ്ഞു: 'ഇല്ല. ഈസാ ആകാശത്ത് ജീവിച്ചിരിക്കുന്നു. തിരിച്ചുവന്ന് ദജ്ജാലിനെ കൊല്ലുന്നതാണ്. മുസ്‌ലിമീങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതാണ്.' ഈ പ്രതീക്ഷയിലാണ് ഇരിക്കുന്നത്. തുടർന്ന് അവർ ചോദിച്ചു: 'ഇമാം മഹ്ദി ആരാണ്?' ഇമാം സാഹിബ് പറഞ്ഞു: 'ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ). ഇമാം മഹ്ദിയും വാഗ്ദത്ത മസീഹുമായി വന്നിരിക്കുന്നു.' അവസാനം ഇതെല്ലാം കേട്ടശേഷം ആ ആയുധധാരികൾ പറഞ്ഞു. അഹ്മദികൾ മുസ്‌ലിമീങ്ങളല്ല. പ്രത്യുത തികച്ചും കാഫിറാകുന്നു.'

അതിനുശേഷം അവർ ഇമാം സാഹിബിനെ മസ്ജിദിന്റെ അടുത്തുള്ള അഹ്മദിയ്യ തുന്നൽ കേന്ദ്രത്തിലേക്ക് കൊണ്ടുപോയി. അവിടെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെയും ഖലീഫമാരുടെയും ഫോട്ടോകൾ തൂക്കിയിട്ടുണ്ടായിരുന്നു. അവർ ആ ഫോട്ടോകളുമെടുത്ത് ഇമാം സാഹിബിനൊപ്പം തിരിച്ച് മസ്ജിദിൽ വന്നു. തുടർന്ന് അവർ ആ ഫോട്ടോകളെ കുറിച്ച് ഇമാം ഇബ്‌റാഹീമിനോട് ചോദ്യങ്ങൾ ചോദിച്ചു. ഇമാം സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെയും ഖലീഫമാരുടെയും പേരുകൾ പറയുകയും ഓരോരോ ഫോട്ടോയും പരിചയപ്പെടുത്തുകയും ചെയ്തുകൊണ്ട് പറഞ്ഞു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇമാം മഹ്ദിയും വാഗ്ദത്ത മസീഹുമായി വന്നിരിക്കുന്നു. അപ്പോൾ അവർ പറഞ്ഞു: 'നഊദുബില്ലാഹ് മിർസാ ഗുലാം അഹ്മദിന്റെ നുബുവ്വത്തുവാദം വ്യാജമാണ്.' തുടർന്ന് ഭീകരവാദികൾ മസ്ജിദിലുണ്ടായിരുന്ന നമസ്കരിക്കാൻ വന്നവരെ, കുട്ടികളും യുവാക്കളും മുതിർന്നവരുമായി വേർതിരിച്ച് ഗ്രൂപ്പുകളാക്കി. ആ നേരത്ത് മസ്ജിദിൽ കുട്ടികളും യുവാക്കളും മുതിർന്നവരും സ്ത്രീകളുമടക്കം അറുപതെഴുപതു പേരുണ്ടായിരുന്നു. പർദയുടെ മറുഭാഗത്ത് പത്തുപന്ത്രണ്ട് ലജ്ന അംഗങ്ങളും അപ്പോൾ നമസ്കരിക്കാനുണ്ടായിരുന്നു. പ്രായത്തിന് അനുസരിച്ച് ഗ്രൂപ്പുകൾ ആക്കിയതിനുശേഷം ഭീകരവാദികൾ മുതിർന്നവരോടു മസ്ജിദിന്റെ മുറ്റത്തു വരാൻ പറഞ്ഞു. ആ സമയത്ത് മസ്ജിദിൽ പത്ത് അൻസാർ ഉണ്ടായിരുന്നു. അതിലൊരാൾ വികലാംഗനും ആയിരുന്നു. ആ വികലാംഗനായ സഹോദരനും മറ്റു അൻസ്വാർ സഹോദരന്മാരോടൊപ്പം എഴുന്നേറ്റ് പുറത്തു വരാൻ ഒരുങ്ങിയപ്പോൾ അവർ അദ്ദേഹത്തോട് പറഞ്ഞു, 'നിന്നെക്കൊണ്ട് പ്രയോജനമൊന്നുമില്ല. നീ അവിടെത്തന്നെ ഇരുന്നുകൊള്ളുക.' ബാക്കി ഒൻപതു പേരെയുംകൊണ്ട് മസ്ജിദിന്റെ മുറ്റത്തു വന്നു. മസ്ജിദിന്റെ മുറ്റത്തു നിറുത്തിയശേഷം ഇമാം ഇബ്‌റാഹീം ബദീഗ സാഹിബിനോട് പറഞ്ഞു: 'അഹ്മദിയ്യത്തിനെ നിഷേധിക്കുകയാണെങ്കിൽ നിങ്ങളെ വെറുതെ വിടുന്നതായിരിക്കും.' ഇമാം സാഹിബ് മറുപടി പറഞ്ഞു: എന്റെ തല കൊയ്യുകയാണെങ്കിൽ അങ്ങനെ ചെയ്തു കൊള്ളുക. പക്ഷേ, ഞാൻ അഹ്മദിയ്യത്ത് ഒഴിവാക്കുന്നതല്ല. ഞാൻ കണ്ടെത്തിയ സത്യത്തിൽ നിന്ന് പിന്മാറാൻ എനിക്കു സാധ്യമല്ല. വിശ്വാസത്തിന് മുന്നിൽ ജീവനെന്ത് വിലയാണുള്ളത്?'

ഭീകരവാദികൾ ഇമാം സാഹിബിന്റെ കഴുത്തിൽ വലിയ കത്തി വെച്ചു. അദ്ദേഹത്തെ കിടത്തി അറുക്കാനാണ് ആഗ്രഹിച്ചത്. ഇമാം സാഹിബ് പ്രതിരോധിച്ചുകൊണ്ട് പറഞ്ഞു: 'ഞാൻ കിടന്ന് മരിക്കുന്നതിനേക്കാളും നിന്നുകൊണ്ട് ജീവൻ നൽകാനാണ് ഇഷ്ടപ്പെടുന്നത്.' അപ്പോൾ അവർ ഇമാം സാഹിബിനു നേർക്ക് നിറയൊഴിച്ച് അദ്ദേഹത്തെ ശഹീദാക്കി.

ഏറ്റവുമാദ്യം ഇമാം അൽഹാജ് ഇബ്‌റാഹീം ബദീഗ സാഹിബിന്റെ ശഹാദത്താണ് നടന്നത്. ഇമാം സാഹിബിനെ നിർദയം ശഹീദാക്കിയതിനുശേഷം മറ്റെല്ലാവരും ഭയന്ന് തങ്ങളുടെ വിശ്വാസത്തിൽനിന്ന് പിന്മാറുമെന്നാണ് തീവ്രവാദികൾ കരുതിയത്. അങ്ങനെ അവർ അടുത്ത അഹ്മദി സഹോദരനോട് പറഞ്ഞു: 'അഹ്മദിയ്യത്തിൽ നിന്ന് പിന്മാറണം. അല്ലെങ്കിൽ നിങ്ങളുടെ ഇമാമിന്റെ അവസ്ഥ തന്നെയായിരിക്കും നിങ്ങൾക്കും ഉണ്ടാകുക.'

ആ സഹോദരൻ വളരെ ധൈര്യത്തോടെയും സ്ഥൈര്യത്തോടെയും പറഞ്ഞു: 'അഹ്മദിയ്യത്തിൽ നിന്ന് പിന്മാറാൻ സാധ്യമല്ല. ഏത് മാർഗത്തിലാണോ ഞങ്ങളുടെ ഇമാം ജീവൻ നൽകിയത് ഞങ്ങളും അതേ മാർഗത്തിലൂടെ ചരിക്കുന്നതാണ്.' അപ്പോൾ അവർ അദ്ദേഹത്തെയും നിറയൊഴിച്ച് ശഹീദാക്കി. തുടർന്നുള്ള ഓരോരുത്തരോടും ഇമാം മഹ്ദിയെ നിഷേധിക്കണമെന്നും അഹ്മദിയ്യത്ത് ഒഴിവാക്കണമെന്നും അങ്ങനെയായാൽ അവരെ ഒന്നും ചെയ്യുകയില്ലെന്നും ജീവനോടെ വിടുമെന്നും പറഞ്ഞു.

പക്ഷേ, എല്ലാ അഹ്മദികളും പർവ്വതസമാനമായ സ്ഥൈര്യം പ്രകടിപ്പിച്ചുകൊണ്ട് ധൈര്യപൂർവ്വം ശഹാദത്തിനെ ആലിംഗനം ചെയ്ത് സ്വീകരിച്ചു. ഒരാൾപോലും ദൗർബല്യം കാണിച്ചില്ല. അഹ്മദിയ്യത്തിനെ നിഷേധിച്ചുമില്ല. ഒന്നിനുശേഷം മറ്റൊന്നായി അവർ ശഹീദാക്കിക്കൊണ്ടിരിന്നു, എന്നാൽ, ആരുടെയും ഈമാൻ ചഞ്ചലപ്പെട്ടില്ല. എല്ലാവരും ഒന്നിനേക്കാൾ ഒന്ന് മികച്ച രീതിയിൽ ഉറച്ച വിശ്വാസവും ധൈര്യവും പ്രകടിപ്പിച്ചു. വിശ്വാസത്തിന്റെ പതാക ഉയർത്തിക്കൊണ്ട് അല്ലാഹുവിന്റെ തിരുസവിധത്തിൽ തങ്ങളുടെ ജീവൻ സമർപ്പിച്ചു.

ഓരോ ശഹീദിന്റെ നേരേയും ചുരുങ്ങിയത് മൂന്ന് നിറയൊഴിച്ചു. ആ ശുഹദാഇൽ രണ്ടുപേർ ഇരട്ട സഹോദരന്മാർ ആയിരുന്നു. എട്ടുപേരെ ശഹീദാക്കി കഴിഞ്ഞപ്പോൾ അവസാനം 44 വയസ്സുള്ള ഉമർ ആഗ് അബ്ദുർറഹ്മാൻ സാഹിബ് ബാക്കിയായി. പ്രായത്തിന്റെ അടിസ്ഥാനത്തിൽ ശുഹദാക്കളിൽ ഇദ്ദേഹമായിരുന്നു ഏറ്റവും ചെറുത്. ഉഗ്രവാദികൾ അദ്ദേഹത്തോട് ചോദിച്ചു. നിങ്ങൾ യുവാവാണ്. അഹ്മദിയ്യത്തിനെ നിഷേധിച്ചുകൊണ്ട് നിങ്ങൾക്ക് ജീവൻ രക്ഷിക്കാവുന്നതാണ്. അപ്പോൾ അദ്ദേഹം ധൈര്യപൂർവ്വം മറുപടി നൽകികൊണ്ട് പറഞ്ഞു: ഏത് മാർഗത്തിലൂടെയാണോ എന്റെ മുതിർന്ന ആളുകൾ ത്യാഗം ചെയ്തത് അത് സത്യമാർഗമാകുന്നു. ഞാനും എന്റെ ഇമാമിന്റെയും മഹത്തുക്കളുടെയും ചുവടുകളിലൂടെ നീങ്ങിക്കൊണ്ട് ഈമാനുവേണ്ടി എന്റെ ജീവൻ ത്യജിക്കാൻ തയ്യാറാണ്. അപ്പോൾ അവർ അദ്ദേഹത്തെയും നിർദയം ശഹീദാക്കി.

ഹദ്റത്ത് സാഹിബ് സാദാ അബ്ദുൽ ലത്വീഫ് സാഹിബ് ശഹീദിനെ അനുസ്മരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) തദ്കിറത്തു ശഹാദത്തയ്ൻ എന്ന പുസ്തകത്തിന്റെ ഒടുവിൽ ഒരു സ്വപ്നത്തെ കുറിച്ച് പരാമർശിക്കുന്നുണ്ട്. ഈ സ്വപ്നം പരാമർശിച്ചതിനു ശേഷം എഴുതുന്നു: "അല്ലാഹു നിരവധിപേരെ അദ്ദേഹത്തിന്റെ പ്രതിനിധികളായി സൃഷ്ടിക്കുന്നതാണ്."(തദ്കിറത്തുശ്ശഹാദത്തയ്ൻ, റൂഹാനീ ഖസാഇൻ വാള്യം 20, പേജ് 76)

അദ്ദേഹം തന്റെ സ്വപ്നത്തിന്റെ വ്യാഖ്യാനമെന്ന നിലയിൽ പറയുന്നത് സാഹിബ് സാദാ സാഹിബിന്റെ ശഹാദത്തിനുശേഷം അല്ലാഹു നിരവധിയാളുകളെ അദ്ദേഹത്തിന്റെ പ്രതിനിധികളായി സൃഷ്ടിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു എന്നാണ്.

നമ്മൾ സാക്ഷികളാണ്. ഇന്ന് ആഫ്രിക്കയിൽ വസിക്കുന്നവരും മൊത്തമായ നിലയിൽ അതിന്റെ മാതൃക കാണിക്കുകയും പ്രാതിനിധ്യത്തിന്റെ കടമ നിറവേറ്റുകയും ചെയ്തിരിക്കുന്നു.

ഉഗ്രവാദികൾ മസ്ജിദിൽ വന്നതുമുതൽ ചോദ്യോത്തരങ്ങളും വിശ്വാസത്തെ കുറിച്ച് വിശദമായി തർക്കിക്കുകയും ചെയ്തു കൊണ്ടിരുന്നു. എല്ലാം കഴിഞ്ഞ് മസ്ജിദിൽ നിന്ന് പോകുന്നതുവരെയും ഏറെക്കുറെ ഒന്നരമണിക്കൂർ സമ

യമാണുണ്ടായത്. ഈ സമയത്ത് കുട്ടികളും മറ്റംഗങ്ങളും എത്രമാത്രം അസ്വസ്ഥതയിലും പ്രയാസത്തിലുമാണ് കഴിഞ്ഞിട്ടുണ്ടാകുക എന്നത് ഊഹിക്കാവുന്നതേയുള്ളൂ. അവരുടെ മുന്നിൽ ആ മഹത്തുക്കളെ ശഹീദാക്കിക്കൊണ്ടിരുന്നു. മസ്ജിദിൽനിന്ന് ഉഗ്രവാദികൾ പെട്ടെന്ന് തന്നെ ഓടിപ്പോയില്ല. മറിച്ച് കുറെ നേരം മഹ്ദിയാബാദിൽത്തന്നെ ഉണ്ടായിരുന്നു. ആ ആയുധധാരികൾ മസ്ജിദിലുള്ളവരെ ഭീഷണിപ്പെടുത്തിക്കൊണ്ട് പറഞ്ഞു. നിങ്ങളെല്ലാവരും അഹ്മദിയ്യത്ത് ഉപേക്ഷിക്കുന്നതാണ് നല്ലത്. ഞങ്ങൾ വീണ്ടും വരുന്നതായിരിക്കും. നിങ്ങൾ അഹ്മദിയ്യത്ത് ഉപേക്ഷിക്കുന്നില്ലെങ്കിൽ അതല്ല ആരെങ്കിലും വീണ്ടും മസ്ജിദ് തുറക്കാൻ ശ്രമിക്കുകയാണെങ്കിൽ നിങ്ങളെല്ലാവരെയും കൊന്നൊടുക്കുന്നതാണ്.'

ഇനി മഹ്ദിയാബാദ് ജമാഅത്തിന്റെ ആരംഭം എപ്പോഴാണ്? അതിന്റെ ചരിത്രമെന്തായിരുന്നു?

ഇതിനെ കുറിച്ചെഴുതുന്നു: 1998 ന്റെ അവസാനത്തിൽ ഇവിടെ ഔദ്യോഗികമായി മിഷൻ ആരംഭിച്ചു. ജമാഅത്ത് ത്വരിതഗതിയിൽ പുരോഗതി പ്രാപിച്ചു. 1999 ടിക്നെവില്ലെ(Tickneville) ഗ്രാമത്തിലെ ഭൂരിഭാഗമാളുകളും അഹ്മദികളായി. ആത്മാർഥതയുള്ള ഒരു ജമാഅത്ത് അവിടെ സ്ഥാപിതമായി. ഈ ഗ്രാമത്തിലെ ഇമാം അൽഹാജ് ഇബ്റാഹീം ബദീഗ അഹ്മദിയ്യത്ത് സ്വീകരിക്കുന്നതിന് മുമ്പേ ഈ പ്രദേശത്തിലെ ഏറ്റവും വലിയ വഹാബി ഇമാമായിരുന്നു. അദ്ദേഹം ഒരുപാട് ഗവേഷണത്തിനുശേഷമാണ് ബയ്അത്ത് ചെയ്തത്. ബയ്അത്ത് ചെയ്തതിനുശേഷം ആവേശഭരിതനായ ദാഇ ഇല്ലല്ലായും ഒരു നിർഭയനായ മുബല്ലിഗും ധീരനായ യോദ്ധാവും എന്ന നിലക്ക് മുന്നിലുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു: ഞാൻ അതിനെ കുറിച്ച് തുടക്കത്തിൽ പറഞ്ഞിരുന്നില്ല. അദ്ദേഹം ബയ്അത്ത് ചെയ്തപ്പോൾ അദ്ദേഹത്തിന്റെ സുഹൃത്തുക്കളായ ചില പണ്ഡിതന്മാർ അദ്ദേഹത്തോട് പറഞ്ഞു, 'താങ്കളെന്തിനാണ് ഇതിൽ വിശ്വസിക്കുന്നത്?' അദ്ദേഹം പറഞ്ഞു: 'ഞാൻ സ്വർണ്ണം കണ്ടെത്തിയിരിക്കുന്നു. അല്ലാഹു അതെ കുറിച്ച് കൽപന നൽകിയിട്ടുണ്ട്. നബി(സ) തിരുമേനിയുടെ ഹദീഥുകളും കാര്യങ്ങളും പൂർത്തിയായിക്കൊണ്ടിരിക്കുന്നു. വിശുദ്ധ ഖുർആനും സാക്ഷ്യം നൽകുന്നു. എന്നിരിക്കെ എനിക്ക് എങ്ങനെയാണ് നിഷേധിക്കാൻ കഴിയുക. എനിക്ക് എങ്ങനെ പിന്തിരിയാൻ കഴിയും.

ഏതായാലും ഇമാം സാഹിബ് വളരെ വലിയ പാണ്ഡിത്യമുള്ള ആളായിരുന്നു. ഈ ഗ്രാമത്തിലെ എല്ലാ ആളുകളും തമാശഖ് ഗോത്രത്തിൽ പെട്ടവരായിരുന്നു. അവർ തമാശഖ് ഭാഷയാണ് സംസാരിച്ചിരുന്നത്. തമാശഖ് ആളുകളുടെ എണ്ണം രണ്ടു ലക്ഷത്തോളമുണ്ടെന്ന് പറയപ്പെടുന്നു. ഇവർ ബുർക്കിനാഫാസോ, നൈജർ, മാലി, അൾജീരിയ എന്നിവടങ്ങളിലാണ് വസിക്കുന്നത്. 99.9 ശതമാനം ആളുകളും മുസ്‌ലിമീങ്ങളാണ്. കൂടുതലും കടുത്ത വഹാബി ആശയക്കാരുമാണ്. തമാശഖ് ജനതയിൽ അഹ്മദി ആയവർ കൂടുതലൊന്നുമില്ല. എങ്കിലും ബുർക്കിനാഫാസോയിൽ മഹ്ദിയാബാദിലുള്ള തമാശഖ് വംശജർ ഹദ്റത്ത് മസീഹ് മൗഊദ്(അ)നു ബയ്അത്ത് ചെയ്യുന്നതിൽ പ്രഥമന്മാരായിരുന്നു. ഇപ്പോൾ ഇത്രയും വലിയൊരു ത്യാഗം ചെയ്തതുകൊണ്ട് തങ്ങൾക്കുള്ള പ്രത്യേകസ്ഥാനവും കരസ്ഥമാക്കിയിരിക്കുന്നു.

2004–ൽ ഈ പ്രദേശത്ത് സ്വർണ്ണത്തിന്റെ ഒരുപാട് ഖജനാവുകൾ കണ്ടെത്തിയിരുന്നു. അങ്ങനെ സ്വർണ്ണ ഖനന കമ്പനിക്കാർ ഈ ഗ്രാമത്തിന്റെ സമീപത്തുതന്നെ ഒരു പുതിയ സ്ഥലത്ത് വീടുകൾ ഉണ്ടാക്കി. അവിടേക്ക് താമസം മാറാൻ ആവശ്യപ്പെട്ടു. ഈ താമസം മാറിയവരിൽ ഭൂരിഭാഗവും അഹമദികളായിരുന്നു. മറ്റുള്ളവരുടെ ഏതാനും വീടുകളുമുണ്ടായിരുന്നു. ഈ പുതിയ ഗ്രാമം ഏറെക്കുറെ അഹ്മദികളുടേതായിരുന്നു. ഇബ്റാഹീം സാഹിബ് ഈ ഗ്രാമത്തിന് പഴയ പേരൊന്നും വെക്കണ്ടെന്ന് അഭിപ്രായപ്പെട്ടു. അങ്ങനെ അദ്ദേഹം എനിക്ക് ഈ ഗ്രാമത്തിന് പേര് വെക്കാൻ എഴുതി. തുടർന്ന് അതിന്റെ പേരെ മഹ്ദിയാബാദ് എന്ന് വെച്ചു. 2008–ൽ ഇവിടെ IAAAEയുടെ കീഴിൽ മോഡേൺവില്ലേജ് ഉണ്ടാക്കി. വെള്ളത്തിന്റെയും വൈദ്യുതിയുടെയും സൗകര്യങ്ങൾ ചെയ്തു കൊടുത്തു. ഇത് ബുർക്കിനാഫാസോയിൽ മാത്രമല്ല ലോകത്തുതന്നെ ആദ്യത്തെ മോഡൽ വില്ലേജ് പ്രൊജക്റ്റായിരുന്നു. അതിന്റെ കീഴിൽ ഗ്രാമത്തിൽ വൈദ്യുതി വെള്ളം തുന്നൽ സ്കൂൾ തുടങ്ങിയ സൗകര്യങ്ങൾ നൽകി. അവരെ ഖബറടക്കുന്നതിനെ സംബന്ധിച്ച് അവർ റിപ്പോർട്ടിൽ എഴുതുന്നു: 'ഉഗ്രവാദികൾ മസ്ജിദിൽ ഒന്നരമണിക്കൂർ ചെലവഴിച്ച് അന്തരീക്ഷത്തെ ഭയാനകമാക്കി. അവർ ശഹീദാക്കിയ ശുഹദാഇന്റെ മൃതദേഹങ്ങൾ അതേ സ്ഥലത്തുതന്നെ രാത്രി മുഴുവനും കിടന്നു. ഭീകരവാദികൾ ഗ്രാമത്തിൽനിന്ന് പുറത്ത് പോകാത്തതുകൊണ്ട് ആരെങ്കിലും മൃതദേഹം എടുക്കാൻ വരുകയാണെങ്കിൽ അവരെയും കൊല്ലുമോ എന്ന ആശങ്കനിലനിന്നിരുന്നു. അടുത്തുതന്നെ ആർമി ക്യാമ്പുണ്ട്. ഈ സംഭവത്തെ കുറിച്ച് അറിയിപ്പ് നൽകിയെങ്കിലും അവിടെ നിന്ന് ആരും വന്നില്ല. സെക്യൂരിറ്റിവിഭാഗത്തിന്റെ ആളുകളും രാവിലെവരെയും വന്നില്ല. ശുഹദാഇന്റെ ഖബറടക്കം ജനുവരി പന്ത്രണ്ടിനു രാവിലെ പത്തു മണിക്ക് മഹ്ദിയാബാദിൽ തന്നെ നടത്തി. ഇനി ഇവരിൽ ഓരോരുത്തരെ കുറിച്ചും ചുരുങ്ങിയ നിലയിൽ പറയാം.

ഇമാമായിരുന്ന അൽഹാജ് ഇബ്റാഹീം ബദീഗ സാഹിബിനെ കുറിച്ച് ആദ്യം പറഞ്ഞു കഴിഞ്ഞതാണ്. ശഹാദത്ത് വേളയിൽ അദ്ദേഹത്തിന് 68 വയസ്സായിരുന്നു. പഠന ആവശ്യാർഥം സഊദി അറേബ്യയിലും താമസിച്ചിട്ടുണ്ട്. തമാശഖ് ഭാഷയിൽ വളരെ വലിയ പണ്ഡിതനായിരുന്നു. ഈ ഭാഷയിൽ വിശുദ്ധ ഖുർആനിന്റെ വ്യാഖ്യാതാവുമായിരുന്നു. അദ്ദേഹം 1999–ൽ ബയ്അത്ത് ചെയ്തു. അഹ്മദിയ്യത്ത് സ്വീകരിക്കുന്നതിനു മുമ്പേ ഇമാം ഇബ്റാഹീം ബദീഗ സാഹിബ് നിരവധി ഗ്രാമങ്ങളുടെ ചീഫ് ഇമാമായിരുന്നു. ഈ പ്രദേശത്തെ മറ്റു പണ്ഡിതന്മാർ അദ്ദേഹത്തിന്റെ അടുത്ത് വന്നു ഇരിക്കുന്നതും വിജ്ഞാനം കരസ്ഥമാക്കുന്നതും തങ്ങളുടെ ഭാഗ്യമായി കരുതിയിരുന്നു. അങ്ങനെ എല്ലാ വർഷവും ചുരുങ്ങിയത് ഒരു തവണയെങ്കിലും ആ പ്രദേശത്തുള്ള ഉലമാഉം മുഅല്ലിമീങ്ങളും ഇമാമുമാരും അദ്ദേഹത്തിന്റെ അടുക്കൽ താമസിച്ച് പ്രയോജനമുൾക്കൊള്ളുമായിരുന്നു. ഇവരുടെ എണ്ണം അഞ്ഞൂറുവരെയും ആകാറുണ്ട്. ഒരാഴ്ച വരെയാണ് താമസിക്കാറുള്ളത്. പറയപ്പെടുന്നത്, ഈ പ്രദേശത്തെ ഉലമാഇന്റേയും ഇമാമുമാരുടേയും വാർഷികയോഗം അദ്ദേഹത്തിന്റെ അടുക്കലാണ് നടത്തിയിരുന്നത്. അദ്ദേഹത്തിന്റെ ശിഷ്യന്മാർ പറയുന്നു: 'ആ ദിവസങ്ങളിലും ഇമാം സാഹിബ് പലപ്പോഴും ഇങ്ങനെ പറയാറുണ്ടായിരുന്നു. ഇപ്പോൾ സത്യം വെളിപ്പെട്ടിട്ടില്ല. സത്യവും സത്യസാക്ഷ്യവും അംഗീകരിക്കുന്നവർ കുറവായിരിക്കും. നൂറുകണക്കിന് ഇമാമുമാർ എന്റെ അടുത്ത് ഇരിക്കുന്നുണ്ട്. പ്രത്യക്ഷത്തിൽ പരസ്പരം മുലിമീങ്ങളാണെന്ന് കരുതുകയും ചെയ്യുന്നു. എന്നാൽ, സത്യം വെളിപ്പെടുമ്പോൾ അംഗീകരിക്കുന്നവർ വളരെ കുറച്ചു പേരെ ഉണ്ടാകുകയുള്ളൂ. ഇവർ എന്റെ അടുക്കൽ നിന്നെഴുന്നേറ്റുപോകുന്നതുമാണ്.

നന്മയുണ്ടായിരുന്നു. തഖ്‌വാ ഉണ്ടായരുന്നു. ജ്ഞാനവും ഉണ്ടായിരുന്നു. അതുകൊണ്ട് കാലഘട്ടത്തിന്റെ അവസ്ഥകൾക്കനുസരിച്ച് കണക്കുകൂട്ടിയിരുന്നത് സത്യം വെളിപ്പെടാനുണ്ടെന്നും അതിനുശേഷം പ്രവാചകവിരോധികളുടെ ശീലമനുസരിച്ച് ഇവർ എതിർക്കുമെന്നുമാണ്. മാത്രമല്ല സത്യം എപ്പോൾ വെളിപ്പെട്ടാലും താൻ അത് അംഗീകരിക്കുമെന്നും അദ്ദേഹം മനസ്സിൽ ഉറപ്പിച്ചിരുന്നു.

1998 ൽ ഡോറിയിൽ അഹ്മദിയ്യാ മിഷൻ വീഔലെ ആരംഭിച്ചപ്പോൾ ഇമാം ഇബ്റാഹീമിനും അഹ്മദിയ്യാ സന്ദേശത്തിന്റെ അറിവു കിട്ടി. തബ്‌ലീഗി പ്രവർത്തനങ്ങൾക്കിടയിൽ ഒരു മാർക്കറ്റിൽ വെച്ചാണ് അൽഹാജ് ബദീഗ സാഹിബ് അഹ്മദിയ്യത്തിന്റെ നാമം ആദ്യമായി കേൾക്കുന്നത്. അഹ്മദികൾ ഈസാ നബിയുടെ മരണം പ്രഖ്യാപിക്കുന്നവരാണെന്നും മസീഹും മഹ്ദിയും വന്നു എന്ന സന്ദേശം നൽകുന്നവരാണെന്നുമുള്ള വിവരം കിട്ടിയപ്പോൾ ഇബ്റാഹീം ബദീഗ സാഹിബ് ഏഴു സുഹൃത്തുക്കളോടൊപ്പം ഒരു സംഘമായി സത്യാന്വേഷണത്തിന് ഡോറി മിഷൻ ഹൗസിലെത്തി. ഒരുപാട് ഗവേഷണങ്ങൾക്കുശേഷം അദ്ദേഹം അഹ്മദിയ്യത്ത് സ്വീകരിച്ചു. തന്റെ മേഖലയിൽ ആദ്യത്തെ അഹ്മദി എന്ന ബഹുമതി അദ്ദേഹത്തിനാണ്.

ദരിദ്രരായ ജനങ്ങളെ മോഹന വാഗ്ദാനങ്ങൾ നൽകിയാണ് ബയ്അത്ത് ചെയ്യിക്കുന്നതെന്നും ഇവർക്ക് ദീനിനെ കുറിച്ച് ഒരു അറിവുമില്ലെന്നുമെല്ലാം ശത്രുക്കൾ ആക്ഷേപിക്കുന്നുണ്ട്. ഈ ശുഹദാഅ് അവരുടെ വായടപ്പിച്ചിരിക്കുന്നു. സത്യം മനസ്സിലാക്കി സ്വീകരിക്കുകയും പിന്നെ ത്യാഗത്തിന്റെ ഏറ്റവും ഉയർന്ന നിലവാരം കാഴ്ചവെക്കുകയും ചെയ്തു.

എന്തായാലും ഇബ്റാഹീം ബദീഗ സാഹിബിനെ കുറിച്ച് കൂടുതൽ എഴുതുന്നു: 'ഞാൻ മുമ്പേ പറഞ്ഞതുപോലെ അദ്ദേഹം ജമാഅത്തിന്റെ വളരെ നിർഭയനായ പോരാളിയായിരുന്നു. ആരെയും ഭയക്കാത്ത ദായീ ഇലല്ലാഹ് ആയിരുന്നു. യഥാർഥ നിലയിൽ അഹ്മദിയ്യത്തിൽ ലീനനായ വ്യക്തിയായിരുന്നു. അദ്ദേഹത്തിന്റെ തബ്‌ലീഗി പരിശ്രമങ്ങൾ മുഖേന ആ പ്രദേശത്ത് മുഴുവനും അഹ്മദിയ്യത്തിന്റെ സന്ദേശം പരന്നു. നിരവധി ജമാഅത്തുകൾ സ്ഥാപിതമായി. അദ്ദേഹം ജമാഅത്തി പ്രോഗ്രാമുകളിൽ വളരെ ആവേശത്തോടെ ഭാഗഭാക്കായി. അഹ്മദിയ്യത്ത് സ്വീകരിക്കുന്നതിന് മുമ്പേ അദ്ദേഹത്തിന്റെ വിശ്വാസപ്രകാരം വഹാബികളല്ലാത്ത മറ്റെല്ലാ കക്ഷിക്കാരും കാഫിറായിരുന്നു. ടീ.വി കാണുന്നതും ഫുട്ബാൾ കളിക്കുന്നതും അതു കാണുന്നതും സ്കൂളിൽ പോകുന്നതും ഫോട്ടോ എടുക്കുന്നതുമെല്ലാം അന്ന് വഹാബികളുടെ വിശ്വാസപ്രകാരം അദ്ദേഹത്തിന്റെ വീക്ഷണത്തിൽ ഹറാമായിരുന്നു. എന്നാൽ, അഹ്മദിയ്യത്ത് സ്വീകരിച്ച് കഴിഞ്ഞപ്പോൾ ഈ അനാവശ്യ ചിന്താഗതികളിൽ നിന്ന് അദ്ദേഹം തന്നെ വേർപെടുത്തി. ജനങ്ങൾക്കും യാഥാർഥ്യം മനസ്സിലാക്കി കൊടുത്തു. 2000–ൽ ഇവിടെ യു.കെ.യിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്ന്റെ കാലഘട്ടത്തിൽ അദ്ദേഹത്തിന് ജൽസയിലും പങ്കെടുക്കാൻ തൗഫീഖ് ലഭിച്ചു.

തബ്‌ലീഗ് കാര്യം അദ്ദേഹത്തിന് ഒരു ഉന്മാദമായിരുന്നു. ഞാൻ പറഞ്ഞു വന്നതുപോലെ അഹ്മദിയ്യത്ത് സ്വീകരിക്കുന്നതിനു മുമ്പേയും അദ്ദേഹം വളരെ പ്രഭാവമുള്ള ആളും നിരവധി ഗ്രാമങ്ങളുടെ ചീഫ് ഇമാമുമായിരുന്നു. അഹ്മദിയ്യത്ത് സ്വീകരിച്ച ശേഷം അദ്ദേഹം, തന്നെ തബ്‌ലീഗിനു വേണ്ടി വഖ്ഫ് ചെയ്തു. അദ്ദേഹത്തിന് മറ്റൊന്നിനെ കുറിച്ചും ശ്രദ്ധയില്ലെന്ന് തോന്നുമായിരുന്നു. അദ്ദേഹം തബ്‌ലീഗിനു വേണ്ടി whatsapp ഗ്രൂപ്പുകൾ ഉണ്ടാക്കിയിരുന്നു. അതിൽ തമാശഖ് ഗോത്രത്തിലുള്ളവർക്ക് വേണ്ടി പ്രത്യേകമായ ഗ്രൂപ്പുമുണ്ടായിരുന്നു. ഈ ഗ്രൂപ്പിൽ മാലി, നൈജർ, ഘാന, സൗദി അറേബി, ലിബിയ, ടുണീഷ്യ, ഐവറി കോസ്റ്റ് മുതലായ രാജ്യങ്ങളിലെ ആളുകളുണ്ടായിരുന്നു. അദ്ദേഹം അവർക്ക് നിരന്തരം തബ്‌ലീഗ് ചെയ്തുകൊണ്ടിരുന്നു. ഓഡിയോ സന്ദേശങ്ങൾ റെക്കോർഡ് ചെയ്ത് രാപ്പകൽ അവർക്ക് അയച്ചുകൊണ്ടിരുന്നു. രാത്രിയാണെങ്കിലും പകലാണെങ്കിലും ഈ പ്രവർത്തനത്തിൽ വ്യാപൃതനായിരുന്നു. എതിരാളികൾ മറുപടി എന്നോണം തെറികൾ നിറഞ്ഞ സന്ദേശങ്ങൾ

അയക്കുമായിരുന്നു. ഏതായാലും എതിർപ്പുണ്ടായിരുന്നു. അദ്ദേഹത്തിന് വധഭീഷണിയും ഉണ്ടായിരുന്നു. പക്ഷേ, അദ്ദേഹം ആരോടും ദേഷ്യപ്പെട്ട് സംസാരിച്ചിരുന്നില്ല. മറിച്ച് വധഭീഷണി മുഴക്കുന്നവരോട് അദ്ദേഹം പറയുമായിരുന്നു ഞാൻ നിങ്ങൾക്ക് വണ്ടിച്ചെലവ് അയച്ചുതരാം എന്നെ വന്നു കൊന്നുകൊള്ളുക. അദ്ദേഹം മുബല്ലിഗുമാരോട് ഇങ്ങനെ പറയുമായിരുന്നു, 'തബ്ലീഗ് ചെയ്യേണ്ടതാണ്.' മുഅല്ലിംമാരോടും പറയുമായിരുന്നു. അവസ്ഥ മോശമാണ് അതുകൊണ്ട് ഞങ്ങൾ തബ്‌ലീഗി പര്യടനത്തിന് പോകില്ല എന്ന് പറയുന്നത് ഒഴികഴിവാണ്. അവസ്ഥകൾ മോശമാണെങ്കിൽ മീഡിയ മുഖേന തബ്‌ലീഗ് ചെയ്യുക ആരുടെയെങ്കിലും പക്കൽ ഫോണിലെ നെറ്റ് പാക്കേജിന് പൈസ ഇല്ലെങ്കിൽ എന്നിൽനിന്ന് വാങ്ങിക്കൊള്ളുക. സോഷ്യൽ മീഡിയ ഗ്രൂപ്പുകൾ ഉണ്ടാക്കുക. വീട്ടിൽ ഇരുന്നുകൊണ്ടുതന്നെ തബലീഗി ജിഹാദിൽ ഭാഗഭാക്കാകുക. അദ്ദേഹത്തിന് പ്രത്യേക ഉന്മാദവും ആവേശവുമായിരുന്നു.

മുറബ്ബി നാസിർ സിദ്ധു പറയുന്നു: 'ഞാൻ 1997–ലാണ് ബുർക്കിനാഫാസോയിൽ വന്നത്. ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ദ അവത്തെ ഇല്ലല്ലാഹ് ചുമതല ഏൽപിച്ചു. പറയുന്നു, എനിക്ക് ഭാഷ അറിയില്ലായിരുന്നു. അതുകൊണ്ട് പ്ലാനിങ് ചെയ്യാൻ മൂന്ന് മാസം സമയമെടുത്തു. അതിനുശേഷം ഗ്രാമങ്ങളിൽ പര്യടനം നടത്തി. ആദ്ദേഹത്തിന്റെ ഈ പറയുന്ന ഗ്രാമത്തിലെ ഇമാമിന്റെ അടുത്തുമെത്തി. അദ്ദേഹത്തിന് ഈസാനബിയുടെ മരണത്തിന്റെയും മസീഹും മഹ്ദിയും വന്നു എന്നതിന്റെയും അറിവ് കിട്ടിയപ്പോൾ ഇബ്‌റാഹീം ബദീഗ സാഹിബും മറ്റു ഏഴ് സുഹൃത്തുക്കളും നമ്മുടെ ഡോറിയിലുള്ള മിഷൻ ഹൗസിൽ വന്നു. അവിടെ ചോദ്യോത്തരങ്ങളുണ്ടായി. പറയുന്നു, മൂന്നുദിവസം അവർ എന്റെ അടുത്ത് താമസിച്ചു. ഈ മൂന്ന് ദിവസം അവർ ഉറങ്ങുകയോ എന്നെ ഉറങ്ങാൻ സമ്മതിക്കുകയോ ചെയ്തില്ല. അതിനുശേഷം അവർ തിരിച്ചുപോയി. എല്ലാ ദിവസവും രാവിലെ മുതൽ വൈകുന്നേരംവരെ സംഭാഷണം നടന്നിരുന്നു. അടുത്ത ആഴ്ച വീണ്ടും വന്നു. തന്റെ പുതിയ ഒരു ഇമാമിനെയും കൊണ്ടാണ് വന്നത്. ഈ അന്വേഷണപരമ്പര മൂന്ന് മാസത്തോളം നീണ്ടുനിന്നു. അദ്ദേഹത്തിന് മിക്കവാറും ചോദ്യങ്ങളുടെ മറുപടി കിട്ടിക്കഴിഞ്ഞിരുന്നു. എന്നാൽ, അഹ്മദിയ്യത്ത് സ്വീകരിക്കുന്നതിനെ കുറിച്ച് ഒരിക്കലും തന്റെ നിലപാട് വെളിപ്പെടുത്തിയില്ല. പറയുന്നു, ഏതായാലും ഞാൻ ഖലീഫത്തുൽ മസീഹ് റാബിഅ്ന് ദുആക്ക് കത്തയച്ചുകൊണ്ടിരുന്നു. ഒരു ദിവസം ഇമാം സാഹിബ് വന്ന് ബയ്അത്ത് ഫോറം പൂരിപ്പിച്ചു. ഞാൻ അദ്ദേഹത്തോട് ചോദിച്ചു, താങ്കളുടെ കൂടെ സ്ഥിരം വന്നിട്ടുണ്ടായിരുന്നവർ എവിടെ? അവർ എപ്പോഴാണ് സ്വീകരിക്കുക? അപ്പോൾ അദ്ദേഹം പറഞ്ഞു, അവർ എല്ലാവരും സ്വീകരിക്കും. പക്ഷേ, ഏറ്റവുമാദ്യം അഹ്മദിയ്യത്തിൽ പ്രവേശിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് ഞാൻ വന്നത്. അദ്ദേഹത്തിന് ഖിലാഫത്തിനോടു അനന്തമായ കൂറുണ്ടായിരുന്നു.

ബുർക്കിനാഫാസോ അമീർ സാഹിബ് എഴുതുന്നു: 'നാല്പത്തിയഞ്ചോളം ഗ്രാമങ്ങൾ അദ്ദേഹത്തിനു കീഴിലുണ്ടായിരിന്നു. അദ്ദേഹം ഹജ്ജ് ചെയ്യുകയും അവിടെ താമസിച്ച് വിദ്യാഭ്യസം നേടുകയും ചെയ്തിട്ടുണ്ട്. നല്ലപോലെ അറബി അറിയാമായിരുന്നു. സംസാരിക്കുകയും ചെയ്തിരുന്നു,.. ആ പ്രദേശത്ത് മുഴുവനും നല്ലപോലെ തബ്‌ലീഗ് ചെയ്തു. സൈക്കിളിൽ ഗ്രാമത്തിൽ പോകുമായിരുന്നു. ഈ പ്രദേശത്ത് നിരവധി ആളുകളെ അഹ്മദിയ്യത്തിന്റെ പ്രകാശത്താൽ പ്രഭാവപൂരിതരാക്കി. അദ്ദേഹം മുഖേന ഈ പ്രദേശത്തുള്ള വലിയ വലിയ പണ്ഡിതന്മാർ അഹ്മദിയ്യത്തിൽ പ്രവേശിച്ചു. ഇവിടെയുള്ള അധികം ജമാഅത്തുകളും അദ്ദേഹത്തിന്റെ ഫലമായിട്ടാണുണ്ടായത്. എപ്പോൾ ലണ്ടനിൽ പോകാൻ അവസരം ഉണ്ടാകുമ്പോഴും അദ്ദേഹം ഞങ്ങളോട് എപ്പോഴും കാലത്തിന്റെ ഖലീഫയുടെ സുഖവിവരം അന്വേഷിക്കുമായിരുന്നു. വലിയ സ്നേഹം പ്രകടിപ്പിച്ചിരുന്നു.

ഈ സ്നേഹത്തിന്റെ ഒരു ഉദാഹരണമായി പറയുന്നു. mta യിൽ കുട്ടികളോടൊപ്പമുള്ള എന്റെ ക്ലാസ് വരുമ്പോൾ ഉർദുഭാഷ തീരെ വശമില്ലാതിരുന്നിട്ടും വളരെ ശ്രദ്ധയോടെ അതെല്ലാം മനസ്സിലാകുന്നവരെപ്പോലെ കണ്ടുകൊണ്ട് ഇരിക്കുമായിരുന്നു. എന്നിട്ട് ഇങ്ങനെ പറഞ്ഞിരുന്നു, 'എന്നെ സംബന്ധിച്ചിടത്തോളം ഇവിടെ ഇരിക്കുന്നതും ഈ സദസ്സ് കാണുന്നതുംതന്നെ ഈമാനിനും അതിൽ വർദ്ധനയ്ക്കും നിമിത്തമാകുന്നു.

അതിഥി സൽക്കാരപ്രിയനും മൗനപ്രകൃതനുമായിരുന്നു. പക്ഷെ, ജമാഅത്തിനുവേണ്ടി സംസാരിക്കേണ്ടി വന്നാൽ പിന്നെ വളരെ വികാരഭരിതനായി സംസാരിക്കുമായിരുന്നു. ഒരു സമ്പൂർണനായ മുബല്ലിഗ് ആയിരുന്നു. അനഹ്മദികളുമായി ഒറ്റക്കും കൂട്ടായും അദ്ദേഹം നിരവധി സംവാദങ്ങളും ചോദ്യോത്തരങ്ങളും നടത്തിയിട്ടുണ്ട്.

ഇനി അവിടെയുള്ള മറ്റൊരു മുറബ്ബി മുഹിബ്ബുല്ലാഹ് സാഹിബ് പറയുന്നു: "എനിക്ക് ഈ മഹത്തുക്കളെയെല്ലാം അറിയാം. കാരണം ഞാൻ അവിടെ അധികവും പോകുമായിരുന്നു. ഖിലാഫത്തിനോട് അഗമ്യമായ സ്നേഹമുള്ളവരും അതിഥി സൽക്കാരപ്രിയരും കൂറുള്ളവരുമായിരുന്നു. പറയുന്നു, 'യുവാക്കൾ പകൽ മുഴുവനും ജോലിയിലായിരിക്കും. മുതിർന്ന ഈ ആളുകൾ മസ്ജിദിന്റെ മട്ടുപ്പാവിൽ ഇരുന്ന് mta കാണുമായിരുന്നു.' പറയുന്നു, 'ഇവരുടെ ശഹാദത്ത് ഉണ്ടായപ്പോൾ ഉടൻ തന്നെ ഞങ്ങളുടെ മുതിർന്ന ആളുകളെ ഇത്തരത്തിൽ ശഹീദ് ആക്കിയിരിക്കുന്നു എന്ന് പറഞ്ഞുകൊണ്ടുള്ള ഒരു യുവാവിന്റെ ഫോൺ കോൾ വന്നു. അവരോട് നിങ്ങൾ അഹ്മദിയ്യത്തിൽനിന്ന് പിന്മാറുകയാണെങ്കിൽ ഞങ്ങൾ നിങ്ങളെ വെറുതെ വിടാം എന്ന് പറയുന്നു. പക്ഷേ, അവർ ശഹാദത്തിനു മുൻഗണന നൽകി. ആ യുവാവ് പറയുകയാണ്, അവർ ഞങ്ങളെ മുഴുവനും ശഹീദാക്കിയാലും ഞങ്ങൾ അഹ്മദിയ്യത്തിൽ നിന്ന് പിൻമാറുന്നതല്ല.' ഇവർ എല്ലാവരും അൻസ്വാർ ആയിരുന്നു. ആ യുവാവ് പറയുന്നു, ഇവരെല്ലാവരും അൻസ്വാറായിരുന്നു. എന്നാൽ, ഞങ്ങൾ ഖുദ്ദാമിനെയും ലജ്നയെയും മറ്റും ശഹീദ് ആക്കുകയാണെങ്കിലും ഞങ്ങൾ അഹ്മദിയ്യത്ത് ഉപേക്ഷിക്കുന്നതല്ല. ഇൻശാ അല്ലാഹ്. ഈ ആത്മാവാണ് അദ്ദേഹം ഈ ആത്മാർഥരായ ജമാഅത്തിനുള്ളിൽ ഉണ്ടാക്കിയത്. മുതിർന്ന ആളുകൾക്ക് തർബിയ്യത്ത് ഉണ്ടാകുമ്പോൾ അവിടെ ആവേശവും വിശ്വാസവും ഉടലെടുക്കുന്നതാണ്.

പ്രാദേശിക മുബല്ലിഗ് മായിഗാ തേജാൻ സാഹിബ് പറയുന്നു. ഇമാം ഇബ്റാഹീം സാഹിബിനു വധഭീഷണി കിട്ടിക്കൊണ്ടേ ഇരുന്നു. ശഹാദത്തിന് കുറച്ച് ദിവസങ്ങൾക്ക് മുമ്പേ അദ്ദേഹം എന്നോട് പറഞ്ഞു, 'എനിക്ക് വധഭീഷണി കിട്ടിക്കൊണ്ടിരിക്കുന്നു. ഇവർ എന്നെ വധിക്കുന്നതാണ്.' അദ്ദേഹത്തിന്റെ സൽസ്വഭാവത്തെ കുറിച്ച് പറയുന്നു,'അദ്ദേഹം കുടുംബത്തോടും ബന്ധുക്കളോടും വളരെ നല്ല രീതിയിൽ പെരുമാറിയിരുന്നു. എല്ലാവരോടും സഹാനുഭൂതി കാണിക്കുന്നത് അദ്ദേഹത്തിന്റെ സ്വാഭാവമായിരുന്നു. മറ്റുള്ളവർക്കുവേണ്ടി ത്യാഗം ചെയ്യുന്നതും ത്യാഗസന്നദ്ധതയും പ്രകടമായ സ്വഭാവമായിരുന്നു. ഈ പ്രദേശത്തുള്ള വളരെ ബഹുമാന്യനായ വ്യക്തിത്വമായിരുന്നു. ജനങ്ങൾ അദ്ദേഹത്തെ വളരെയേറെ ആദരിച്ചിരുന്നു.

ഇബ്റാഹീം സാഹിബ് എന്തെങ്കിലും തീരുമാനം എടുക്കുകയോ പറയുകയോ ചെയ്താൽ ജനങ്ങൾ അതിനെ വിലമതിക്കുകയും അംഗീകരിക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തിന് നിരവധി ശിഷ്യന്മാർ ഉണ്ടായിരുന്നു. അവരിൽ ചിലർ നമ്മുടെ അയൽരാജ്യങ്ങളിൽ ഇമാമുമാരും മുഅല്ലിമുമാരുമായി സേവനം അനുഷ്ഠിക്കുന്നു. ബുർക്കിനാഫാസോയിലെ പ്രാദേശിക മിഷണറി എന്നീ നിലകളിൽ ഒരുപാട് പേർ പ്രവർത്തിക്കുന്നുണ്ട്. നമ്മയിലും തഖ്‌വായിലും നന്മയിൽ മുന്നേറുന്ന കാര്യത്തിലും മറ്റുള്ളവർക്ക് ഒരു മാതൃകയായിരുന്നു. ജമാഅത്തിന് മുന്നിൽ എന്ത് ആഹ്വാനം ഉണ്ടായാലും അതിൽ ഏറ്റവുമാദ്യം സ്വയം ഭാഗഭാക്കാകുമായിരുന്നു.

എന്തെങ്കിലും സാമ്പത്തികാഹ്വാനം ഉണ്ടാകുമ്പോൾ ഏറ്റവുമാദ്യം അതിൽ പങ്കാളിയാകുമായിരുന്നു. ജമാഅത്തി പ്രവർത്തനങ്ങൾ ജൽസയോ ഇജ്തിമായോ മറ്റു പ്രവർത്തനങ്ങളോ ആകട്ടെ, ഒരിക്കലും പിന്മാറിയിരുന്നില്ല. അഞ്ചു നമസ്കാരങ്ങളും മസ്ജിദിൽ അനുഷ്ഠിക്കുമായിരുന്നു. തഹജ്ജുദ് നമസ്കാരം കൃത്യമായി അനുഷ്ഠിച്ചിരുന്നു. ഏതെങ്കിലും ജമാഅത്തി പരിപാടിയിൽ അദ്ദേഹം ഇല്ലെങ്കിൽ അതിന്റെ അർഥം അദ്ദേഹം രോഗിയോ അല്ലെങ്കിൽ യാത്രയിലോ ആയിരിക്കും എന്നാണ്. ജമാഅത്തി പ്രവർത്തനങ്ങളിൽ ഭാഗഭാക്കാകാൻ ഒരിക്കലും ചെലവുകൾ പരിഗണിച്ചിരുന്നില്ല. അദ്ദേഹം രണ്ടു വിവാഹങ്ങൾ ചെയ്തിട്ടുണ്ട്. അതിൽ അല്ലാഹു അദ്ദേഹത്തിന് പതിനൊന്ന് മക്കളേയും പ്രദാനം ചെയ്തിട്ടുണ്ട്.

മുറബ്ബി ഖാലിദ് മഹ്മൂദ് സാഹിബ് എഴുതുന്നു: 'ഇവർ എല്ലാവരും ആത്മാർഥതയുടെയും കൂറിന്റേയും പരിമളമുള്ളവരായിരുന്നു. ഖിലാഫത്തിനോട് സ്നേഹവും ആത്മാർപ്പണവുമുള്ള അഹ്മദികളായിരുന്നു. 2008–ൽ ഞാൻ ഖിലാഫത്ത് ജൂബിലിയുടെ വർഷം ഘാനയിൽ പര്യടനത്തിന് പോകുകയും അവിടെ ജൽസയിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. ആയിരക്കണക്കിന് അഹ്മദികൾ ബുർക്കിനാഫാസോ മാലി തുടങ്ങിയ സ്ഥലങ്ങളിൽ നിന്ന് എന്നെ കാണാൻ വന്നിരുന്നു. ആ സന്ദർഭത്തിൽ ഘാന ജമാഅത്ത് ആതിഥ്യവും താമസ സൗകര്യവും നല്ല രീതിയിൽ ചെയ്തിരുന്നുവെങ്കിലും ഡോറിയിൽ നിന്ന് വന്നിരുന്ന ഈ ഏതാനും സഹോദരങ്ങൾക്ക് ഭക്ഷണം കിട്ടുന്നത് വൈകുകയോ ഭക്ഷണം കിട്ടാതിരിക്കുകയോ ഉണ്ടായി. പിന്നെ കുറെ നേരത്തിനുശേഷം രാത്രി മാർക്കറ്റിൽനിന്ന് വാങ്ങി കൊടുക്കുകയാണുണ്ടായത്. അപ്പോൾ ഞാൻ മുറബ്ബി സാഹിബിനോടു അവരെ കണ്ടു ക്ഷമാപണം ചെയ്യാനും എന്റെ ഭാഗത്തുനിന്ന് അവർക്ക് സ്നേഹം അറിയിക്കാനും പറഞ്ഞു. പക്ഷേ, അവിടെ ഉണ്ടായിരുന്നവരെല്ലാം ഏക സ്വരത്തിൽ പറഞ്ഞു, 'ഞങ്ങൾ കാലത്തിന്റെ ഖലീഫയെ കാണാനും കൂടിക്കാഴ്ച നടത്താനുമാണ് വന്നത്. ഞങ്ങൾ കാണുകയും കൂടിക്കാഴ്ച നടത്തുകയും ചെയ്തപ്പോൾ ഞങ്ങളുടെ ക്ഷീണവും വിശപ്പുമെല്ലാം ഇല്ലാതായിരിക്കുന്നു. ഞങ്ങൾക്ക് ഒരു പരാതിയുമില്ല. മാത്രമല്ല ഞങ്ങൾ കൂടിയിരുന്നു മുലാഖാത്തിനെ കുറിച്ച് സംസാരിക്കുകയും അതിൽ ആനന്ദം കൊള്ളുകയുമാണ്. ഏതായിരുന്നാലും ഞാനും ആ സമയത്ത് അസ്വസ്ഥനായിരുന്നു. കാരണം ഇവർ നീണ്ട യാത്ര കഴിഞ്ഞ് വന്നവരാണ്. ഒരുപാടാളുകൾ ആ സമയത്ത് സൈക്കിളിലാണ് വന്നിരുന്നത്. അവർക്കുള്ള സംവിധാനം ഉണ്ടായിരുന്നില്ല. പെട്ടെന്നുതന്നെ ഏർപ്പാടുകൾ ചെയ്യാൻ ശ്രമിക്കുകയുണ്ടായി. പക്ഷേ, മറുഭാഗത്ത് അവരുടെ ആത്മാർഥതയും കൂറും അത്ഭുതാവഹമായിരുന്നു. ആ സമയത്തും എനിക്ക് അവരുടെ സന്ദേശം ലഭിച്ചിരുന്നു. ഞാൻ ആ സമയത്തും ആശ്ചര്യപ്പെട്ടുപോയി. അവർ എത്ര ഉറച്ച വിശ്വാസികളാണ്.

മുഅല്ലിം അൽഹാജ് മഹ്മൂദ് ഡെക്കോ സാഹിബ് പറയുന്നു: 'ശരീഫ് ഔദേ സാഹിബ് ബെനിനിൽ പര്യടനത്തിന് വന്നപ്പോൾ ഇമാം സാഹിബ് ബുർക്കിനാഫാസോ ബസ്സിൽ രാത്രി യാത്ര ചെ

യ്ത് ആയിരം കിലോമീറ്റർ താണ്ടി രാവിലെ മൂന്ന് മണിക്ക് അവിടെ എത്തി. മുപ്പത് മണിക്കൂറുകൾ ദുഷ്കരമായ യാത്രയായിരുന്നു. അവിടെ റോഡുകളും അത്ര നല്ലതല്ലായിരുന്നു. പക്ഷേ, അദ്ദേഹം നല്ല സന്തോഷത്തിലായിരുന്നു. വീണ്ടും മുന്നോട്ടു യാത്ര ഉണ്ടായിരുന്നു. അത് അദ്ദേഹത്തോടൊപ്പം ചെയ്തു. എല്ലാ പ്രോഗ്രാമുകളിലും പങ്കെടുക്കുകയും ചെയ്തു.

അദ്ദേഹത്തിന്റേത് ജമാഅത്തുപരമായ സേവനത്തിന് ഒരു പ്രത്യേക ആവേശമായിരുന്നു. ബെനിനിലുള്ള മസ്ജിദുകൾ കണ്ടപ്പോൾ വളരെ സന്തോഷത്തോടുകൂടി പറഞ്ഞു. നോക്കുക! ഇതും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യത്തിനുള്ള ഒരു തെളിവാകുന്നു. അതുപോലെ അനഹ്മദികളോടുള്ള സംവാദത്തിലും അദ്ദേഹം വളരെ സാഹിത്യ ചാതുരിയോടെ പ്രഭാഷണങ്ങൾ നടത്തിയിരുന്നു. ശരീഫ് ഔദേ സാഹിബുമായും മൗലവിമാരുടെ ഒരു സംവാദം ഉണ്ടായിരുന്നു. ആ സമയത്ത് അവർ എന്തോ തെറ്റായ കാര്യം പറഞ്ഞപ്പോൾ അദ്ദേഹം എഴുന്നേറ്റ് ദേഷ്യത്തിൽ മറുപടി നൽകാൻ ആഗ്രഹിച്ചു. എന്നാൽ, അദ്ദേഹത്തെ നിശ്ശബ്ദനാക്കിയപ്പോൾ ഉടൻതന്നെ ഇരിക്കുകയും ചെയ്തു. തുടർന്ന് അനഹ്മദികൾ പറഞ്ഞു, 'നിങ്ങൾ ഞങ്ങളെ മുസ്ലിമീങ്ങളാണെന്ന് മനസ്സിലാക്കുന്നുവെങ്കിൽ ഞങ്ങളുടെ പിന്നിൽ നമസ്കരിക്കുക. ആ സമയത്ത് അദ്ദേഹം എഴുന്നേറ്റുനിന്ന് പറഞ്ഞു: 'ഞങ്ങളെ കാഫിർ എന്ന് പറയുകയും ഞങ്ങളുടെ ഇമാമിനെ സ്വീകരിക്കാൻ തയ്യാറാകാതിരിക്കുകയും ചെയ്യുന്നവരുടെ പിന്നിൽ ഞങ്ങൾക്ക് എങ്ങനെയാണ് നമസ്കരിക്കാൻ കഴിയുക? ഹദ്റത്ത് മസീഹ് മൗഊദ്(അ) കാലത്തിന്റെ ഇമാമാണെന്ന് അംഗീകരിക്കുകയാണെങ്കിൽ ഞങ്ങൾ അങ്ങനെ നമസ്കരിക്കുന്നതുമാണ്.'

ബെനിനിലെ ഒരു തദ്ദേശ റിട്ടയേർഡ് മുഅല്ലിം പറയുന്നു: 'അദ്ദേഹം കാലത്തിന്റെ ഖലീഫയോടുള്ള സ്നേഹത്തിനുള്ള ഒരു ജീവൽ ചിത്രമായിരുന്നു.' അദ്ദേഹം പറയാറുണ്ടായിരുന്നു, എനിക്ക് ഒരു പാക്കിസ്താനി മുബല്ലിഗാണ് അഹ്മദിയ്യത്തിന്റെ സന്ദേശം നൽകിയത്. ഞാൻ ആ ദിവസം മുതൽ അഹ്മദിയായിഴിഞ്ഞിരിക്കുന്നു.

ലോകത്തിന്റെ മോക്ഷം ഖിലാഫത്തു വ്യവസ്ഥിതിയുമായി മാത്രം ബന്ധപ്പെട്ടിരിക്കുന്നുവെന്നും അതുതന്നെയാണ് യഥാർഥ വഴിയെന്നും ഞാൻ പഠിച്ചിരിക്കുന്നു. മരണശ്വാസം വരെയും ഞാൻ അതിൽ നിൽക്കുന്നതായിരിക്കും.

മുഅല്ലിം സാഹിബ് പറയുന്നു: 'അദ്ദേഹം പറഞ്ഞത് യഥാർഥത്തിൽ ചെയ്ത് കാണിക്കുകയും ചെയ്തു.'

ബെനിനിലെ തദ്ദേശ മുഅല്ലിം ഈസാ സാഹിബ് പറയുന്നു: 'എനിക്ക് ഒരു നീണ്ട കാലമായി അദ്ദേഹവുമായി ബന്ധമുണ്ട്. അദ്ദേഹം ആരോടും തർക്കമുള്ള അഹ്മദിയായിരുന്നില്ല. അദ്ദേഹം എല്ലാ കർമങ്ങളിലും മുൻപന്തിയിലുണ്ടായിരുന്ന യഥാർഥ അഹ്മദിയായിരുന്നു. തബ്ലീഗിലും ചന്ദയിലും എല്ലാ കാര്യത്തിലും പ്രഥമനായിരുന്നു. അതുകൊണ്ടുതന്നെയാണ് മറ്റു എട്ട് അൻസ്വാർ അദ്ദേഹത്തിന്റെ പിന്നിൽ ലബ്ബയ്ക്ക് പറഞ്ഞുകൊണ്ട് തങ്ങളുടെ ജീവൻ അല്ലാഹുവിന്റെ സവിധത്തിൽ ത്യജിക്കുന്നവരായത്.

ബുർക്കിനാഫാസോ ജാമിഅ പ്രിൻസിപ്പാൾ എഴുതുന്നു: 'ആരോ ഒരാൾ സ്വപ്നം കണ്ടിരുന്നു. അപ്പോൾ ഖലീഫത്തുൽ മസീഹ് റാബിഅ് ജമാഅത്ത് അമീറിന് ഇങ്ങനെ എഴുതി: 'അനുഗൃഹീതമായ സ്വപ്നമാണിത്. അതിന്റെ അർഥം ആ രാജ്യത്തിന്റെ മണ്ണ് ഫലഫൂയിഷ്ടമാണെന്നാണ്.' എന്റെ പര്യടനത്തിന് ശേഷം ഇൻശാ അല്ലാഹ് അത് സത്യത്തെ സ്വീകരിച്ചുകൊണ്ട് പ്രകാശത്താൽ ശോഭിതമാകും. അല്ലാഹു അങ്ങനെ തന്നെ വരുത്തുമാറാകട്ടെ."(കത്ത് അഡീഷണൽ വക്കീലുത്തബ്ശീർ സാഹിബ്, ലണ്ടൻ T3360, 1990, ജൂൺ 19)

ഞാൻ മനസ്സിലാക്കുന്നത് അവിടെ ഖലീഫത്തുൽ മസീഹ് റാബിഅ്ന്റെ പര്യടനം ഉണ്ടായില്ല. ഏതായാലും 2004 ലാണ് ഞാൻ അവിടെ സന്ദർശനത്തിന് പോയത്. അതിനുശേഷം ബുർക്കിനാഫാസോയുടെ മണ്ണിൽ അഹ്മദിയ്യത്തിന്റെ വിത്ത് വിതക്കപ്പെട്ടിരിക്കുന്നു. ഇനി അത് വേഗം തന്നെ ശാശ്വത ഫലങ്ങൾ നൽകുമെന്ന് എനിക്ക് പൂർണമായും ഉറപ്പുണ്ടായിരുന്നു.'

ബുർക്കിനാഫാസോയിലെ ജനങ്ങൾ തീർച്ചയായും വളരെ മഹത്തുക്കളാകുന്നു. അല്ലാഹു അവരെ അഹ്മദിയ്യത്തിന്റെ പ്രകാശത്താൽ പ്രശോഭിതരാക്കിയതിൽ ഞാൻ സന്തോഷവാനാണ്. ഞാൻ ബുർക്കിനാഫാസോയിലെ ജമാഅത്തംഗങ്ങളിൽ കണ്ട ഉണർവ് അത്ഭുതാവഹമാണ്. വരുന്ന രണ്ടു മൂന്ന് വർഷങ്ങൾക്കകം പര്യടനത്തിന്റെ അതിമഹത്തായ ഫലങ്ങൾ വെളിപ്പെടുകയും ജമാഅത്ത് ത്വരിതഗതിയിൽ പുരോഗതി പ്രാപിക്കുകയും ചെയ്യും. ഇൻശാ അല്ലാഹ്. (കത്ത് T9553, 2004,മെയ് 1)

ഇതു ഞാൻ എന്റെ സന്ദർശനത്തിനു ശേഷം അവർക്ക് എഴുതിയതായിരുന്നു. ആഫ്രിക്കയിലെ ജമാഅത്തുകളിൽ ബുർക്കിനാഫാസോയിലെ അഹ്മദികളിൽ ഞാൻ ഒരു പ്രത്യേക കാര്യം കണ്ടിട്ടുണ്ട്. കൂടിക്കാഴ്ചയുടെ അവസരത്തിൽ ഓരോരുത്തരും ആലിംഗനം ചെയ്യാൻ ശ്രമിച്ചിരുന്നു. പിന്നെ അവരുടെ സ്നേഹവും കാണേണ്ടത് തന്നെയായിരുന്നു. പ്രിൻസിപ്പാൾ സാഹിബ് എഴുതുന്നു: 'ഇന്ന് മഹ്ദിയാബാദിലെ ആത്മാർഥരായ ആളുകൾ അനിതരസാധാരണമായ ത്യാഗങ്ങൾ നൽകിക്കൊണ്ട് തീർച്ചയായും വളരെ വലിയ മഹത്തുക്കളാണെന്ന് അങ്ങ് എഴുതിയതിനെ സാധൂകരിച്ചിരിക്കുന്നു.'

രണ്ടാമത്തേത് അൽഹസൻ ആഗ് മാലിയേൽ (Alhassane Ag Maliel) സാഹിബാണ്. ശഹാദത്ത് വേളയിൽ അദ്ദേഹത്തിന് 71 വയസ്സായിരുന്നു. കർഷകനായിരുന്നു. 1999-ൽ അഹ്മദിയ്യത്ത് സ്വീകരിച്ചു. ഗ്രാമത്തിലെ പ്രാരംഭ അഹ്മദികളിൽ ഉൾപ്പെടുന്നു. ഇബ്റാഹീം സാഹിബിനോടൊപ്പം ഡോറി മിഷനിൽ പോയിട്ടുണ്ടായിരുന്ന ഗവേഷക സംഘത്തിലും ഭാഗഭാക്കായിരുന്നു. അദ്ദേഹം ബയ്അത്ത് ചെയ്തതിനു ശേഷം വിശ്വസ്തതയിലും കൂറിലും പുരോഗതി പ്രാപിച്ചു കൊണ്ടിരുന്നു. ഖിലാഫത്തുമായി അഗാധമായ കൂറുണ്ടായിരുന്നു. ജമാഅത്തായ നമസ്കാരത്തിൽ കൃത്യനിഷ്ഠയുള്ളയാളും തഹജ്ജുദ് അനുഷ്ഠിക്കുന്ന ആളും ചന്ദകളുടെ കാര്യത്തിൽ കൃത്യനിഷ്ഠയുള്ള വ്യക്തിയും തന്റെ കുടുംബത്തിന് നല്ല മാതൃക സ്ഥാപിച്ച വ്യക്തിയുമായിരുന്നു. പൊതുവിൽ ജമാഅത്തിനുവേണ്ടി അദ്ദേഹം ജീവനും സമ്പത്തും സമയവും കൊണ്ട് ചെയ്ത ത്യാഗങ്ങൾ അസാധാരണമായിരുന്നു. ഇദ്ദേഹം ബുർക്കിനാഫാസോയിലെ നാലഞ്ചു വ്യത്യസ്ത തദ്ദേശ ഭാഷകൾ സംസാരിച്ചിരുന്നു. അതുകൊണ്ട് അദ്ദേഹത്തിന്റെ സുഹൃത്‌വലയം രാജ്യത്തിലെ മുഴുവൻ ജമാഅത്തുകളിലുമുണ്ട്. ജൽസ സാലാനയുടെ അവസരത്തിൽ മറ്റു റീജ്യണുകളിൽനിന്ന് വന്നിരുന്നവരുമായി ഭാഷ അറിയുന്ന കാരണത്താൽ വളരെ ഇഴുകിച്ചേരുമായിരുന്നു. ആളുകൾ അദ്ദേഹത്തെ വളരെയധികം ഇഷ്ടപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ സദസ്സിലിരുന്നു സന്തോഷിച്ചിരുന്നു. ജമാഅത്തിന്റെ ഏത് പദ്ധതിയുടെ ആഹ്വാനമാണെങ്കിലും അതിൽ ആവേശപൂർവം ഭാഗഭാക്കായിരുന്നു. കഴിഞ്ഞവർഷം ജമാഅത്ത് വഖ്ഫു ആർസിക്കുവേണ്ടി ആഹ്വനം ചെയ്തപ്പോൾ മഹ്ദിയാബാദിൽനിന്ന് ഇദ്ദേഹമാണ് ആദ്യം പേര് എഴുതിച്ചത്. മഹ്ദിയാബാദിലെ ദുഖകരമായ സംഭവത്തിൽ അദ്ദേഹത്തിന്റെ ഇരട്ട സഹോദരനായ ഹുസയ്ൻ ആഗ് മാലിയേൽ സാഹിബും ശഹീദാകുകയുണ്ടായി .

ഹുസയ്ൻ ആഗ് മാലിയേൽ സാഹിബ് ഇരട്ട സഹോദരന്മാരിൽ പെട്ട ആളായിരുന്നു എന്ന് പറഞ്ഞിരുന്നുവല്ലോ. ഇദ്ദേഹവും 71 വയസ്സ് പ്രായമുള്ള ആളായിരുന്നു. 1999-ൽ തന്നെയാണ് ബയ്അത്ത് ചെയ്യാനുള്ള തൗഫീഖ് ലഭിച്ചത്. ഗ്രാമത്തിലെ ആദ്യകാല അഹ്മദികളിൽ ഉൾപ്പെടുന്നു. അൽഹാജ് ഇബ്റാഹീമിന്റെ കൂടെ ഡോറി മിഷനിൽ പോയ ഗവേഷക സംഘത്തിൽ പങ്കാളിയായിരുന്നു. ഇപ്പോൾ മഹ്ദിയാബാദിൽ സഈം അൻസ്വാറുല്ലാഹ് എന്ന നിലക്ക് സേവനത്തിന് തൗഫീഖ് ലഭിച്ചു കൊണ്ടിരിക്കുകയായിരുന്നു. അൻസ്വാർ സഹോദരങ്ങളെ വളരെ നല്ല രീതിയിൽ സംഘടിപ്പിക്കാനുള്ള കഴിവുണ്ടായിരുന്നു. അവരെ ജമാഅത്തിന്റെ പരിപാടികളിലും മറ്റും കർമ നിരതരാക്കിയിരുന്നു. തർബ്ബിയത്തിന്റെ വിവിധ പ്രോഗ്രാമുകൾ നടത്തിയിരുന്നു. മസ്ജിദ് വൃത്തിയാക്കുകയും മറ്റു സ്ഥലങ്ങളിൽ വഖാറെ അമലും നടത്തിയിരുന്നു. ചന്ദകളിൽ കൃത്യനിഷ്ഠയുള ആളായിരുന്നു. അഞ്ചുനേരം നമസ്കാരങ്ങൾ മസ്ജിദിൽ വന്നു അനുഷ്ഠിക്കുമായിരുന്നു. തഹജ്ജുദ് നമസ്കാരത്തിൽ കൃത്യനിഷ്ഠ പാലിച്ചിരുന്നു. മഹ്ദിയാബാദിലെ ദുഖകരമായ സംഭവത്തിൽ ഞാൻ പറഞ്ഞതുപോലെ ഇദ്ദേഹത്തിന്റെ ഇരട്ട സഹോദരനോടൊപ്പം ശഹീദായി. അവർ രണ്ടു പേരും ഒരേ ദിവസം ഈ ലോകത്തു വരുകയും ഒരേ ദിവസം തന്നെ ലോകത്തുനിന്ന് പോകുകയും ചെയ്തു.

ഹമീദോ ആഗ് അബ്ദുർറഹ്മാൻ സാഹിബ്. ഇദ്ദേഹത്തിന് 67 വയസ്സായിരുന്നു. തൊഴിൽപരമായി ഇദ്ദേഹവും കർഷകനായിരുന്നു. 1999-ലാണ് ഇദ്ദേഹവും അഹ്മദിയ്യത്ത് സ്വീകരിച്ചത്. വളരെ ശുദ്ധഹൃദയനും നിർമല സ്വാഭാവിയുമായിരുന്നു. ജമാഅത്തു പരിപാടികളിൽ പങ്കെടുക്കുന്നതിൽ എപ്പോഴും മുൻപന്തിയിലുണ്ടായിരുന്നു. ഏതെങ്കിലും പ്രോഗ്രാമിന് അദ്ദേഹം സന്നിഹിതനായില്ലെങ്കിൽ എന്തെങ്കിലും വളരെ തിരക്കുപിടിച്ച പണിയോ അല്ലെങ്കിൽ രോഗിയോ ആയിരിക്കുമെന്ന് ഉറപ്പായിരുന്നു. അതല്ലാതെ പങ്കെടുക്കാതിരിക്കുമായിരുന്നില്ല. ഇമാം ഇബ്റാഹീം സാഹിബിന്റെ സഹായിയായ സുഹൃത്തുക്കളിൽ ഉൾപ്പെട്ടിരുന്നു. തന്റെ കുടുംബത്തെയും ജമാഅത്തു സംവിധാനവുമായി ചേർത്ത് നിറുത്താനും ജമാ

## ത്വാലിബെ ദുആ

**'ഏതു കാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞ വാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക.'**

**(സന്ദേശം, ജൽസാസാലാന ഡന്മാർക്ക് 2019)**



SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)

## • കലാമുൽ ഇമാം •

**'ഇസ്തിഖാമത്ത് അഥവാ സ്ഥൈര്യം കൈവരിക്കാൻ സ്വലാത്ത് ഒരു ഉഗ്രമായ മാർഗമാണ്. ധാരാളമായി ചൊല്ലുക. ആചാരവും ശീലവുമെന്ന നിലയിലല്ല; പ്രത്യുത നബി(സ)തിരുമേനിയുടെ സൗന്ദര്യവും ഔദാര്യവും പരിഗണിച്ചുകൊണ്ട്. അവിടത്തെ പദവികളുടേയും നിലകളുടേയും അഭിവൃദ്ധിക്കുവേണ്ടി. അവിടത്തെ വിജയത്തിനുവേണ്ടി.'(മൽഫൂദാത്ത് വാള്യം 3, പേജ് 38)**

**ത്വാലിബെ ദുആ: K.Muhammad Shareef &Family Ahmadiyya Jama-ath Vaniyambalam, Kerala**

അത്തുപ്രോഗ്രാമുകളിൽ പങ്കെടുക്കാനും ഉപദേശിച്ചിരുന്നു. അഹ്മദിയ്യ ഖിലാഫത്തുമായി ആത്മാർഥമായ കൂറുണ്ടായിരുന്നു. ഒരുപാടു നേരം മസ്ജിദിൽ കഴിച്ചുകൂട്ടുമായിരുന്നു. mta പ്രോഗ്രാമുകൾ കണ്ടിരുന്നു. പ്രത്യേകിച്ചും ഖുത്ബ വളരെ കൃത്യമായും ശ്രദ്ധയോടെയും കേട്ടിരുന്നു.

സ്വുൽഹ്(Souley) ആഗ് ഇബ്റാഹീം. ശഹാദത്ത് വേളയിൽ ഇദ്ദേഹത്തിന് 67 വയസ്സായിരുന്നു. ഇദ്ദേഹവും കർഷകനായിരുന്നു. ജമാഅത്തായ നമസ്കാരത്തിൽ വളരെ ശ്രദ്ധാലുവും ചന്ദകൾ കൃത്യമായും കൊടുക്കുകയും ചെയ്തിരുന്നു. മജ്ലിസ് അൻസ്വാറുല്ലായുടെ ഊർജ്ജസ്വലനായ അംഗവും ജമാഅത്തിലെ വളരെ നിസ്വാർഥ വ്യക്തിയുമായിരുന്നു. ഇബ്റാഹീം സാഹിബിന്റെ വലംകൈയ്യും സഹായിയുമായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അറിവുള്ള ആളായിരുന്നു. വൈജ്ഞാനിക ചർച്ചകൾ നടത്തുന്നത് അദ്ദേഹത്തിന്റെ സ്വഭാവമായിരുന്നു. ജമാഅത്തിൽ അൻസ്വാർ അംഗങ്ങൾ വൈജ്ഞാനിക സംഭാഷണങ്ങൾ നടത്തുമ്പോൾ അദ്ദേഹവും ആ സദസ്സിൽ ഉണ്ടാകുമായിരുന്നു. വളരെ നിർമലനും സൽസ്വഭാവത്തിന്റെ ഉടമയുമായിരുന്നു. എല്ലാ വലിയവരോടും ചെറിയവരോടും നല്ല രീതിയിൽ വർത്തിക്കുന്നത് അദ്ദേഹത്തിന്റെ സ്വഭാവമായിരുന്നു. ജൽസ സാലാനയിലും ഇജ്തിമായിലും പങ്കെടുക്കാൻ ആർക്കെങ്കിലും ചെലവിനില്ലെങ്കിൽ അതല്ലെങ്കിൽ കുറവുണ്ടെങ്കിൽ ഇദ്ദേഹം അവർ പങ്കെടുക്കുന്നതിനുവേണ്ടി അവരെ സഹായിക്കുമായിരുന്നു. ഇന്നും ഡോറി എന്ന സ്ഥലത്തു നിന്ന് പുറത്തേക്ക് യാത്ര ചെയ്യുന്നതിന് വളരെ ധൈര്യം ആവശ്യമാണ്. കാരണം എല്ലാ ഭാഗത്തും തീവ്രവാദികൾ ഭയം വിതച്ചിരിക്കുന്നു. പക്ഷേ, എന്നിട്ടും എല്ലാ പ്രയാസങ്ങളും കണ്ടിട്ടും മഹ്ദിയാബാദിൽനിന്ന് ഡിസംബർ അവസാന ആഴ്ചയിലെ ബുർക്കിനാഫാസോയുടെ ജൽസ സാലനയിൽ പങ്കെടുക്കുകയുണ്ടായി.

അടുത്തത് ഉഥ്മാൻ ആഗ് സൗദേ(Usman Ag Soudeye) സാഹിബാണ്. അദ്ദേഹത്തിന് 59 വയസ്സായിരുന്നു. ആത്മാർഥനും ത്യാഗ സന്നദ്ധനുമായ അഹ്മദിയായിരുന്നു. ജമാഅത്തിനുവേണ്ടി സമ്പത്തും സമയവും ത്യാഗം ചെയ്തിരുന്നു. അവസാനം അല്ലാഹു ജീവത്യാഗത്തിനും തൗഫീഖു നൽകി. മഹ്ദിയാബാദിലെ മസ്ജിദ് നിർമാണ വേളയിൽ വെള്ളം എത്തിക്കുമായിരുന്നു. നിർമാണപ്രവർത്തനങ്ങളിൽ തുടർച്ചയായി സഹായിച്ചുകൊണ്ടിരുന്നു. ആവേശപൂർവ്വം അതിൽ ഭാഗഭാക്കായിരുന്നു. നമസ്കാരത്തിൽ ബദ്ധശ്രദ്ധനും ചന്ദകളിൽ കൃത്യനിഷ്ഠയുള്ള ആളുമായിരുന്നു. സമ്പാദിച്ചുകൊണ്ട് വരുമ്പോൾ ഏറ്റവുമാദ്യം ചന്ദയുടെ തുക നൽകുമായിരുന്നു. ഇത്തരം ചിന്താഗതിയുള്ളവർ എതിരാളികൾ പറയുന്നതുപോലെ പൈസയുടെ അത്യാഗ്രഹത്തിലാണോ ബയ്അത്ത് ചെയ്യുന്നത്. ഇദ്ദേഹം കച്ചവടക്കാരനായിരുന്നു. പാദരക്ഷകൾ വിൽപനയായിരുന്നു. ചെരുപ്പ് വാങ്ങാൻ കഴിവില്ലാത്തവനോ പൈസ കുറവുള്ളവരോ ആണെങ്കിൽപോലും ആരെയും വെറും കൈയോടെയും നഗ്നപാദരായും തിരിച്ചയക്കുമായിരുന്നില്ല. പൈസ ഇല്ലെങ്കിലോ പൈസ കുറവാണെങ്കിലോ സാരമില്ല പിന്നീട് തന്നാൽ മതി എന്ന് പറയുമായിരുന്നു.

അടുത്തത് ആഗ് അലി ആഗ് മാഗോയിൽ(Maguel) സാഹിബാണ്. 1970–ലാണ് ഇദ്ദേഹം ജനിച്ചത്. തന്റെ പിതാവിനോടൊപ്പം 1999–ൽ അഹ്മദിയ്യത്ത് സ്വീകരിച്ചു. കർഷകനായിരുന്നു. ബിലാരെ(Bilare) അഹ്മദിയ്യ ജമാഅത്തിൽ ബാങ്ക് കൊടുക്കുന്ന ആളുമായിരുന്നു. കുറച്ചു വർഷങ്ങൾക്കുമുമ്പേ ഭീകരവാദികൾ കാരണം അദ്ദേഹത്തിന് തന്റെ ഗ്രാമത്തിൽ നിന്ന് മാറേണ്ടതായി വന്നു. അങ്ങനെ മഹ്ദിയാബാദിൽ താമസമായി. വളരെ ആത്മാർഥമായ അഹ്മദി ആയിരുന്നു. നമസ്കാരങ്ങളിലും ചന്ദകളിലും കൃത്യനിഷ്ഠയുള്ള ആളായിരുന്നു. ജമാഅത്തിന്റെ എല്ലാ പരിപാടികളിലും ആവേശപൂർവ്വം പങ്കെടുത്തിരുന്നു.

അടുത്തത് മൂസ ആഗ് ഇദ്റാഹി(Idrahi) സാഹിബാണ്. ശഹാദത്ത് വേളയിൽ 53 വയസ്സായിരുന്നു. ഇദ്ദേഹവും കർഷകനാണ്. ജമാഅത്തു പ്രവർത്തനങ്ങളിൽ എപ്പോഴും മുന്നിലുണ്ടായിരുന്നു. അഹ്മദി ആകുന്നതിനുമുമ്പേ വഹാബി കക്ഷിയുടെ ഊർജ്ജസ്വലനായ അംഗമായിരുന്നു. നമസ്കാരത്തിൽ ബദ്ധശ്രദ്ധനും തഹജ്ജുദ് കൃത്യമായി അനുഷ്ഠിക്കുന്ന ആളുമായിരുന്നു. മഗ്രിബ് നമസ്കാരത്തിന് മസ്ജിദിൽ വന്നാൽ ഇശാ നമസ്കാരത്തിനുശേഷം മാത്രമാണ് തിരിച്ചുപോയിരുന്നത്. മഗ്രിബ് മുതൽ ഇശാ വരെയുള്ള സമയം മസ്ജിദിൽ കഴിച്ചുകൂട്ടുകയും ദൈവസ്മരണയിൽ മുഴുകുകയും ചെയ്തിരുന്നു. അദ്ദേഹത്തെ സംബന്ധിച്ച് എല്ലാവരും സാക്ഷ്യപ്പെടുത്തുന്നത് അദ്ദേഹം യഥാർഥ അഹ്മദി വിശ്വാസിയും ആത്മാർഥതയും ത്യാഗശീലവുമുള്ള അഹ്മദിയുടെ കർമമാതൃകയുമായിരുന്നു എന്നാണ്. എനിക്ക് കൃത്യമായി ദുആക്ക് വേണ്ടി കത്തുകൾ അയച്ചിരുന്നു. ഞാനും കാലത്തിന്റെ ഖലീഫയ്ക്കുവേണ്ടി കൃത്യമായി ദുആ ചെയ്യുന്നുണ്ടെന്ന് എഴുതുകയും ചെയ്തിരുന്നു.

ഒൻപതാമത്തെയാൾ ആഗ് ഉമർ ആഗ് അബ്ദുർറഹ്മാൻ ആകുന്നു. ശഹാദത്ത് വേളയിൽ 44 വയസ്സായിരുന്നു. ഞാൻ പറഞ്ഞിരുന്നതുപോലെ ഏറ്റവും ചെറിയ പ്രായം ഇദ്ദേഹത്തിനായിരുന്നു. 1999–ൽ ഇരുപത് വയസ്സുള്ളപ്പോഴാണ് അദ്ദേഹം അഹ്മദിയ്യത്ത് സ്വീകരിച്ചത്. പിന്നീട് ജമാഅത്തിനോടുള്ള ബന്ധത്തിലും കൂറിലും അഭിവൃദ്ധിപ്പെട്ടുകൊണ്ടിരുന്നു. മഹ്ദിയാബാദ് ജമാഅത്തിലെ വളരെ ആത്മാർഥതയും കൂറുമുള്ള അംഗമായിരുന്നു. ഇമാം ഇബ്റാഹീം സാഹിബിന്റെ വലം കൈയായിരുന്നു. മഹ്ദിയാബാദിൽ നാഇബ് ഇമാമുസ്സ്വലാത്തും ആയിരുന്നു. തീവ്രവാദികൾ മസ്ജിദിൽ പ്രവേശിച്ച് ഇമാം ഇബ്റാഹീം സാഹിബിനെ ചോദിച്ചതിനു ശേഷം പിന്നെ നാഇബ് ഇമാം ആരാണെന്ന് ചോദിക്കുകയുണ്ടായി. അപ്പോൾ അദ്ദേഹം ഒരു സങ്കോചവും കൂടാതെ താൻ തന്നെയാണെന്ന് പറഞ്ഞു. അദ്ദേഹം എപ്പോഴും മസ്ജിദിലെത്തിയിരുന്ന ആദ്യവ്യക്തികളിൽ പെടുന്നു. വളരെ ആർദ്രതയോടുകൂടി നമസ്കാരങ്ങൾ അനുഷ്ഠിച്ചിരുന്നു. തഹജ്ജുദ് നമസ്കാരത്തിൽ കൃത്യനിഷ്ഠയുള്ള ആളായിരുന്നു. കുട്ടികളെയും മസ്ജിദിലേക്ക് കൊണ്ടു വരികയും അവരുടെ തർബിയത്തിൽ വളരെയേറെ ശ്രദ്ധിക്കുകയും ചെയ്തിരുന്നു. ഇദ്ദേഹവും എനിക്ക് വളരെ കൃത്യമായി കത്തയക്കുമായിരുന്നു. സൈക്കിൾ ഓടിക്കുന്നതിൽ വളരെ നിപുണനായിരുന്നു. മുഴുവൻ നാട്ടിലും നീണ്ട നീണ്ട യാത്രകൾ ചെയ്തിരുന്നു. നാലു തവണ ഡോറിയിൽ നിന്ന് 265 കിലോമീറ്റർ അകലെ വാഗാ ഡാഗൂ എന്ന സ്ഥലത്ത് ഖുദ്ദാമുൽ അഹ്മദിയ്യാ ഇജ്തിമയിൽ പങ്കെടുത്തിട്ടുണ്ട്. 2008–ൽ ഖിലാഫത്ത് ജൂബിലി ജൽസയിൽ ബുർക്കിനാഫാസോയിൽ നിന്ന് സൈക്കിൾ ചവിട്ടി ഘാനയിലേക്ക് പോയ സംഘത്തിലും ഉൾപ്പെട്ടിരുന്നു.

എല്ലാ പേരിനോടൊപ്പവും പറയുന്ന ആഗ് എന്ന പദം ഞാൻ മനസ്സിലാക്കുന്നത് ഇവരുടെ റിപ്പോർട്ടുകളിൽ നിന്ന് മനസ്സിലാകുന്നതും ഇന്ന ആളുടെ മകൻ എന്നാണ്. ആഗ് എന്നാൽ ഇന്നയാളുടെ മകൻ എന്നാണ്. ഏതായിരുന്നാലും ഇദ്ദേഹത്തെ സംബന്ധിച്ച് കൂടുതൽ ഇങ്ങനെയും എഴുതിയിരിക്കുന്നു. എട്ടുപേരെ ശഹീദാക്കി കഴിഞ്ഞപ്പോൾ അവസാനം ആഗ് ഉമർ ആഗ് അബ്ദുർറഹ്മാൻ സാഹിബ് ബാക്കിയായി. പ്രായത്തിൽ ഏറ്റവും ചെറിയ ആളായിരുന്നു. ഭീകരവാദികൾ അദ്ദേഹത്തോട് ചോദിച്ചു. നിങ്ങൾ യുവാവാണ്. അഹ്മദിയ്യത്തിനെ നിഷേധിച്ചുകൊണ്ട് നിങ്ങൾക്ക് ജീവൻ രക്ഷിക്കാം. അപ്പോൾ അദ്ദേഹം വളരെ ധൈര്യപൂർവ്വം ഇങ്ങനെ മറുപടി കൊടുത്തു. ഏത് മാർഗത്തിലാണോ എന്റെ മുതിർന്നവർ ജീവൽത്യാഗം വരിച്ചത് ഞാനും എന്റെ ഇമാമിന്റെയും മുതിർന്നവരുടെയും കാലടികളിലൂടെ ചലിച്ചുകൊണ്ട് ഈമാനുവേണ്ടി ജീവത്യാഗം വരിക്കാൻ തയ്യാറാണ്. അപ്പോൾ വളരെ ദാരുണമായി അദ്ദേഹത്തിന്റെ മുഖത്തേക്ക് വെടിയുതിർത്തത് ശഹീദാക്കുകയായിരുന്നു.

ബുർക്കിനാഫാസോയിൽ പൊതുവെ അവസ്ഥകൾ മോശമാണ്. ഭീകരവാദികൾ മുഴുവൻ പ്രദേശത്തും നെഞ്ചുവിരിച്ച് നടക്കുന്നു. കുറച്ചുദിവസം മുമ്പേ ദീനിയ(Denea) മജ്ലിസിലെ ഖാഇദ് സാഹിബ് കേന്ദ്ര മിഷൻ ഹൗസിൽ വന്നിരുന്നു. അദ്ദേഹം പറയുന്നു: എന്റെ ഗ്രാമത്തിൽ എനിക്ക് പലചരക്ക് കടയാണുള്ളത്. ഒരു ദിവസം തീവ്രവാദികളിൽ ഒരാൾ അദ്ദേഹത്തിന്റെ കടയിൽ വന്നു. ഇത് വേറെ ഒരു പ്രദേശമാണ്. എന്തോ സാധനം വാങ്ങാൻ വന്നതാണ്. പിന്നെ ചുറ്റുപാടും നോക്കി. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെയും ഖലീഫമാരുടെയും ഫോട്ടോകൾ കടയിൽ തൂക്കിയിരുന്നു. അയാൾ ഖാഇദ് സാഹിബിനോടു ചോദിച്ചു. ഇവർ ആരാണ്? ആരുടെ ഫോട്ടോകളാണ് നിങ്ങൾ കടയിൽ വെച്ചിട്ടുള്ളത്? ഖാഇദ് സാഹിബ് പറഞ്ഞു: ഇത് മസീഹ് മൗഊദിന്റെയും ഖലീഫമാരുടെയും ഫോട്ടോകളാകുന്നു. അയാൾ പറഞ്ഞു: മസീഹ് മൗഊദ് അല്ല. മറിച്ച് ചില മുസ്ലിമീങ്ങൾ കൂടി ഒരു ഗ്രൂപ്പ് ഉണ്ടാക്കിയതാണ്. ഇവർ കാഫിറുകളാകുന്നു. അവിടെനിന്നും പോകുന്നതിനുമുമ്പേ ഖാഇദ് സാഹിബിനെ ഭീഷണിപ്പെടുത്തിക്കൊണ്ട് പറഞ്ഞു: ഈ ഫോട്ടോ ഇവിടെനിന്ന് മാറ്റണം. അടുത്ത തവണ ഞാൻ വരുമ്പോൾ ഇതിവിടെ കണ്ടാൽ നിന്റെ അവസ്ഥ മോശമായിരിക്കും. ഏതായാലും ഖാഇദ് സാഹിബ് ആ ഫോട്ടോകൾ അവിടെ തന്നെ വെക്കുകയുണ്ടായി. കുറച്ച് ദിവസത്തിനുശേഷം അയാൾ വീണ്ടും എന്തോ വാങ്ങുന്നതിനുവേണ്ടി വന്നപ്പോൾ ഫോട്ടോകളെല്ലാം അവിടെ കാണുകയുണ്ടായി. അതെല്ലാം നോക്കി അയാൾ പോയി. പറയുന്നു: ഖാഇദ് സാഹിബ് ഈ സംഭവങ്ങളെല്ലാം ഞങ്ങളോട് പറഞ്ഞു. കൂടാതെ വേറെയും ഫോട്ടോകൾ കൊണ്ടുവന്നു. അദ്ദേഹം ഭയപ്പെടുന്നതിനു പകരം മറ്റു സ്ഥലങ്ങളിലും ഫോട്ടോകൾ തൂക്കുകയാണ് ചെയ്തത്. പറയുന്നു, ഈ മുഴുവൻ പ്രദേശവും നീണ്ട കാലമായി ഭീകരവാദികളുടെ നിയന്ത്രണത്തിലാണ്. ഭരണകൂടത്തിന് അവിടെ ഒരു നിയന്ത്രണവുമില്ല. ഈ പ്രദേശം മാലിയുടെ അതിർത്തിയാണ്. അതല്ലെങ്കിൽ മറുഭാഗത്ത് ഡോറി നൈജറിന്റെ അതിർത്തിയുമായി ചേരുന്നു. ഈ മുഴുവൻ പ്രദേശവും ഏറെക്കുറെ ഇവരുടെ നിയന്ത്രണത്തിലാണുള്ളത്.

ഏതായാലും അഹ്മദിയ്യത്തിന്റെ പ്രകാശം വിതറിയിരുന്ന നക്ഷത്രങ്ങളാകുന്നു ഇവർ. ഇവർ തങ്ങൾക്കു പിന്നിൽ ഒരു മാതൃകയും വിട്ടാണ് പോയത്. അല്ലാഹു അവരുടെ സന്തതികളെയും തലമുറകളെയും ആത്മാർഥതയിലും കൂറിലും മുന്നേറുന്നവരാക്കുമാറാകട്ടെ. ശത്രു കരുതുന്നത് ഈ ശഹാദത്തുകൾകൊണ്ട് ഈ പ്രദേശത്ത് അഹ്മദിയ്യത്തിനെ ഇല്ലാതാക്കാം എന്നാണ്. എന്നാൽ, ഇൻശാ അല്ലാഹ് നേരത്തേതിലും അധികം അഹ്മദിയ്യത്ത് ഇവിടെ വലുതാവുകയും വളരുകയും ചെയ്യുന്നതാണ്. അവിടെയുള്ള സംവിധാനവും അമീർ സാഹിബും യുക്തിഭദ്രമായ നിലയിൽ തബ്ലീഗി പ്രോഗ്രാമുകൾ ഉണ്ടാക്കണം. മാത്രമല്ല ജനങ്ങൾക്ക് സാന്ത്വനം നൽകുകയും വേണം. അല്ലാഹു സന്തപ്ത കുടുംബങ്ങൾക്ക് സഹനവും കരുത്തും നൽകുകയും അവരുടെ മുതിർന്നവരും ഏതൊരു ഉദ്ദേശ്യത്തിന് വേണ്ടിയാണോ തങ്ങളുടെ ജീവൻ കാഴ്ചവെച്ചത്, അതിന്റെ പ്രാധാന്യം മനസ്സിലാക്കാനും തൗഫീഖ് നൽകുമാറാകട്ടെ. ഏതായിരുന്നാലും യുക്തിയോടും ആസൂത്രണത്തോടുംകൂടി നമ്മൾ അവിടെ പ്രവർത്തിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് ഞാൻ നേര

ത്തെയും അവരോട് പറഞ്ഞിട്ടുണ്ട്.

ശുഹദാഇന്റെ കുടുംബങ്ങളുടെ ആവശ്യങ്ങൾ പൂർത്തീകരിക്കാനും അവരെ സ്വയം പര്യാപ്തരാക്കുന്നതിനും വേണ്ടി നാലാം ഖിലാഫത്ത് കാലത്തുതന്നെ സയ്യിദുനാ ബിലാൽ ഫണ്ട് എന്ന പേരിൽ ഒരു ഫണ്ട് സ്ഥാപിച്ചിട്ടുണ്ട്. അതിൽനിന്ന് ശുഹദാക്കൾക്ക് ചെലവ് നൽകപ്പെടുന്നു. ഇന്ന് ഈ സംഭവത്തിനുശേഷം പലരും വ്യക്തിപരമായും സംഘടനാപരമായും ജമാഅത്തും ഈ ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിനു വേണ്ടി കുറേ തുക അവർക്ക് വേണ്ടി അയച്ചു കൊണ്ടിരിക്കുന്നു. എന്നാൽ ഒരു ഫണ്ട് സ്ഥാപിതമായിരിക്കെ എല്ലാവരും തങ്ങളുടെ തുകകൾ എത്ര കൊടുക്കാൻ ആഗ്രഹിക്കുകയാണെങ്കിലും സയ്യിദുനാ ബിലാൽ ഫണ്ടിൽ അടക്കേണ്ടതും പിന്നെ ഇത്രയും തുക അടച്ചു എന്നും പ്രത്യേകിച്ചും ഞങ്ങളുടെ ഉദ്ദേശ്യം ഡോറി മഹ്ദിയാബാദിലെ ശുഹദാഇന് വേണ്ടിയാണെന്നും അറിയിക്കുകയാണെങ്കിൽ കേന്ദ്രം അതനുസരിച്ച് തീരുമാനം എടുക്കുന്നതാണ്. തുകകൾ വന്നാലും ഇല്ലെങ്കിലും കേന്ദ്രം അവരുടെ ആവശ്യങ്ങൾ ശ്രദ്ധിക്കുകയും പൂർത്തിയാക്കുകയും ചെയ്യുന്നതായിരിക്കും ഇൻശാ അല്ലാഹ്. എന്നാൽ, ആരെങ്കിലും കൊടുക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഈ ഫണ്ടിൽ അതായത് സയ്യിദുനാ ബിലാൽ ഫണ്ടിൽ തുകകൾ അടക്കേണ്ടതാണ്. ഇത് ശുഹദാക്കളുടെ കുടുംബത്തിന്മേലുള്ള ഔദാര്യമൊന്നും അല്ല. അവരുടെ ആവശ്യങ്ങൾ ശ്രദ്ധിക്കുകയും പൂർത്തീകരിക്കുകയും ചെയ്യേണ്ടത് നമ്മുടെ കടമയാണ്.

അവസാനമായി ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ്(അ)ന്റെ ഒരു ഉദ്ധരണി സമർപ്പിക്കാം. ആ മഹാത്മാവ് പറയുന്നു: 'അല്ലാഹു നിങ്ങളെ പാഴാക്കിക്കളയുമെന്ന് കരുതരുത്. നിങ്ങൾ അല്ലാഹുവിന്റെ കൈകളാൽ ഭൂമിയിൽ വിതയ്ക്കപെട്ട ഒരു വിത്താകുന്നു. അല്ലാഹു പറയുന്നു, ഈ വിത്ത് മുളയ്ക്കുകയും പുഷ്പിക്കുകയും നാനാ ഭാഗത്തും അതിന്റെ ശാഖകൾ പരക്കുകയും ഒരു വൻ വൃക്ഷമായി തീരുകയും ചെയ്യും, ഇൻശാ അല്ലാഹ്! അല്ലാഹുവിന്റെ വാക്കുകളിൽ വിശ്വസിക്കുകയും ഇടയ്ക്കുണ്ടാകുന്ന പരീക്ഷണങ്ങളിൽ ഭയപ്പെടാതിരിക്കുകയും ചെയ്യുന്നവൻ സൗഭാഗ്യവാൻ. കാരണം പരീക്ഷണങ്ങൾ വരേണ്ടതും അനിവാര്യമാകുന്നു. അല്ലാഹു നിങ്ങളെ പരീക്ഷിക്കുന്നതിന് വേണ്ടി.'(അൽവസിയ്യത്ത്, റൂഹാനീ ഖസാഇൻ, വാള്യം 20, പേജ് 309)

ചുരുക്കത്തിൽ ഈ ത്യാഗം ചെയ്തവർ പരീക്ഷണത്തിൽ വിജയിച്ചു. ഇനി പിന്നിലുള്ളവരുടെ വിശ്വാസത്തിന്റെയും അനുഭവജ്ഞാനത്തിൽ മുന്നേറുന്നതിന്റെയും പരീക്ഷണ ഘട്ടമാണുള്ളത്. അല്ലാഹു അവർക്കും നമുക്കും നമ്മുട വിശ്വാസത്തെയും അനുഭവജ്ഞാനത്തെയും പരിപക്വമാക്കുവാൻ സൗഭാഗ്യം നൽകുമാറാകട്ടെ. അല്ലാഹു ആ ശുഹദാഇന്റെ സ്ഥാനം ഉയർത്തുമാറാകട്ടെ. അവരുടെ ത്യാഗങ്ങൾക്ക് ഹദ്റത്ത് മുഹമ്മദ് റസൂലുല്ലാഹ്(സ)ന്റെ യഥാർഥ അധ്യാപനം എത്രയും വേഗം ലോകത്ത് നമുക്ക് പരക്കുന്നതായി കാണുന്ന തരത്തിൽ ഫലങ്ങളും പുഷ്പങ്ങളുമായി മാറട്ടെ. ജഹാലത്ത് ലോകത്ത് നിന്ന് വിപാടനം ചെയ്യപ്പെടുകയും ഏക ദൈവത്തിന്റെ യഥാർഥ രാജാധികാരം ഭൂമിയിൽ സ്ഥാപിതമാകുകയും ചെയ്യുമാറാകട്ടെ.

ഈ ശുഹദാഇന്റെ ജനാസയോടൊപ്പം രണ്ടു ആത്മാർഥരായ വ്യക്തികളുടെ ജനാസ കൂടി ഞാൻ നമസ്കരിക്കുന്നതാണ്. അതിലൊന്ന് ഡോക്ടർ കരീമുല്ലാഹ് സേർവി സാഹിബ് ആണ്. ഇദ്ദേഹം സൂഫി ഖുദാ ബഖ്ശ് സേർവി സാഹിബിന്റെ മകനാകുന്നു. അമേരിക്കയിൽ താമസിക്കുന്നു. ജനുവരി നാലാം തിയതി എൺപത്തി മൂന്നാമത്തെ വയസ്സിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി രാജിഊൻ.* അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു. ഇദ്ദേഹത്തിന്റെ പിതാവ് സൂഫി ഖുദാ ബഖ്ശ് സാഹിബ് 1928-ൽ 17-ാ മത്തെ വയസിൽ ഖാദിയാനിൽ പോയി ഖലീഫ ഥാനിയുടെ കൈയിൽ ബയ്അത്ത് ചെയ്തു. കരീമുല്ലാഹ് സേർവി സാഹിബ് ഹദ്റത്ത് മലിക് സയ്ഫുർറഹ്മാൻ സാഹിബിന്റെ ജാമാതാവുമായിരുന്നു. വലിയ വിജ്ഞാനമുള്ള ആളായിരുന്നു. ഇദ്ദേഹം പല പുസ്തകങ്ങളും എഴുതിയിട്ടുണ്ട്. ജമാഅത്തുപരമായ സേവനങ്ങൾക്കും അദ്ദേഹത്തിന് തൗഫീഖ് ലഭിച്ചിരുന്നു. അല്ലാഹു അദ്ദേഹത്തോട് പൊറുമയോടും കരുണയോടും വർത്തിക്കുമാറാകട്ടെ.

രണ്ടാമത്തെ ജനാസ സേർവി സാഹിബിന്റെ ഭാര്യ അമത്തുൽ ലത്വീഫ് സേർവി സാഹിബയുടേതാണ്. ഇവർ കരീമുല്ലാഹ് സേർവി സാഹിബിന്റെ ഭാര്യയാകുന്നു. അമേരിക്കയിലാണ് താമസിച്ചിരുന്നത്. മലിക്ക് സൈഫുർറഹ്മാൻ സാഹിബിന്റെ മകളാണ്. ഇവർ ജനുവരി ആറിന് തന്റെ ഭർത്താവിന്റെ മരണത്തിനു രണ്ടു ദിവസത്തിനു ശേഷം 78-ാം വയസ്സിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി രാജിഊൻ* മർഹൂമ മൂസിയ ആയിരുന്നു. ഞാൻ പറഞ്ഞതുപോലെ മലിക് സയ്ഫുർറഹ്മാൻ സാഹിബിന്റെ മകളുമായിരുന്നു. അവരുടെ മാതാവിന്റെ പേര് റശീദ ശൗക്കത്ത് എന്നാണ്. ഇവർ റബ്വയിലെ മിസ്ബാഹ് മാസികയുടെ എഡിറ്ററായിരുന്നു. ഖാദിയാനിലാണ് ജനിച്ചത്. നല്ല പാണ്ഡിത്യമുള്ള സ്ത്രീയായിരുന്നു. നല്ല വിദ്യാഭ്യാസമുണ്ടായിരുന്നു. Msc ചെയ്തിട്ടുണ്ടായിരുന്നു. ജമാഅത്തി സേവനങ്ങൾക്കും അവർക്ക് തൗഫീഖ് ലഭിച്ചു. അല്ലാഹു പരേതയുടെമേൽ പൊറുമയും കരുണയും ചൊരിയുമാറാകട്ടെ. ഇവരുടെ സഹോദരൻ മലിക് മുജീബുർറഹ്മാൻ സാഹിബ് തന്റെ സഹോദരിയെയും സഹോദരിഭർത്താവിനെയും കുറിച്ച് എഴുതുന്നു. അവർ വളരെ സ്നേഹമുള്ളവരായിരുന്നു. വളരെയേറെ പ്രയാസങ്ങൾ സഹിച്ചിട്ടുണ്ട്. പക്ഷേ, ഒരിക്കലും ഒന്നിനെക്കുറിച്ചും പരാതിപ്പെട്ടിരുന്നില്ല. അവർ ആരെകുറിച്ചും മോശമായി പറയുന്നതുകേട്ടിട്ടില്ല. രണ്ടുപേരും ജ്ഞാനത്തിന്റെ ആഴമുള്ള സമുദ്രമായിരുന്നു. ജീവിതത്തിന്റെ അവസാനനിമിഷംവരെയും എല്ലാവരെയും സ്നേഹിക്കുന്നവരും മറ്റുള്ളവരുടെ ആവശ്യങ്ങൾ ശ്രദ്ധിക്കുന്നവരും വളരെയേറെ സ്നേഹമുള്ളവരുമായിരുന്നു. മാശാ അല്ലാഹ് വളരെ നല്ല ജീവിതമാണ് അവർ കാഴ്ചവെച്ചത്. തങ്ങളുടെ ചുറ്റുപാടും സമൂഹത്തിലും മറ്റുള്ളവർക്കുമേൽ വളരെ നല്ല പ്രഭാവവും ഈ രണ്ടു പേരും ഉണ്ടാക്കിയിരുന്നു. അല്ലാഹു അവരോട് പൊറുമയോടും കരുണയോടും വർത്തിക്കുമാറാകട്ടെ.

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

## ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com**

**വാള്യം 8 ലക്കം 7 പേജ് 12 കോളം 3-ൽ നിന്ന് ഖുത്ബ ജുമുഅ തുടർച്ച:**

സ്വഹാബാക്കൾ പറഞ്ഞു: 'ഞങ്ങളുടെ പക്കൽ ഇന്ന ഇന്ന രീതിയിലുള്ള കത്തുകൾ പുറത്തുനിന്ന് വരുന്നുണ്ട്. അതെക്കുറിച്ച് അന്വേഷിക്കേണ്ടതാണ്.' ഹദ്റത്ത് ഉഥ്മാൻ(റ) ആരെയാണ് അന്വേഷണത്തിന് വിടേണ്ടതെന്ന കാര്യം അവരുമായി കൂടിയാലോചിച്ചു. അവരുടെ അഭിപ്രായ പ്രകാരം ഉസാമ ബിൻ സയ്ദിനെ ബസ്റയിലേക്കും മുഹമ്മദ് ബിൻ മുസ്‌ലിമിനെ കൂഫയിലേക്കും അബ്ദുല്ലാഹ് ബിൻ ഉമറിനെ ശാമിലേക്കും അമ്മാർ ബിൻ യാസിറിനെ മിസ്റിലേക്കും അയച്ചുകൊണ്ട് അവിടെയുള്ള സ്ഥിതിഗതികളെ കുറിച്ച് അന്വേഷിച്ച്, ഉമറാക്കൾ പ്രജകൾക്കുമേൽ അക്രമവും അനീതിയും ചെയ്യുന്നുണ്ടോ എന്നും അവകാശങ്ങൾ ധ്വംസിക്കപ്പെടുന്നുണ്ടോ എന്നും റിപ്പോർട്ട് ചെ യ്യാൻ ആവശ്യപ്പെട്ടു. ഈ നാലുപേരെ കൂടാതെ വേറെ ചിലരെയും വിവിധ സ്ഥലങ്ങളിലേക്ക് വിവരങ്ങൾ അന്വേഷിക്കാൻ അയച്ചിരുന്നു.(ത്വബ് രി, വാള്യം നമ്പർ 6, പേജ് 2943, പ്രസാധനം ബെയ്റുത്ത്)

അന്വേഷണത്തിനുശേഷം അവരെല്ലാവരും വന്ന്, എല്ലായിടത്തും സമാധാനമാണെന്നും മുസ്‌ലിമീങ്ങളെല്ലാം തികച്ചും സ്വതന്ത്രരായി ജീവിക്കുന്നുവെന്നും ആരും ആരുടേയും അവകാശങ്ങൾ ധ്വംസിക്കുന്നില്ലെന്നും ഭരണാധിപന്മാർ നീതിപൂർവ്വം പ്രവർത്തിക്കുന്നുവെന്നും റിപ്പോർട്ട് നൽകി. എന്നാൽ, അമ്മാർ ബിൻ യാസിർ വൈകുകയായിരുന്നു. അദ്ദേഹത്തെ കുറിച്ച് വിവരങ്ങളൊന്നും ഉണ്ടായിരുന്നില്ല. അദ്ദേഹത്തെ കുറിച്ച് വിവരങ്ങൾ കിട്ടാതായപ്പോൾ മദീനക്കാർ കരുതിയത് അദ്ദേഹം കൊല്ലപ്പെട്ടിട്ടുണ്ടാകാം എന്നായിരുന്നു. എന്നാൽ, വാസ്തവത്തിൽ അദ്ദേഹം തന്റെ ശുദ്ധഗതിയും രാഷ്ട്രീയപരമായ അറിവില്ലായ്മയും കാരണം കലാപകാരികളുടെ കൈയിൽ അകപ്പെടുകയുണ്ടായി. അവർ അബ്ദുല്ലാഹ് ബിൻ സബായുടെ ശിഷ്യന്മാരായിരുന്നു.

മിസ്റിൽ അബ്ദുല്ലാഹ് ബിൻ സബാ ഉണ്ടായിരുന്നു. അന്വേഷണ സംഘങ്ങൾ എല്ലാ നാട്ടിലും സമാധാനത്തിനുവേണ്ടി തീരുമാനമെടുത്താൽ ജനങ്ങളെല്ലാം തങ്ങൾക്കെതിരാകുമെന്ന കാര്യത്തിൽ അയാൾ ബദ്ധശ്രദ്ധനായിരുന്നു. ഈ സംഘങ്ങളെ അയക്കാനുള്ള തീരുമാനം വളരെ പെട്ടെന്നായിരുന്നതുകൊണ്ട് മറ്റു സ്ഥലങ്ങളിൽ അവർക്ക് സംവിധാനങ്ങളൊന്നും ചെയ്യാൻ കഴിഞ്ഞതുമില്ല. എന്നാൽ, മിസ്റിൽ സംവിധാനം ചെയ്യുന്നത് എളുപ്പമായിരുന്നു. അമ്മാർ ബിൻ യാസിർ മിസ്റിൽ പ്രവേശിച്ച ഉടൻതന്നെ അയാൾ അദ്ദേഹത്തെ സ്വീകരിച്ചു. മിസ്റിലെ ഗവർണർ അംറ് ബിൻ ആസിനെ കുറിച്ച് വളരെ മോശമായും തങ്ങളെ ദ്രോഹിക്കുന്നുവെന്നും പറഞ്ഞു തുടങ്ങി. അയാളുടെ വാചക കസറത്തിൽ നിന്ന് അദ്ദേഹത്തിന് രക്ഷപെടാൻ കഴിഞ്ഞില്ല. അയാളുടെ സംസാരങ്ങൾ അദ്ദേഹത്തിന് ജാലവിദ്യപോലെയായി. നന്നായി സംസാരിക്കുന്ന ആളായിരുന്നു. അദ്ദേഹം പൊതുവായി ഒരു അന്വേഷണം നടത്തുകയോ മിസ്റിലെ ഗവർണറുടെ അടുത്ത് പോകുകയോ ചെയ്തില്ല. പ്രത്യുത കലാപകാരികളോടൊപ്പം പോകുകയും അവരോടൊപ്പം ചേർന്ന് ആരോപണം ഉന്നയിക്കുകയും ചെയ്യാൻ തുടങ്ങി.

സ്വഹാബാക്കളിൽനിന്ന് ആരെങ്കിലും ഈ കലാപകാരികളുടെ ഗണത്തിൽപെട്ടു പോയെന്ന് ഉറപ്പിച്ച് പറയാൻ കഴിയുന്നത് അമ്മാർ ബിൻ യാസിറിനെ കുറിച്ച് മാത്രമായിരിക്കും. അദ്ദേഹത്തെ കൂടാതെ അറിയപ്പെടുന്ന മറ്റൊരു സ്വഹാബിയും ഈ ചെയ്തികളിൽ ഉൾപ്പെട്ടിരുന്നില്ല. മറ്റാരെയെങ്കിലും കുറിച്ച് വിവരിക്കപ്പെട്ടിട്ടുണ്ടെങ്കിൽത്തന്നെ വേറെ നിവേദനങ്ങൾ അത് നിഷേധിക്കുകയും ചെയ്തിട്ടുണ്ട്. അമ്മാർ ബിൻ യാസിർ അവരുടെ വഞ്ചനയിൽ അകപ്പെടുന്നതിന് ഒരു പ്രത്യേക കാരണവുമുണ്ട്. അദ്ദേഹത്തിൽ മുനാഫിഖത്ത് അഥവാ കാപട്യം ഉണ്ടായിരുന്നതുകൊണ്ടല്ല ഇത് സംഭവിച്ചത്. മറിച്ച് അദ്ദേഹം മിസ്റിലെത്തിയപ്പോൾത്തന്നെ പ്രത്യക്ഷത്തിൽ നല്ലവരാണെന്ന തോന്നിച്ചിരുന്ന വാക്ചാതുര്യമുള്ള ആളുകളുടെ ഒരു സംഘം അദ്ദേഹത്തെ

കണ്ടുമുട്ടുകയും അവർ നല്ലപോലെ മിസ്റിലെ ഗവർണറെ സംബന്ധിച്ച് അദ്ദേഹത്തോട് പരാതി പ്പെടുകയും ചെയ്യാൻ തുടങ്ങി. യാദൃശ്ചികമെന്നു പ റയട്ടെ, മിസ്റിലെ ഗവർണർ ഒരു കാലത്ത് നബി(സ) തിരുമേനിയുടെ കഠിനവിരോധിയായിരുന്നു. അദ്ദേ ഹത്തെ കുറിച്ച് നബി(സ)തിരുമേനി മക്കാ വിജ യഘട്ടത്തിൽ അയാളെ കഅ്ബയിൽ വെച്ചു കാ ണുകയാണെങ്കിൽപോലും വധിക്കണമെന്നു കൽ പിച്ചിരുന്നു. പിന്നീട് നബി(സ)തിരുമേനി അദ്ദേഹ ത്തിന് മാപ്പ് കൊടുത്തു. പക്ഷേ, അദ്ദേഹത്തിന്റെ ആദ്യകാല ശത്രുതയെ സംബന്ധിച്ച് അമ്മാർ അട ക്കമുള്ള ചില സ്വഹാബാക്കളുടെ ഹൃദയത്തിൽ അസ്വസ്ഥത ബാക്കി ഉണ്ടായിരുന്നു. അതുകൊണ്ടു തന്നെ അത്തരം ഒരു വ്യക്തിക്കെതിരെ കേട്ടപ്പോൾ അമ്മാറിനെ അത് വളരെയേറെ സ്വാധീനിച്ചു.അദ്ദേ ഹത്തിനുമേൽ ഉന്നയിക്കപ്പെടുന്ന ആരോപണങ്ങൾ ശരിവെക്കുകയും ചെയ്തു. ഈ സ്വാഭാവിക പ്രതി കരണത്തിൽ നിന്ന് പ്രയോജനമെടുത്തുകൊണ്ട് സബാഇകൾ അതായത് അബ്ദുല്ലാഹ് ബിൻ സബാ യുടെ ആളുകൾ അദ്ദേഹത്തിനെതിരിൽ ശക്തമായി നിലകൊണ്ടു.'(ഇസ്‌ലാം മെ ഇഖ്തിലാഫാത്ത് ക ആഗാസ്, അൻവാറുൽഉലൂം വാല്യം 4, പേജ് 280 –281, 283–284)

അവരോടൊപ്പം ഇദ്ദേഹവും ചേർന്നു. എഴുതുന്നു: 'സിഫ്ഫീൻ യുദ്ധാവസരത്തിൽ ഹദ്റത്ത് അമ്മാർ ബി ൻ യാസിർ ജനങ്ങളെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു: 'അല്ലാഹുവിന്റെ തൃപ്തി ആഗ്രഹിക്കുന്ന വരും സമ്പത്തിലേക്കും സന്താനങ്ങളിലേക്കും തിരി യാൻ ആഗ്രഹിക്കാത്തവരും എവിടെ?' അപ്പോൾ അദ്ദേഹത്തിനടുത്ത് ഒരു ചെറിയ സംഘമാളുക ളെത്തി. ഹദ്റത്ത് അമ്മാർ അവരെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു: 'ജനങ്ങളേ! ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാനിന്റെ രക്തത്തിനു പകരം ചോദിക്കുന്ന ആളുകളുടെ അടുത്ത് നമ്മോടൊപ്പം പോരുവിൻ.' ഹദ്റത്ത് ഉഥ്മാൻ(റ) ആക്രമിക്കപ്പെട്ടു വെന്നും വധിക്കപ്പെട്ടുവെന്നുമാണ് അദ്ദേഹം ധരിച്ചി രുന്നത്. 'അല്ലാഹുവാണ! അദ്ദേഹം ഹദ്റത്ത് ഉഥ് മാനിനെ വധിക്കാൻ ആവശ്യപ്പെട്ടിരുന്നില്ല. പ്രത്യുത അവർ ഭൗതികതയുടെ സ്വാദ് നുണഞ്ഞവരായി രുന്നു. ഇപ്പോഴാണ് അദ്ദേഹത്തിന് അവിടെ എത്ര വലിയ ഫിത്നയാണ് ഉണ്ടായതെന്ന് മനസ്സിലായത്. തുടർന്ന് അദ്ദേഹം പറഞ്ഞു, 'ഈ ജനങ്ങൾ ലൗകി കതയെ സ്നേഹിക്കുകയും അതിന്റെ പിന്നിൽ കൂടുകയും ചെയ്തിരിക്കുന്നു. സത്യത്തോടു അവർ കെട്ടുപിണയുകയാണെങ്കിൽ സത്യം അവർക്കും അവരുടെ ഭൗതിക കാര്യങ്ങൾക്കുമിടയിൽ തടസ്സ മാകുമെന്ന് അവർക്കറിയാമായിരുന്നു. ജനങ്ങൾ അവരെ അനുസരിക്കാനും അവർക്ക് നേതൃത്വം അർഹിക്കാനും മാത്രം അവർക്ക് ഇസ്‌ലാമിൽ ഒരു മേന്മയും ഇല്ലായിരുന്നു. അവരെ അമീറാക്കാൻ അവർക്ക് ഒരു ശ്രേഷ്ഠതയുമില്ലായിരുന്നു. അവർ ഫിത്ന ഉണ്ടാക്കുക മാത്രമാണ് ചെയ്തത്. അവർ തങ്ങളുടെ അനുയായികളെ വഞ്ചിച്ചുകൊണ്ട് പ റഞ്ഞിരുന്നത്, നമ്മുടെ ഇമാം ആക്രമിക്കപ്പെട്ട അവസ്ഥയിൽ വധിക്കപ്പെട്ടിരിക്കുന്നു; അങ്ങനെ ഈ ധിക്കാരി രാജാവാകുന്നതിന്. ഇത് ഒരു കുൽ സിത നീക്കമായിരുന്നു. അത് നിങ്ങൾ കാണുന്ന ഈ സ്ഥലംവരെയും എത്തുകയുണ്ടായി. ഇവർ ഹദ്റത്ത് ഉഥ്മാനിന്റെ രക്തത്തിനു പകരം ചോദി ച്ചില്ലായിരുന്നുവെങ്കിൽ രണ്ടാളുകൾപോലും അവരെ പിന്തുണക്കില്ലായിരുന്നു.

തുടർന്ന് അദ്ദേഹം പറഞ്ഞു: 'അല്ലാഹുവേ! മുമ്പേ പലതവണ ഞങ്ങളെ സഹായിച്ചതുപോലെ ഞങ്ങ ളെ സഹായിക്കേണമേ. നീ അവരെ അവരുടെ ഉദ്ദേ ശ്യങ്ങളിൽ വിജയിപ്പിക്കുകയാണെങ്കിൽ അവർ നി ന്റെ ദാസന്മാർക്കിടയിൽ പുതിയ കാര്യങ്ങൾ ആരംഭി ച്ചതു കാരണം ഒരു വേദനാജനകമായ ശിക്ഷയിൽ ഒരുമിച്ചുകൂട്ടേണമേ.'(താരീഖ്ത്വബ്‌രി,വാല്യം3,പേജ് 98. ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത് 1987)

മുഹമ്മദ് ബിൻ അംറും മറ്റും നിവേദനം. സിഫ് ഫിൻ യുദ്ധത്തിൽ ഘോരമായ പോരാട്ടം നടക്കു കയായിരുന്നു. രണ്ടുകൂട്ടരും ഇല്ലായ്മ ചെയ്യപ്പെടുന്ന അവസ്ഥ വരെയെത്തി. മുആവിയ പറഞ്ഞു: 'ഈ അടിമ അതായത് അമ്മാർ ബിൻ യാസിർ ദുർബല നാകുകയാണെങ്കിൽ ഇന്നേ ദിവസം അറബികൾ ഉന്മൂലനം ചെയ്യപ്പെടുന്നതാണ്.' അതായത് ഹദ്റത്ത് അമ്മാർ ശഹീദാകുകയാണെങ്കിൽ. മൂന്നുരാപ്പകൽ ഘോര യുദ്ധം നടന്നു. ഹാശിം ബിൻ ഉത്ബ ബി ൻ അബീവഖാസിന്റെ കൈയിലായിരുന്നു കൊടി ഉണ്ടായിരിന്നത്. മൂന്നാം ദിവസം ഹദ്റത്ത് അമ്മാർ അദ്ദേഹത്തോടു പറഞ്ഞു: 'എന്റെ മാതാപിതാക്കൾ അങ്ങയ്ക്ക് തെണ്ടമായിരിക്കട്ടെ. അങ്ങ് എന്നെയും കൂടെ കൊണ്ടുപോകുക.' ഹാശിം പറഞ്ഞു: 'അ മ്മാറേ! അല്ലാഹു താങ്കളിൽ കരുണ ചൊരിയുമാ റാകട്ടെ. യുദ്ധം താങ്കളെ ദുർബലനും അപമാനിതനു മാണെന്നു കരുതുന്നു. ഞാൻ ഈ പതാകയുമായി പോകുന്നത് ഇതുമുഖേന ഞാൻ എന്റെ ലക്ഷ്യം പ്രാ പിക്കുമെന്ന് കരുതിയിട്ടാണ്. ഞാൻ ദൗർബല്യം കാണിച്ചാലും മരണത്തിൽനിന്ന് സുരക്ഷിതനാകു ന്നതല്ല.' അദ്ദേഹം ഹാശിമിന്റെ കൂടെത്തന്നെ പോ യിക്കൊണ്ടിരുന്നു. അങ്ങനെ അദ്ദേഹത്തെയും സവാരിയിൽ കയറ്റി. സവാരിയിൽ കയറിയപ്പോൾ ഹദ്റത്ത് അമ്മാർ തന്റെ സൈന്യത്തിൽ എഴു ന്നേറ്റുനിന്നു. ദുൽകലാഅ് തന്റെ സൈന്യത്തിൽ അദ്ദേഹത്തിന്നെതിരിൽ നിൽക്കുകയുണ്ടായി. അവർ രണ്ടു പേരും പോരാടി. മരിച്ചു വീഴുകയും ചെയ്തു. രണ്ടു സൈന്യവും നാമാവശേഷമായി. ഹദ്റത്ത് അമ്മാറിനുമേൽ ഹവയ്യസ്സക്‌സികിയും അബൂ ഗാദിയ മുഗ്നിയും ആക്രമണം നടത്തി. അവർ രണ്ടു പേരും കൂടി അദ്ദേഹത്തെ ശഹീദാക്കി. അബൂ ഗാദിയ യോടു അദ്ദേഹത്തെ എങ്ങനെയാണ് വധിച്ചതെന്ന് ചോദിച്ചപ്പോൾ പറഞ്ഞു: 'അദ്ദേഹം തന്റെ സൈന്യ വുമായി സമീപമെത്തിയപ്പോൾ ഞങ്ങളും അദ്ദേ ഹത്തിന്റെ അടുത്തെത്തി. അപ്പോൾ അദ്ദേഹം ആരെങ്കിലും തന്നെ നേരിടാൻ തയ്യാറുണ്ടോ എന്നു ചോദിച്ചു. യമനിലെ ഒരു ഗോത്രമായ സകാസകിലെ ഒരാൾ മുന്നോട്ടുവന്നു. രണ്ടുപേരും തമ്മിൽ വാൾപ യറ്റ് നടത്തി. അമ്മാർ സക്സകിയെ വധിച്ചു. പി ന്നീട് അദ്ദേഹം ഇനി പൊരുതാൻ ആരുണ്ടെന്ന് ചോദിച്ചു. യമനിലെ മറ്റൊരു ഗോത്രമായ ഹുമയ് റിലെ ഒരാൾ പോരാടാൻ മുന്നോട്ടുവന്നു. അവർ രണ്ടുപേരും വാൾപയറ്റ് നടത്തി. അമ്മാർ ഹുമയ് രിയേയും വധിച്ചു. ഹുമയ്രി അദ്ദേഹത്തിനും പ രിക്കേൽപിച്ചിരുന്നു. അദ്ദേഹം വീണ്ടും ചോദിച്ചു. പൊരുതാൻ ആരെങ്കിലും തയ്യാറുണ്ടോ എന്ന്. ഞാൻ അദ്ദേഹത്തിനടുത്തേക്ക് നീങ്ങി. പറയുന്നു. അടിമയും ഞാനും പരസ്പരം വാൾപയറ്റ് നടത്തി. അദ്ദേഹത്തിന്റെ കൈ ദുർബലമായിരുന്നു. ഞാൻ അദ്ദേഹത്തിനുമേൽ ശക്തമായ ആക്രമണം നടത്തി. അങ്ങനെ അദ്ദേഹം വീഴുകയുണ്ടായി. തുടർന്ന് ഞാൻ വാളുകൊണ്ട് അദ്ദേഹത്തെ ശക്തമായി അടി ച്ചു. അതിൽ അദ്ദേഹം വിറങ്ങലിച്ചു. നിവേദകൻ പ റയുന്നു. ഹദ്റത്ത് അമ്മാർ ശഹീദാക്കപ്പെട്ടപ്പോൾ ഹദ്റത്ത് അലി(റ) പറഞ്ഞു, ഹദ്റത്ത് അമ്മാർ ബിൻ യാസിറിന്റെ ശഹാദത്തിനെ അനിതരസാധാ രണമായി മനസ്സിലാക്കാത്തവനും അതിൽ വേദനി ക്കാത്തവനും തീർച്ചയായും സന്മാർഗം ഇല്ലാത്തവ നാകുന്നു.

അല്ലാഹു അമ്മാറിനുമേൽ കരുണ ചൊരിയുമാറാ കട്ടെ. നബി(സ)തിരുമേനി നാല് സ്വഹാബാക്കളുടെ പേരുകൾ പറയുമ്പോൾ നാലാമത്തേത് അമ്മാർ ആയിരുന്നു. അഞ്ചാളുകളെ പരാമർശിക്കുമ്പോൾ അതിൽ അഞ്ചാമൻ അമ്മാർ ആയിരുന്നു.

അദ്ദേഹം നബി(സ)തിരുമേനിയുടെ പഴയകാല സ്വ ഹാബാക്കളിൽ പെട്ട ആളായിരുന്നു. നിരവധി തവണ അമ്മാറിനെ സ്വർഗ്ഗം അനിവാര്യമാക്കപ്പെട്ടു എന്ന കാര്യത്തിൽ ആർക്കും തന്നെ സംശയമില്ലായിരുന്നു. ആയതിനാൽ അമ്മാറിന് സ്വർഗം ആശംസിക്കുന്നു. അദ്ദേഹത്തെ സംബന്ധിച്ച് പറയപ്പെട്ടിരിക്കുന്നു. അമ്മാർ സത്യത്തോടൊപ്പവും സത്യം അമ്മാറിനോ ടൊപ്പവുമാകുന്നു. അമ്മാർ എവിടെ പോകുക ആ ണെങ്കിലും സത്യം അദ്ദേഹത്തോടൊപ്പം ഉണ്ടായിരി ക്കും. അമ്മാറിന്റെ ഘാതകൻ അഗ്നിയിലായിരിക്കും. (അത്ത്വബഖാത്തുൽകുബ്റാ, വാല്യം 3, പേജ് 197–198, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 1990)

സയീദ് ബിൻ അബ്ദുർറഹ്മാൻ തന്റെ പിതാ വിൽനിന്ന് നിവേദനം. ഒരാൾ ഹദ്റത്ത് ഉമർ ബി ൻ ഖത്വാബിന്റെ അടുത്തു വന്ന് പറഞ്ഞു: 'ഞാൻ ജനാബത്തുള്ളവനാണ്. എനിക്ക് വെള്ളം ലഭിച്ചില്ല.' അപ്പോൾ ഹദ്റത്ത് അമ്മാർ ബിൻ യാസിർ ഹദ് റത്ത് ഉമർ ബിൻ ഖത്വാബിനോടു പറഞ്ഞു, താങ്കൾക്ക് ഓർമയില്ലേ, ഞാനും താങ്കളും ഒരു യാത്രയിലായിരുന്നു. താങ്കൾ നമസ്കരിച്ചില്ല. ഞാൻ മണ്ണിൽ മൃഗങ്ങളെ പോലെ ഉരുളുകയും നമസ്ക രിക്കുകയും ചെയ്തു. അതായത് വെള്ളം കിട്ടാതെ വന്നപ്പോൾ തയമ്മും ചെയ്തു. നബി(സ)തിരുമേനി യുടെ അടുക്കലെത്തി ഇതേ കുറിച്ച് പറഞ്ഞപ്പോൾ അവിടന്ന് പറഞ്ഞു. നിനക്ക് അത് മതിയായതാണ്. തുടർന്ന് നബി(സ)തിരുമേനി തന്റെ രണ്ടു കൈയും ഭൂമിയിൽ അടിക്കുകയും പിന്നെ കൈകളിൽ ഊതി മുഖവും രണ്ടു കൈകളും തടവുകയും ചെയ്തു. (സ്വഹീഹ് ബുഖാരി, കിതാബുത്തയമ്മും, ഹദീഥ് 338)

അബൂ വാഇൽ പറയുന്നു: ഹദ്റത്ത് അമ്മാർ ഞങ്ങളോടു ഹ്രസ്വവും അതെ സമയം പ്രൗഢ വുമായ ഒരു പ്രഭാഷണം നടത്തി. അദ്ദേഹം മിമ്പ റിൽനിന്ന് ഇറങ്ങിയപ്പോൾ ഞങ്ങൾ പറഞ്ഞു: അബൂ യഖ്ളാൻ താങ്കൾ വളരെ പ്രൗഢഗംഭീരമായി സംസാരിച്ചു. പക്ഷേ, വളരെ ഹ്രസ്വമായിപ്പോയി. താങ്കളെന്തുകൊണ്ട് ദീർഘിപ്പിച്ചില്ല?' അപ്പോൾ അദ്ദേഹം പറഞ്ഞു: 'നബി(സ)തിരുമേനി ഇങ്ങനെ പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്. ഒരാളുടെ നീണ്ട നമസ്കാരവും ഹ്രസ്വമായ പ്രഭാഷണവും അയാ ളുടെ ബുദ്ധിക്കുള്ള അടയാളമാകുന്നു. അതിനാൽ നമസ്കാരം നീട്ടുകയും പ്രഭാഷണം ചുരുക്കുക യും ചെയ്യുക. ചില പ്രഭാഷണങ്ങൾ ഇന്ദ്രജാലമാകു ന്നു.'(സ്വഹീഹ് മുസ്‌ലിം, കിതാബുൽ ജുമുഅ, ബാബു തഖ്ഫീഫുസ്സ്വലാത്തി വ ഖുത്ബത്തി ഹദീഥ് നമ്പർ, 2009)

ഹസ്സാൻ ബിൻ ബിലാൽ പറയുന്നു: ഞാൻ അമ്മാർ ബിൻ യാസിർ(റ) വുളു ചെയ്യുമ്പോൾ താടിക്കിടയിൽ കഴുകുന്നത് കണ്ടിട്ടുണ്ട്. അതായത് വിരലുകൾ താടിരോമത്തിൽ തടവുമായിരുന്നു. അദ്ദേഹത്തോടു ചോദിച്ചു: അഥവാ നിവേദകൻ അദ്ദേഹത്തോട് ചോദിച്ചു: 'താങ്കൾ താടി കഴുകുകയാണോ?' അദ്ദേ ഹം പറഞ്ഞു: 'ഞാൻ നബി(സ)തിരുമേനി താടി യിൽ ഇങ്ങനെ തടവുന്നതായി കണ്ടിരിക്കെ എന്ത് കൊണ്ട് അങ്ങനെ ചെയ്തില്ല?'(ജാമിഉത്തിർമുദി, അബ്‌വാബുൽ മനാഖിബു അൻ റസൂലില്ലാഹി(സ), ഹദീഥ് നമ്പർ 3888)

അംറ് ബിൻ ഗാലിബ് നിവേദനം. ഒരാൾ അമ്മാർ ബിൻ യാസിർ(റ)ന്റെ അടുത്തുവന്ന് ഹദ്റത്ത് ആഇശ(റ)യെ സംബന്ധിച്ച് കുറ്റം പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: 'ഭാഗ്യംകെട്ടവനേ! മാറിപ്പോ. നീ നബി(സ)തിരുമേനിയുടെ പ്രിയപത്നിക്ക് അസ്വ സ്ഥത ഉണ്ടാക്കുകയാണോ?'

ഇനിയും കുറച്ചു വിവരണങ്ങളുണ്ടായിരുന്നു. ബാ ക്കി ഇൻശാ അല്ലാഹ് പിന്നീടാകാം.




## തൊഴിലാളികളെ ആവശ്യമുണ്ടോ?

നിങ്ങൾക്ക് ഡ്രൈവർ, കല്ലാശാരി, ഇല ക്ട്രീഷ്യൻ, അല്ലെങ്കിൽ മറ്റു തൊഴിലാ ളികളെ ആവശ്യമുണ്ടോ? അധ്വാനികളും വിശ്വസ്തരുമായ തൊഴിലാളികൾക്ക് ഞങ്ങളുമായി ബന്ധപ്പെടുക

**KHAIRUL ISLAM**
**JAYGAM-WEST-BENGAL**
**Phone: 97348 44732**

بسم الله الرحمن الرحيم

نَحْمَدُهٗ وَنُصَلِّی عَلٰی رَسُوْلِهِ الْکَرِیْمِ وَعَلٰی عَبْدِهِ الْمَسِیْحِ الْمَوْعُوْدِ

خدا کے فضل اور رحم کے ساتھ

هوالنّاصر

امام جماعت احمدیہ

Q-3870/8-2-23

WTT-51286/7-2-23

മാനേജർ സാഹിബ് ബദ്ർ ആഴ്ചപ്പതിപ്പ് ഖാദിയാൻ

*അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വ ബറക്കാത്തുഹു*

താങ്കളയച്ച ''ആഗോളതലത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ ഉജ്ജ്വല പുരോഗതികൾ" എന്ന തലക്കെട്ടോടെ പ്രസിദ്ധീകരിച്ച ബദ്ർ ആഴ്ചപ്പതിപ്പിന്റെ പ്രത്യേക ലക്കം ലഭിച്ചു. ജസാക്കുമുല്ലാഹ്

അല്ലാഹത്തആലാ ഈ ലക്കത്തിന്റെ രചനയിലും പ്രസിദ്ധീകരണത്തിലും പങ്കെടുത്ത ജമാഅത്തിലെ എല്ലാ സേവകരുടേയും ഈ നല്ല പരിശ്രമം സ്വീകരിക്കുമാറാകട്ടെ. അനുവാചകരുടെ അറിവിന്റെ വർധനയ്ക്ക് ഈ ലക്കം നിമിത്തമാക്കുമാറാകട്ടെ. അല്ലാഹുത്തആല താങ്കളുടേയും ജമാഅത്തിന്റെ സേവകസുഹൃത്തുക്കളുടേയും ജ്ഞാനപരവും കർമപരവുമായ കഴിവുകളിൽ കൂടുതൽ ശ്രേഷ്ഠതയും നിർമലതയും സൃഷ്ടിക്കുമാറാകട്ടെ. സത്യസന്ധതയിലും കൂറിലും വർധിപ്പിച്ചുകൊണ്ടുപോകുമാറാകട്ടെ. ആത്മീയവും ഭൗതികവുമായ നന്മകളുടെ അനന്തരാവകാശികളാക്കുമാറാകട്ടെ.(ആമീൻ)

വസ്സലാം
വിനീതൻ
ഒപ്പ്

ഖലീഫത്തുൽ മസീഹ് അൽഖാമിസ്

**(പേജ് 1ൽനിന്ന്)**

മനുഷ്യസൃഷ്ടിപ്പ് അസ്സലാണ്. അവന്റെ ഒന്നാമത്തെ ഭക്ഷണം മൃഗപരമായിട്ടുള്ളതാണ്. മൃഗങ്ങൾ മരങ്ങൾ തുടങ്ങിയവയിൽനിന്ന് ആഹാരം കരസ്ഥമാക്കുന്നു. പിന്നീട് ആ മരവും ചെടികളും ദൈവികമായ വെള്ളംകൊണ്ടാണ് വളരുന്നത്. ആ വെള്ളം മനുഷ്യനു കുടിക്കാനും പ്രയോജനപ്പെടുന്നു. പിന്നീട് അതേ വെള്ളത്തിൽനിന്ന് സസ്യങ്ങൾ മുളയ്ക്കുന്നു. അതു മനുഷ്യന്റെ ആഹാരങ്ങളായിത്തീരുന്നു. ഈ എല്ലാ വസ്തുക്കളും രാവുംപകലും സൂര്യന്റേയും ചന്ദ്രന്റേയും നക്ഷത്രങ്ങളുടേയും സ്വാധീനഫലംകൊണ്ടാണ് വളരുന്നത്. മറുഭാഗത്ത് അവയുടെ നിലനില്പിനുള്ള മാർഗം സമുദ്രമാണ്. അതിൽ വെള്ളത്തിന്റെ ഖജനാവ് ഇരിക്കുന്നു. ഇതിൽനിന്ന് വെള്ളം അരിച്ച് പിന്നീട് മനുഷ്യർക്ക് ലഭിക്കുന്നു. ഈ സമുദ്രത്തെ അതിന്റെ അവസ്ഥയിൽ നിറുത്തുന്നതിന് മലകളുണ്ട്. അത് വെള്ളം ശേഖരിച്ചു വെക്കുന്നു. അവിടെനിന്ന് നദികളിലൂടെ വെള്ളം ഒഴുകി, പ്രത്യേകവഴികളിലൂടെ സമുദ്രത്തിൽ പതിക്കുന്നു. ജനവാസത്തിന് അർഹമാകാത്തവിധം ഭൂമിയുടെ ഉപരിതലത്തിൽ പരന്നുപോകുകയില്ല. ഈ എല്ലാ കാര്യങ്ങളിൽനിന്നും വ്യക്തമായൊരു ഫലമുണ്ടാകുന്നതെന്താണെന്നാൽ, ദുൻയാവിലെ എല്ലാ വസ്തുക്കളും ഒന്നു മറ്റൊന്നിനോടു ബന്ധപ്പെട്ടിരിക്കുന്നു എന്നതാണത്. ലോകം വിവിധ വസ്തുക്കളുടെ ശേഖരമല്ല. പ്രത്യുത അതിന്റെ വ്യത്യാസം എങ്ങനെയുള്ളതാണെന്നാൽ ചങ്ങലയുടെ കണ്ണികൾപോലെയാണ്. ഒരു കണ്ണി എടുത്തുമാറ്റിയാൽ ആ ചങ്ങല, ചങ്ങലയായി ഇരിക്കുകയില്ല. ഇപ്രകാരം പ്രപഞ്ചത്തിൽനിന്ന് ഒരു വസ്തു എടുത്തുമാറ്റിയാൽ മുഴുവൻ ലോകവും നശിച്ചുപോകുന്നതായിരിക്കും. സമുദ്രംവറ്റി വെള്ളം ഇല്ലാതാകും. നദി വറ്റി സമുദ്രത്തിൽ വെള്ളമില്ലാതാകും. നദികൾക്കുവേണ്ടി വഴിയൊരുക്കുന്ന ഈ നിലം അകന്ന് മുഴുലോകത്തും വെള്ളം പരക്കുന്നതായിരിക്കും. ഭൂമി താമസത്തിന് യോഗ്യമാകുകയില്ല. പർവതങ്ങളെ ഇല്ലാതാക്കിയാൽ ഭൂമിയിൽ അത് ഭൂകമ്പങ്ങൾ കൊണ്ടുവരും. മനുഷ്യൻ നശിക്കുകയും ചെയ്യും. പുഴകൾക്ക് വെള്ളത്തിന്റെ ഖജനാവ് അവശേഷിക്കുകയില്ല. ആ എല്ലാ വെള്ളവും ക്ഷണത്തിൽ സമുദ്രത്തിൽപോയി പതിക്കും. ഒരു ഭാഗത്ത് ലോകം വെള്ളപ്പൊക്കത്തിന് ഇരയാകുകയാണെങ്കിൽ മറുഭാഗത്ത് വർഷം മുഴുവൻ വെള്ളമുണ്ടാകുന്ന അവസ്ഥ ഇല്ലാതാകും. ചന്ദ്രനേയും നക്ഷത്രങ്ങളേയും ഇല്ലാതാക്കുകയാണെങ്കിൽ അതുമുഖേന ഉണ്ടാകുന്ന സൃഷ്ടികൾ ഇല്ലാതാകും. ഭൂമി അതിന്റെ അവസ്ഥയിൽ നിലനില്ക്കുകയില്ല. സൂര്യനെ മാറ്റി നിറുത്തകയാണെങ്കിൽ കാർമേഘങ്ങളുടെ പരമ്പര ഇല്ലാതാകും. പച്ചക്കറികൾ പാകമാകുന്നത് ഇല്ലാതാകും. മനുഷ്യരുടെ ആരോഗ്യം മോശമാകും. അവന്റെ പച്ചക്കറി ഭക്ഷണത്തിന്റെ ഉൽപാദനം സാധ്യമല്ലാതാകും. ചുരുക്കത്തിൽ ഈ എല്ലാ പ്രപഞ്ചവും ചേർന്നാണ് മനുഷ്യനെ സേവിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ ഓരോ ഭാഗവും മറ്റേഭാഗത്തിന്റെ നിലനില്പിനുള്ള മാർഗമാണ്. ഇങ്ങനെയുള്ള അവസ്ഥയാകുമ്പോൾ ആ ദൈവവിശ്വാസം എങ്ങനെ ശരിയാകാനാണ്. പല ദൈവങ്ങൾ ചേർന്നാണ് ലോകം സൃഷ്ടിച്ചിട്ടുള്ളതെങ്കിൽ മറ്റുള്ളതിൽനിന്നെല്ലാം വ്യത്യസ്തമായ സ്വതന്ത്രഭാഗമാണെന്ന് പറയാൻ ഏതു ഭാഗമാണുണ്ടാകുക. മറ്റാരോ സൃഷ്ടിച്ചതാണെന്ന് മനസ്സിലാക്കാനും മറ്റുള്ളതിൽനിന്ന് സ്വതന്ത്രമായ ഭാഗമാണെന്ന് പറയാനും ഏതു ഭാഗമാണുള്ളത്. മുഴുവൻ പ്രപഞ്ചവും ഒരു ചങ്ങലയുടെ കണ്ണിയിൽ ഉൾപ്പെട്ടതാണെങ്കിൽ ഒരൊറ്റ ദൈവമാണ് അത് സൃഷ്ടിച്ചതെന്ന് അംഗീകരിക്കേണ്ടിവരും; അല്ലാഹുവിൽ എല്ലാ പ്രപഞ്ചത്തേയും സൃഷ്ടിക്കുന്നതിനുള്ള ശക്തിയില്ലെന്നും അതുകൊണ്ട് എല്ലാ ദൈവങ്ങളും ചേർന്ന് ജോലികൾ വീതിച്ചെടുത്തുവെന്നും മുൻകൂട്ടി നിശ്ചയിച്ച പദ്ധതിനുസരിച്ച് എല്ലാ ഓരോരുത്തരും അവരവരുടെ ഭാഗം പൂർത്തിയാക്കിയെന്നും പറയേണ്ടിവരും. പക്ഷേ, ഈ വിശ്വാസം അന്യാരാധകരുടേതുമല്ല. ആണെങ്കിൽത്തന്നെ ബുദ്ധിക്കുവിരുദ്ധവുമാണ്. കാരണം അപൂർണമായത് ദൈവമാകുകയില്ല. അതുകൊണ്ട് ഈ തെളിവ് നിലനില്ക്കെ ഒരേയൊരു ഫലമാണുണ്ടാകുന്നത്, *ഇലാഹുക്കും ഇലാഹുൻ വ്വാഹിദ്* നിങ്ങളുടെ ദൈവം ഏകനാണ്.

രണ്ടാമത്ത് വിഷയം ആദ്യത്തെ ആയത്തിൽ പറഞ്ഞിട്ടുള്ളത് ദൈവം പറയപ്പെടുന്ന എല്ലാ അസ്തിത്വവും മരിച്ചുകഴിഞ്ഞിരിക്കുന്നു. അങ്ങനെ അവർ മരിച്ചുകഴിഞ്ഞിരിക്കുന്ന സ്ഥിതിക്ക് ഒരേയൊരു ദൈവമണ് ബാക്കിയായിരിക്കുന്നത്, അവൻ മരണത്തിന്നതീതനാണ്.

**(തഫ്സീർ കബീർ, വാള്യം 4, പേജ് 151, പ്രസാധനം 2010 ഖാദിയാൻ)**

❖❖❖

## കുലുങ്ങല്ലേ ഹിറാ

*– ഉമ്മുനസ്വീർ പഴയങ്ങാടി*

ഇരുണ്ട് തണുത്ത ഈ വിജനതയിൽ നിൽക്കേ,
ഒരു തേങ്ങൽ കേട്ടുവോ അമർന്നൊരു നെടുവീർപ്പ്.
ഒരു മർമ്മരം, നൂറ്റാണ്ടുകളുടെ
തിരശ്ശീലയ്ക്കുപിന്നിൽ നിന്നുമാ,
കറുത്ത മുത്തിന്റെ പ്രാണവേദന.

കാരുണ്യത്തിടമ്പിന്റെ കരളുരുക്കിയ,
ചുടുമണ്ണിലമർന്നുയർന്നോരു 'അഹദ്',
സിദ്ദീഖിൻ മടിശ്ശീല കുടഞ്ഞിട്ടൊരു പളുങ്കിനെ
വീണ്ടെടുത്തൊരാർത്തനാദം.

പാറാന്റെമാറിൽ ഉഹുദിന്റെ ഓരങ്ങളിൽ
അന്നു പിടഞ്ഞമർന്ന ജീവസ്പന്ദനങ്ങൾ,
വിണ്ണിൽ പറന്നുയർന്ന വെൺപിറാക്കളെ
അമ്പെയ്തുവീഴ്ത്തി അട്ടഹസിച്ചന്നവർ.

അവരറിഞ്ഞില്ല ഒരിക്കലുമറിയുകയുമില്ല!
മരുവിൽ വിടർന്ന കരുണതൻ മുത്തൊളി,
മന്നിൽമാനവസ്നേഹത്തിൻ ഗീതി തീർത്തതും,
അഖില ലോകവും തൗഹീദിൽ കുളിർത്തതും,
വിശ്വമാനവ കുടനിവർന്നതും കുഫ്റിൽ തലയറ്റതും,
മരുഭൂമിപൂത്തതും മണ്ണിൻഅകിട്ചുരന്നതും,
അവരറിഞ്ഞില്ലവരൊരിക്കലുമറിയുകയുമില്ല!

കാലചക്രമുരുളവേ വീണ്ടുമീ ബലിത്തറ നനഞ്ഞുവോ
വീണ്ടും വീണ്ടും പൊട്ടിക്കിളിർപ്പതെന്തേ,
തമസ്സിൻ ചണ്ഡാല നടനം കൊലവെറി.

നരനായതോ, ഈശ്വരസത്വമുൾക്കൊണ്ടതാണോ, അതോ,
മാനവധർമ്മപാലനമാണോ ഇവരുടെതെറ്റ്.
താനേയശുദ്ധരിവരെയേൽപ്പിച്ചതാര്മാനവ ശുദ്ധികലശം.

സ്രഷ്ടാവിൻ പ്രീതിയാൽസാത്വികരാമോരെ
ഈശ്വരൻ കനിഞ്ഞേകിയുള്ള നിൻസത്വത്തെ
തൻസഹജനെനശിപ്പിക്കാൻ മൂഢമർത്ത്യാ
നിന്നിലമർന്ന ചപലവാനരസാത്താൻ,
ഒട്ടുമെശങ്കിപ്പതില്ലെന്നാൽ നീയോർക്ക.
ഒരണുവീശലാൽ പ്രപഞ്ചത്തെ വിറപ്പിച്ചവൻ,
അന്നുമിന്നും സൃഷ്ടിസ്ഥിതി പരിപാലൻ
അവന്റെകോപത്തെതടുപ്പതിനവനല്ലാതാരുമീപാരിലില്ല
കേവലമൊരുധൂളി നീ, അവനൂതിയ
ശ്വാസത്താൽ വമ്പുനടിപ്പവൻ.

അവനെ ആരധിപ്പാനവനയച്ചദൂതരെ പിൻപറ്റി
മന്നിലവനായി ആലയം തീർത്തസാധുക്കൾ
നീ വീഴ്ത്തിയരുധിരനീർചാൽകണ്ണീർമാരി.
നിന്നെക്കാൾകേമനാം നംറൂദും ഫിർഔനും കൊമ്പുറ്റ,
കൈസറും ഗോത്രവീരന്മാരും നിഴൽ പോലുമില്ലാതായ്.

മുത്തുമുഹമ്മദിൻസുസ്ഥിരമാർഗവും
വിശ്വൈകദീപ്ത ഖുർആനിൻ സൂക്തവും
അങ്ങയെ പിൻപറ്റും മഹ്ദിതൻ പാശവും,
ഒത്തുവരിച്ചുള്ള ആത്മസഹജർതൻ.

ബലിദാനം വീണ്ടും തുടർക്കഥയാകയോ,
പിടയുന്നുനെഞ്ചകം നീറുന്നു ഹൃത്തടം.
അമ്മാറും ബിലാലുംപുനർജ്ജനിയാകുന്നോ,
കാരുണ്യവാരിധേസമാധാനപ്രിയ നീ തുണ.

വീഴ്ത്തല്ലേ നിൻ ഭക്തദാസർതൻ ചെഞ്ചോര,
നീട്ടല്ലെഭൂമിയിൽ ഇബ്‌ലീസിൻ വംശത്തെ.
ഉയരട്ടെ മുഹമ്മദിൻ തൗഹീദിൻധ്വജമെങ്ങും,
മുഴങ്ങട്ടെ മഹ്ദീമസീഹിന്റെ കാഹളം

അഹ്മദിയ്യത്താകും ഒലിവിന്റെ തിരിനാളം
അസ്ത്രവും ശാസ്ത്രവും കൈമുതലുള്ളോർക്ക
മർത്യന്റെ ശ്വാസത്താലാവില്ലണയ്ക്കാൻ,
ലോകൈകനാഥന്റെദീപ്തപ്രകാശം

*(അഹ്മദിയ്യാ ശുഹദാക്കൾക്ക് ബാഷ്പാഞ്ജലി)*

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ ജർമൻ പര്യടനം

## (2015 മെയ്, ജൂൺ)

വിവർത്തനം: മൗലവി അമീൻ മുഹമ്മദ് മാത്ര

**മെയ് 24, ഞായറാഴ്ച 2015**

(വാള്യം 8 ലക്കം 5–6–ൽ നിന്ന് തുടർച്ച)

യൂറോപ്പിന് കൂലികുറഞ്ഞ തൊഴിലാളികളെ ഏഷ്യ അല്ലെങ്കിൽ ആഫ്രിക്കയിൽനിന്ന് ലഭിക്കുന്നു. യൂറോപ്പിലെ ഭരണകൂടങ്ങൾ എത്രമാത്രം നീതിയെ ഇഷ്ടപ്പെടുന്നവരാണെങ്കിലും അഭയാർഥികളെ വെച്ച് ജോലി ചെയ്യിച്ച് അവർക്ക് കുറഞ്ഞ വേതനം നല്കുന്നു. ഇതെല്ലാം വ്യക്തമായി വെളിപ്പെടുന്നു.

കൂടാതെ ഈ പ്രശ്നം വന്നപ്പോൾ യൂറോപ്പിലും അമേരിക്കയിലും കാനഡയിലും ഓരോ സ്ഥലങ്ങളിലും ഇതിന്റെ കാരണം മുസ്‌ലിമീങ്ങളാണെന്ന് വരുത്തിത്തീർത്തു. ഓരോ സ്ഥലങ്ങളിലും മുസ്‌ലിമീങ്ങൾക്കുമേൽ ആരോപണമുണ്ടാക്കി. ഇതിന് മറുപടി നല്കിക്കൊണ്ട് മുസ്‌ലിമീങ്ങളും മറ്റുള്ളവരുടെ മേൽ ആരോപണം ഉന്നയിക്കാൻ തുടങ്ങി. ഈ സാഹചര്യം അവസ്ഥകളെ കൂടുതൽ മോശമാക്കി. തുടർന്ന് കഴിഞ്ഞ 4 വർഷമായി അറബ് സ്പ്രിംഗ് പ്രശ്നം ഉടലെടുത്തു. ഇത് ചെയ്യിച്ചതിന്റെ പിന്നിൽ വൻശക്തികളായിരുന്നുവെന്ന് ഇപ്പോൾ ബുദ്ധിമാന്മാരുടെ സംഘം ആരോപണം ഉന്നയിക്കുന്നു. ഇത് തെറ്റായാലും ശരിയായാലും ഇത് മറ്റൊരു പ്രശ്നമാണ്. എന്നാൽ, വിടവ്(Rift) വർധിക്കാൻ തുടങ്ങിയിട്ടുണ്ട്.

ആദ്യം അവർ ഇറാഖിനെ തകർത്തു. ഇവരുടെയടുക്കൽ അണു ആയുധങ്ങളുണ്ടെന്ന് ആരോപണം ഉന്നയിച്ചു. ഇറാഖിന്റെ മേൽ തെറ്റായ ആരോപണമാണ് ഉന്നയിക്കപ്പെട്ടതെന്ന് ഇപ്പോൾ ഇവരിൽപ്പെട്ട രാഷ്ട്രീയക്കാരും അമേരിക്കൻ ജനതയിലെ രാഷ്ട്രീയക്കാരും പ്രസ്താവന നടത്തുന്നു. ഇറാഖിന്റെ കൈയിൽ ഒരു അണുവായുധവുമുണ്ടായിരുന്നില്ല.

പിന്നീട് ഇവർ ഈജിപ്റ്റിനെതിരെ നടപടി സ്വീകരിച്ചു. ഈജിപ്റ്റിനെ സംബന്ധിച്ച് ഉന്നയിച്ച ഒരു ചോദ്യത്തിന് അമേരിക്കയിലെ ഒരു പത്രപ്രതിനിധിയോട് ഞാൻ പറഞ്ഞിരുന്നു: 'ഇവരുണ്ടാക്കിയ ഭരണകൂടം ഒന്നോ ഒന്നര വർഷത്തിനുള്ളിൽ അവസാനിക്കും. അങ്ങനെതന്നെ സംഭവിക്കുകയും ചെയ്തു. ഇവർ ഉയർത്തിക്കൊണ്ടു വന്ന നാമമാത്ര ഇസ്‌ലാമിക ഭരണകൂടം തന്നെ ഇവരെ തുറിച്ചു നോക്കിയപ്പോൾ സൈനികരെക്കൊണ്ട് ഇവരേയും അട്ടിമറിച്ചു. ഇപ്പോൾ നോക്കുക, ജനാധിപത്യം സ്ഥാപിക്കാൻ വേണ്ടി ഇവർ കൊണ്ടു വന്ന ഭരണകൂടത്തിനെതിരെ സൈന്യത്തിന് പിന്തുണ നല്കി. സൈനികസഹായത്തോടെ അതിനേയും അവസാനിപ്പിച്ചു .

അടുത്തത് താങ്കളുടെ മുന്നിലുള്ളതുപോലെ ലിബിയയുടെ ഗതികേടായിരുന്നു. ലിബിയയിൽ ഖദ്ദാഫിയുടെ ഭരണകൂടത്തെ ഇല്ലാതാക്കി. ജനാധിപത്യത്തെ സ്ഥാപിക്കാനായിരുന്നു പദ്ധതി. എന്നാലിപ്പോൾ ജനാധിപത്യം എവിടെയാണ്? ഓരോ ഗോത്രവും താന്താങ്ങളുടെ ഭരണകൂടമുണ്ടാക്കി. മുമ്പേയുണ്ടായിരുന്ന സമാധാനവും നശിച്ചു. ജനാധിപത്യവും സ്ഥാപിക്കാൻ സാധിച്ചില്ല. ഇത്തരത്തിലുള്ള അവസ്ഥകളാണ് ഇതര അറബ് രാജ്യങ്ങളുടേതും. അറബ് ജനതയുടെ വഴിതെറ്റിയ അവസ്ഥകൾ കൊണ്ടും അവിടുത്തെ തീവ്രവാദ വിഭാഗങ്ങളിൽനിന്നു ഭീതി ഉടലെടുത്തതായി ഇപ്പോൾ യൂറോപ്യൻ ജനത പറയുന്നു.

ജർമനിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് എനിക്കറിയില്ല. എന്നാൽ, യു.കെയുടെ അവസ്ഥ എനിക്കറിയാം. തീവ്രവാദികളായിക്കൊണ്ട് ഐ എസ് ഐ എസിന്റെ പേരും പറഞ്ഞ് ഈ അറബ് രാജ്യത്തിലേക്ക് അവിടെ നിന്നു പോകുന്ന വ്യക്തികൾ തൊഴിലുകൾ ലഭിക്കാത്തതിനാൽ നിരാശരായവരാണ്. രാജ്യത്തിന്റെ സാമ്പത്തികവ്യവസ്ഥിതി നല്ല നിലയിലാണെന്നും തൊഴിലില്ലായ്മ കുറവാണെന്നുമാണ് ബ്രിട്ടണിൽ പറയപ്പെടുന്നത്. എന്നാൽ, യുവാക്കൾക്ക് കുറച്ചുമാത്രമേ തൊഴിൽ ലഭിക്കുന്നുള്ളൂ. പ്രായമുള്ള ആളുകൾക്ക് കൂടുതൽ പ്രയോജനം കിട്ടുന്നു. ഭരണകൂടം അഭയാർഥികൾക്കും പ്രായമായവർക്കും കൂടുതൽ സേവനങ്ങളെത്തിക്കുന്നുവെന്നും തങ്ങൾക്ക് കുറച്ചു മാത്രമേ ലഭിക്കുന്നുള്ളൂ എന്ന വികാരമാണ് യുവാക്കളുടേയും പ്രാദേശിക വ്യക്തികളുടേയും മനസ്സുകളെ അലട്ടുന്നത്. യു. കെയിൽ ഇപ്പോൾ ഏഷ്യക്കാരായ അഭയാർഥികൾ മാത്രമല്ല ഉള്ളത്. പ്രത്യുത കിഴക്കൻ യൂറോപ്യൻ അഭയാർഥി പ്രശ്നവും ഉടലെടുത്തിരിക്കുന്നു. ഇവരും കൂടുതലായി വന്നുകൊണ്ടിരിക്കുന്നു.

അഭയാർഥികളെ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പങ്ക് നിർവഹിക്കാൻ മുമ്പേ തന്നെ ഞാൻ യൂറോപ്യരോടു പറയുന്നതാണ്. നൈരാശ്യം കാരണത്താലാണ് ഐ എസ് ഐ എസിലേക്ക് അവർ പോകുന്നത്. തങ്ങളുടെ രാജ്യത്തിലെ യുവാക്കൾ അവിടെ പോയി യുദ്ധം ചെയ്യുന്നത് പാശ്ചാത്യർ കാണുമ്പോൾ ഇവിടേയും ഇവർ കുഴപ്പമുണ്ടാക്കുമോ എന്ന ഭയത്തിന് വശംവദരാവുകയും ചെയ്യുന്നു.

ജർമനിയിൽ മുസ്‌ലിമീങ്ങൾ കൂടുതലുള്ള പ്രദേശങ്ങളെ കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. അവിടെ നാഷണലിസ്റ്റ് പാർട്ടികൾക്ക് വോട്ട് കിട്ടില്ല. ഈ നയംകൊണ്ട് നഷ്ടമുണ്ടാകും. ജനങ്ങളുടെ പ്രതികരണം ഏഷ്യക്കാരായ അഭയാർഥികൾക്കെതിരെ ഉണ്ടാകും.

ഇപ്പോഴുള്ള സാഹചര്യത്തിൽ ഇടതുപക്ഷ പാർട്ടികൾ ഉയർന്നു വന്നു കൊണ്ട് സാഹചര്യങ്ങളെ നന്നാക്കട്ടെ എന്നതാണ് പ്രാർഥന.

ഡോക്ടർ ജയ്സി(Dr,Gysi): ഹുദൂറിന്റെ പ്രാർഥന സ്വീകരിക്കപ്പെടുമെന്നും ഞങ്ങൾ മുകളിലെത്തുമെന്നും ഞാൻ പ്രതീക്ഷിക്കുന്നു. അമേരിക്ക ധാരാളം കാര്യങ്ങളിൽ തെറ്റായ പോളിസികൾ സ്വീകരിച്ചിരിക്കുന്നു. ഇവർ ചില ഗ്രൂപ്പുകളേയും സംഘടനകളേയും കൂടെ ചേർത്തുകൊണ്ട് സ്വന്തം പൊതുശത്രുവിനെതിരെ നീക്കം നടത്തുന്നു. തങ്ങളോട് ചേർത്തിരിക്കുന്ന സഹായക ഗ്രൂപ്പ് നാളെ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് നോക്കാതെ തന്നെ ഇതു ചെയ്യുന്നു.

ഹുദൂർ: റഷ്യക്കെതിരെ അമേരിക്ക അൽഖായിദയെ സഹായിച്ചിരുന്നു. ഇപ്പോൾ അതേ അൽഖായിദ തന്നെ അമേരിക്കക്കെതിരെ തിരിഞ്ഞിരിക്കുന്നു.

ഡോക്ടർ ജയ്സി(Dr,Gysi): ഇപ്പോൾ ഓരോ സ്ഥലത്തും സാഹചര്യങ്ങൾ കൂടുതൽ വഷളായിക്കൊണ്ടിരിക്കുന്നു. ലിബിയ, സൊമാലിയ, ഇറാഖ്, സിറിയ, യുക്രൈൻ തുടങ്ങി ഓരോ സ്ഥലത്തും കുഴപ്പങ്ങളാണ്. സമാധാനം ഇല്ലാതായി. സർവ്വിടത്തും നശീകരണമാണ്. ഈ സാഹചര്യത്തിൽ നിന്നു നാം എങ്ങനെ പുറത്തു വരുമെന്നതാണ് ചോദ്യചിഹ്നമായി നില്ക്കുന്നത്. ഈ രാജ്യങ്ങളിൽ എങ്ങനെ സമാധാനം സ്ഥാപിക്കാൻ സാധിക്കും. എന്റെയടുക്കൽ ഈ ചോദ്യങ്ങൾക്ക് ഒരു മറുപടിയുമില്ല.

ഹുദൂർ: താങ്കളുടെയടുക്കൽ ഇതിനുള്ള മറുപടിയുണ്ട്. ഞാൻ കഴിഞ്ഞ വർഷവും പറഞ്ഞിരുന്നു. ഈ വർഷവും എന്റെ പ്രഭാഷണങ്ങളിലും പ്രോഗ്രാമിലും പറഞ്ഞിരുന്നു. ഐ എസ് ഐ എസിന്റെ സപ്ലൈലൈൻ തടയുക. അവരുടെ സപ്ലൈലൈൻ വിച്ഛേദിക്കുക. അവരുടെ എല്ലാ ആയുധങ്ങളും എവിടെ നിന്നാണ് വരുന്നത്? അവരുടെ എണ്ണ ഇതര രാജ്യങ്ങളിലേക്ക് ഏത് രാജ്യങ്ങളിൽനിന്നാണ് പോകുന്നത്? വലിയ വലിയ തുകകൾ എവിടെ നിന്നാണ് ഇവർക്ക് ലഭിക്കുന്നത്?

അവരുടെ സപ്ലൈലൈൻ വിച്ഛേദിക്കാൻ സെക്യൂരിറ്റി കൗൺസിൽ ഒരു പ്രമേയവും പാസ്സാക്കിയിരുന്നു. എന്നാൽ, ഇതനുസരിച്ച് പ്രവർത്തനമുണ്ടായില്ല.

ഇറാന്റെ മേൽ ഉപരോധം സാധ്യമാണെങ്കിൽ ഇവരുടെമേൽ എന്തുകൊണ്ട് സാധ്യമാകുന്നില്ല?

ഡോക്ടർ ജയ്സി: തികച്ചും ശരിയാണ്. റഷ്യയുടെ മേൽ ഉപരോധങ്ങൾ നടക്കുന്നു. എന്നാൽ, ഈ വിഭാഗങ്ങളുടെമേൽ നടക്കുന്നില്ല.

ഹുദൂർ: ഫലസ്തീനിന്റെ അതിർത്തി വര നിർണ്ണയിക്കപ്പെട്ടിരുന്നു. കൂടുതൽ കടന്നുകയറ്റം ഉണ്ടാകില്ലെന്ന് കരാർ ചെയ്യപ്പെട്ടിരുന്നു. എന്നാൽ, ഈ കരാറിനെതിരിൽ കടന്നുകയറ്റം തുടർന്നു കൊണ്ടേപോയി.

ഈജിപ്റ്റ് ഇസ്രയേലുമായി യുദ്ധം ചെയ്തതിന്റെ കഷ്ടം ഇന്നുവരെ ഫലസ്തീൻ വഹിക്കുന്നു. കൂടാതെ ലെബനാണിൽ ഹിസ്ബുല്ലാഹ് കൂടുതലാണ്. അവരുടെ ഭാഗത്തു നിന്ന് ഇസ്രയേലിനെതിരെ എന്തെങ്കിലും നടപടി ഉണ്ടായാൽ അതിന്റെ നഷ്ടവും ഫലസ്തീൻകാർ സഹിക്കേണ്ടിവരുന്നു. ഫലസ്തീനെ അംഗീകരിക്കുന്നതാണ് ഇപ്പോൾ പ്രശ്നം. സ്വീഡൻ അംഗീകരിച്ചപ്പോൾ പ്രതിഷേധം ഉയർന്നു. ഇപ്പോൾ അടുത്ത സ്റ്റെപ്പ് സ്പെയിനെടുത്തു. ഫലസ്തീനെ ഒരു സ്വതന്ത്ര രാഷ്ട്രമായി അംഗീകരിക്കുക എന്നതാണ് ഈ പ്രശ്നത്തിന്റെ പരിഹാരം. ഒരു രാജ്യം എന്ന ഇതിന്റെ അവകാശം സ്ഥാപിതമാകേണ്ടതാണ്.

എന്നാൽ, ആരും ഇരുന്ന് ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കാൻ ഇഷ്ടപ്പെടുന്നില്ല. നമ്മുടെ ശബ്ദം എത്രമാത്രം എത്തിക്കാൻ സാധിക്കുമോ എത്തിക്കാൻ ശ്രമിക്കുന്നു. നമ്മുടെ സന്ദേശം നമ്മുടെ ശബ്ദം എല്ലായിടത്തും ചെല്ലുന്നു. പരസ്പരം ഇരുന്ന് സമാധാനം സ്ഥാപിക്കേണ്ടതാണെന്ന വികാരം എല്ലായിടത്തുമുണ്ട്.

ഡോക്ടർ ജയ്സി: നമുക്ക് മൂന്നാം ലോക മഹായുദ്ധത്തിൽനിന്നു രക്ഷപെടാൻ സാധിക്കുമോ?

ഹുദൂർ: മനുഷ്യൻ മനുഷ്യനോട് അതിക്രമം കാണിക്കുന്നു. ഇതരരുടെ അവകാശങ്ങൾ കവരപ്പെടുന്നു. അപ്പോൾപ്പിന്നെ ദൈവത്തിന്റെ ശക്തി, തന്റെ കരം കാണിക്കുന്നു. ദൈവത്തിന്റെ നിയമം പ്രവർത്തിക്കാൻ തുടങ്ങിയാൽപ്പിന്നെ മനുഷ്യൻ നശിക്കുന്നു. പ്രപഞ്ചം നശിക്കുകയില്ല.

**• കലാമുൽ ഇമാം •**

**"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."**
**(മൽഫൂദാത്ത് വാള്യം 1, പേജ് 220)**

താലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

**• കലാമുൽ ഇമാം •**

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!' (മൽഫൂദാത്ത് വാള്യം 3, പേജ് 38)**

താലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail :badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-8 Thursday 23 February 2022 Issue-8

MANAGER
Sheik Mujahid

Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

ഡോക്ടർ ജയ്സി: വർഷന്തോറും മില്യൺ കണക്കിന് ജനങ്ങളാണ് പട്ടിണികൊണ്ടു മരിക്കുന്നത്. വർഷത്തിൽ രണ്ടു പ്രാവശ്യം പട്ടിണിയിൽ വലയുന്ന ജനങ്ങൾക്ക് ഭക്ഷണം എത്തിക്കാൻ തക്ക വണ്ണമുള്ളത് നമ്മുടെയടുക്കലുണ്ട്. ജനങ്ങൾക്ക് ഭക്ഷണം എത്തിക്കാനും സാധിക്കും.

ഹുദൂർ: ലക്ഷക്കണക്കിനു ജനങ്ങളുടെ പട്ടിണി തുടച്ചു നീക്കുന്നതിനുപകരം ഭക്ഷണസാധനങ്ങൾ കടലിൽ മുക്കിയാൽ ഈ അവസ്ഥ തന്നെയാണുണ്ടാകുക. പട്ടിണിയും ദാരിദ്ര്യവും തുടച്ചു നീക്കാതിരുന്നാൽ അതു ബാധിച്ച ജനങ്ങൾ ഇവർക്കെതിരെ തിരിയുമെന്ന ബോധം രാഷ്ട്രീയക്കാർക്കില്ല.

ഡോക്ടർ ജയ്സി: നമ്മുടെ ജർമനിയിൽ ദരിദ്ര വിഭാഗമാണ് ഏറ്റവും കുറവ് വോട്ട് ചെയ്യാൻ പോകുന്നതെന്ന അവസ്ഥയാണുള്ളത്.

ഹുദൂർ: 2004 വരെ ഇവിടെ ആത്മഹത്യയുടെ തോതു കുറവായിരുന്നു. അതിനുശേഷം വർധിക്കാൻ തുടങ്ങി. ഇത് ജനങ്ങളുടെ നൈരാശ്യവും അസ്വസ്ഥതയും വെളിവാക്കുന്നതാണ്. ഒരു തിന്മയെ തടുക്കുമ്പോൾ മറ്റൊന്ന് വരുന്നു. യൂ എൻ ഓ തിന്മകളെ തടുക്കാനാണ് സ്ഥാപിതമായത്. എന്നാലത് തിന്മകളെ സൃഷ്ടിക്കുകയാണ് ചെയ്തത്.

“എന്റെ ഇക്കാര്യം എഴുതി വെച്ചോളൂ. ഒരു സമാധാനവും വരാൻ പോകുന്നില്ല. നാശം വരും, വരിക തന്നെ ചെയ്യും. യൂ എൻ ഓ യെ അവസാനിപ്പിക്കുക. മറ്റെന്തെങ്കിലും പുതിയ സംഘടന ഉണ്ടാക്കുക.”

വിവിധ കാര്യങ്ങളെ കുറിച്ച് സംഭാഷണം നടന്നു. ഡോക്ടർ ജയ്സിയുമായി നടന്ന ഈ സംഭാഷണം 05.30 വരെ നീണ്ടു നിന്നു. ഒടുവിൽ ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും അദ്ദേഹത്തിന് സൗഭാഗ്യം ലഭിച്ചു.

തുടർന്ന് ആദരണീയരായ അമീർ സാഹിബ് ജർമനി ഹുദൂർ അൻവറുമായി ഓഫീസ് സംബന്ധമായ മീറ്റിംഗ് നടത്തി. ചില കാര്യങ്ങളെ കുറിച്ച് ഹുദൂർ മാർഗദർശനങ്ങൾ നല്കി.

**ജൽസാ സാലാനാ ജർമനി 2015**

**ഹുദൂർ സന്നദ്ധ സേവകരെ കാണുന്നു**

ഇന്ന് ജർമനിയിലെ ജൽസാഗാഹ് സ്ഥിതി ചെയ്യുന്ന കാൾസ്റുഹെ(KARLSRUHE)യിലേക്ക് ഹുദൂറിന് പോകേണ്ടിയിരുന്നു. 06.20–ന് ഹുദൂർ താമസസ്ഥലത്തു നിന്ന് പുറത്തു വന്നു. ദുആക്ക് നേതൃത്വം നല്കി. യാത്രാസംഘം കാൾസ്റുഹെ (KARLSRUHE) പട്ടണത്തിലേക്ക് പുറപ്പെട്ടു. ഫ്രാങ്ക്ഫർട്ടിലെ ബയ്ത്തുസ്സുബൂഹിൽനിന്ന് കാൾസ്റുഹെ (KARLSRUHE)യിലേക്ക് 160 കിലോമീറ്റർ ദൂരമുണ്ട്. ജൽസ നടക്കുന്ന സ്ഥലത്തിന്റെ പേര് കെ മെസ്സെ(K. MESSE) എന്നാണ്. ഇതിന്റെ ആകെ വിസ്തീർണം ഒരു ലക്ഷത്തി അമ്പതിനായിരം ചതുരശ്രമീറ്ററാണ്. ഇതിന്റെ കവർ ചെയ്യപ്പെട്ട ഭാഗം 70000 ചതുരശ്രമീറ്റർ ആകുന്നു. ഇതിൽ 4 വലിയ ഹാളുകളുണ്ട്. നാലും ശീതീകരിക്കപ്പെട്ടതുമാണ്. ഓരോ ഹാളിന്റേയും വിസ്തീർണം 1250 ചതുരശ്രമീറ്ററാണ്. ഓരോ ഹാളിലും കസേരകളിന്മേൽ 12000 ആളുകൾക്ക് ഇരിക്കാൻ സാധിക്കും. ഓരോ ഹാളിലും 18000–ലധികം പേർക്ക് നമസ്കരിക്കാൻ സാധിക്കും. ഈ നാലുഹാളിലും കൂടി 128 ബാത്ത് റൂമുകളുണ്ട്. ഇവിടെ 10000 വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യവുമുണ്ട്. ഏകദേശം ഒരു മണിക്കൂർ 40 മിനിറ്റ് യാത്രക്കുശേഷം 08.00 മണിക്ക് ഹുദൂർ ജൽസാ ഗാഹിലെത്തി.

ജർമൻ ജൽസാ സലാന ഓഫീസർ ആദരണീയനായ മുഹമ്മദ് ഇൽയാസ് മജൂക്ക സാഹിബും ഓഫീസർ ജൽസാ ഗാഹ് ആദരണീയനായ ഹാഫിള് മുസഫ്ഫർ അഹ്മദ് സാഹിബ് ഇംറാനും ചേർന്ന് ഹുദൂറിനെ സ്വീകരിച്ചു. ഹുദൂർ അവർക്ക് ഹസ്തദാനം ചെയ്തു. ഹാളിലേക്ക് പ്രവേശിച്ചപ്പോൾ സന്നദ്ധസേവകർ വളരെ ആവേശത്തോടെ മുദ്രാവാക്യം മുഴക്കി. തുടർന്ന് ജൽസാ സാലാന സംവിധാനങ്ങളുടെ പരിശോധന ആരംഭിച്ചു. ജൽസാ സാലാനയിലെ ജൽസാസാലാന ഡെപ്യൂട്ടി ഓഫീസർമാർ ഒരു വരിയിൽ നിന്നിരുന്നു. അനുകമ്പാപൂർവം ഹുദൂർ അവരുടെ സമീപത്തുകൂടി കടന്നുപോയി. കൈയ്യുയർത്തി അസ്സലാമു അലയ്ക്കും പറഞ്ഞു. സൃഷ്ടിസേവന വിഭാഗം, കാർഡ് ചെക്കിംഗ് വിഭാഗം, ജൽസാ സാലാന ഓഫീസർ, വിദേശ അതിഥികളുടെ താമസമേർപ്പെടുത്തുന്ന വിഭാഗം എന്നിവരാണ് തുടക്കത്തിൽ ഉണ്ടായിരുന്നത്. അവരുടെ ഓഫീസിനെ കുറിച്ചും വിഭാഗങ്ങളെ കുറിച്ചും ഹുദൂർ അന്വേഷിച്ചു. അവരുടെ അടുത്തൂടെ കടന്നുപോയതിനു ശേഷം എം ടി എ വിഭാഗത്തിൽപോയി. ഇവിടെ എം ടീ എ യുടെ വിവിധ സംവിധാനങ്ങളെ ഹുദൂർ വിലയിരുത്തി.

എം ടി എ ജർമനി ഇപ്രാവശ്യവും ഡ്രോൺ(drone) വീഡിയോ ക്യാമറ ഉപയോഗിച്ചു. ഈ ക്യാമറ റിമോട്ട് കൺട്രോൾ മുഖേനയാണ് അന്തരീക്ഷത്തിൽ ഉയർത്തുന്നത്. ഇതു മുഖേന ബാഹ്യക്കാഴ്ചകൾ കാണിക്കാൻ സാധിക്കും. സംഘാടകർ ഹുദൂറിന്റെ സാന്നിധ്യത്തിൽ ഈ ക്യാമറ അന്തരീക്ഷത്തിൽ ഉയർത്തി കാണിച്ചു. ഇത് വളരെ ഉയരത്തിൽപോയി.

ഹുദൂർ എം ടി എയുടെ സംപ്രേഷണ പ്രോഗ്രാമും ഇതുസംബന്ധമായ ഇതര കാര്യങ്ങളെ കുറിച്ചും അന്വേഷിച്ചു. മാർഗനിർദേശങ്ങൾ നല്കുകയും ചെയ്തു. തുടർന്ന് ഹുദൂർ പുസ്തക സ്റ്റോറുമും സ്റ്റാളും സന്ദർശിച്ചു. ഇവിടെ വളരെ നല്ല ചിട്ടയോടെ മേശകളും വിവിധ സ്റ്റാന്റുകളും ക്രമപ്പെടുത്തിയിരുന്നു. പുസ്തകം വാങ്ങുന്നവർക്ക് എളുപ്പത്തിൽ ആവശ്യമുള്ള പുസ്തകങ്ങൾ തിരഞ്ഞെടുക്കാൻ പറ്റുന്ന രീതിയിലായിരുന്നു ഇത്.

ഹ്യൂമാനിറ്റി ഫസ്റ്റ് വിഭാഗത്തിന്റെ ഓഫീസിലും ഹുദൂർ പോയി. ഹ്യൂമാനിറ്റി ഫസ്റ്റ് ജർമനിയുടെ ചെയർമാനുമായി ഹുദൂർ സംസാരിച്ചു. അവിടെ ശേഖരിച്ചിട്ടുള്ള വിവിധ വസ്തുക്കളെ കുറിച്ചും അതുമായി ബന്ധപ്പെട്ടുള്ള പരിപാടികളെ കുറിച്ചും അന്വേഷിച്ചു. അവിടെനിന്ന് ചില സാധനങ്ങൾ വാങ്ങുകയും മാർഗനിർദേശങ്ങൾ നല്കുകയും ചെയ്തു.

ജാഇദാദ് വിഭാഗത്തിന്റേയും നൂറ് മസ്ജിദ് പ്രൊജക്ടിന്റേയും ഓഫീസുകളായിരുന്നു അടുത്തത്. ജർമനിയിൽ നിർമിതമായ വിവിധ മസ്ജിദുകളുടെ മോഡലുകളും അവിടെ സ്ഥാപിച്ചിരുന്നു. മസ്ജിദ് നിർമാണത്തിനുവേണ്ടി ഉപയോഗിക്കുന്ന വിവിധ വസ്തുക്കളുടെ സാമ്പിളുകളും അവിടെ പ്രദർശിപ്പിച്ചിരുന്നു.

വസിയ്യത്ത്, വഖ്ഫെ നൗ, പൊതുകാര്യം, ഓഡിയോ വീഡിയോ സെക്ഷൻ, വൈവാഹിക സംബന്ധമായ വിഭാഗം എന്നിവയുടെ ഓഫീസുകൾ തുടർന്ന് ഹുദൂർ സന്ദർശിച്ചു.

അടുത്തത് ഭക്ഷണസാധനങ്ങൾ സൂക്ഷിച്ചിട്ടുള്ള സ്റ്റോറായിരുന്നു. ആവശ്യാനുസരണം ഇവിടെ നിന്ന് സാധനങ്ങൾ വിതരണം ചെയ്യുന്നു.

ജൽസാ അതിഥികൾക്ക് ഭക്ഷണം വിളമ്പുന്ന ഹാളും ഹുദൂർ സന്ദർശിച്ചു. ഒരു സമയത്ത് ആയിരം പേർക്കു ഭക്ഷണം കഴിക്കാവുന്ന സംവിധാനമാണ് ഇവിടെയുള്ളത്. മേശകളിൽത്തന്നെ വെള്ളത്തിന്റെ ബോട്ടിലുകളും ഗ്ലാസുകളും സംവിധാനിച്ചിരിക്കുന്നു. ഭക്ഷണത്തിനിടയിൽ വെള്ളത്തിന് മറ്റെവിടേയും പോകേണ്ടുന്ന ആവശ്യം വരാത്ത വിധമാണിത്.

സായാഹ്ന ഭക്ഷണം തയ്യാറായി ഹാളിലെത്തിയിരുന്നു. ഹുദൂർ അനുകമ്പാപൂർവം ഭക്ഷണത്തിന്റെ നിലവാരം വിലയിരുത്തി. ഉരുളൻ കിഴങ്ങും ഇറച്ചിയും കറിവെച്ചു കഴിഞ്ഞിരുന്നു. ഒപ്പം അതിഥികൾക്ക് നൽകാൻ റൊട്ടിയും തയ്യാറാക്കി വെച്ചിരുന്നു. ഹുദൂർ ഉരുളൻ കിഴങ്ങും ഇറച്ചി കറിയും പ്ലേറ്റിൽ എടുത്തു. ഒരു കഷണം കഴിച്ച് അതിന്റെ നിലവാരം വിലയിരുത്തി. ഒപ്പം സേവന പ്രവർത്തകർക്ക് മാർഗനിർദ്ദേശവും നല്കി.

ഭക്ഷണ പാചകസ്ഥലമായ ലങ്കർഖാനയും ഹുദൂർ സന്ദർശിച്ചു. ഇറച്ചി മുറിക്കുന്ന സ്ഥലവും വിതരണം ചെയ്യുന്ന സ്ഥലവും സ്റ്റോർ ചെയ്യുന്ന സ്ഥലവുമാണ് ആദ്യം നിരീക്ഷിച്ചത്. ഒരു സമയത്ത് നൂറുക്കണക്കിന് ആട്ടിറച്ചി നിശ്ചിത തണുപ്പിൽ സൂക്ഷിക്കാവുന്ന വളരെ വലിയൊരു ഫ്രീസറും അവിടെ സ്ഥാപിച്ചിരുന്നു. തുടർന്ന് പാചകം ചെയ്യുന്ന സംവിധാനങ്ങളും നോക്കിക്കണ്ടു. അതിന്റെ നിലവാരം പരിശോധിച്ചു. ഹുദൂർ ഉരുളൻകിഴങ്ങിട്ട് തയ്യാറാക്കിയ ഇറച്ചിക്കറിയും ദാലും (പരിപ്പു കറി) രണ്ടിൽ നിന്ന് കുറച്ചെടുത്ത് തിന്നുനോക്കി. അതിന്റെ നിലവാരത്തെ കുറിച്ച് സംഘാടകരുമായി സംസാരിച്ചു.

ലങ്കർഖാന സേവകർ മുദ്രാവാക്യം മുഴക്കി. തങ്ങളുടെ പ്രിയപ്പെട്ട ഇമാമിനോടൊപ്പം ഫോട്ടോയും എടുത്തു.

ലങ്കർഖാന സേവകർ ചേർന്ന് ഒരു വലിയ കേക്ക് തയ്യാറാക്കിയിരുന്നു. ഹുദൂർ അത് ചെറിയ ചെറിയ കഷണങ്ങളായി മുറിച്ച് ഖുദ്ദാമിന് നല്കി. ലങ്കർഖാനയുടെ പുറത്ത് വലിയ ചെമ്പുകൾ കഴുകുന്ന മെഷീനും സ്ഥാപിച്ചിരുന്നു. ഈ മെഷീൻ കഴിഞ്ഞ എട്ടു വർഷമായി ഉപയോഗിച്ചു വരുന്നു. ഓരോ വർഷവും ഇതിൽ പുതുമ സൃഷ്ടിച്ചു വരുന്നുണ്ട്. തുടക്കത്തിൽ മെഷീനിൽ ചെമ്പ് വെച്ച് ബട്ടൺ അമർത്തേണ്ടി വന്നിരുന്നു. അതിനു ശേഷമാണ് കഴുകൽ പ്രക്രിയ്യ ആരംഭിച്ചിരുന്നത്. ഇപ്പോൾ ബട്ടൺ അമർത്തേണ്ട ആവശ്യമില്ല. ചെമ്പു വെക്കുന്ന പാടേ സ്വയമേവ പ്രവർത്തനം തുടങ്ങുന്നു. സെൻസർ സിസ്റ്റം വഴിയാണ് ഇതു സാധ്യമാക്കിയത്. മുമ്പേ ഒരു സമയത്ത് ഒരു ചെമ്പാണ് കഴുകിയിരുന്നതെങ്കിൽ ഇപ്പോൾ രണ്ടെണ്ണം ഒരേ സമയത്ത് കഴുകാൻ സാധിക്കും.

ഇതു കണ്ടതിനുശേഷം ഹുദൂർ പ്രൈവറ്റ് ടെന്റുകൾ സ്ഥാപിച്ചിട്ടുള്ള ഏരിയാ സന്ദർശിച്ച് സൗകര്യങ്ങൾ വിലയിരുത്തി. ഈ ടെന്റുകളുടെ മധ്യമാർഗത്തിലൂടെ ഹുദൂർ നടന്നു. വിവിധ കുടുംബങ്ങൾ സ്വന്തം ടെന്റിന്റെ മുമ്പിൽ നിലയുറപ്പിച്ചിരുന്നു. ചിലർ പുതിയ ടെന്റുകൾ സ്ഥാപിക്കുന്നുണ്ടായിരുന്നു. എല്ലാവരും കൈകളുയർത്തി ഹുദൂറിന് സലാം പറഞ്ഞു. ഹുദൂർ സലാമിന് മറുപടിയും നല്കി. ചിലരോടു സംസാരിച്ചു. ടെന്റുകൾ പല വലുപ്പത്തിലുള്ളതായിരുന്നു. ചിലത് പത്തു മുതൽ പതിനഞ്ചുപേർവരെ താമസിക്കാവുന്നതായിരുന്നു. ഹുദൂർ ഒരു ടെന്റിന്റെ സമീപത്തുപോയി, എത്ര പേർക്ക് താമസിക്കാമെന്ന് നോക്കി.

ഇതിന്റെ മറ്റൊരു ഭാഗം പ്രൈവറ്റ് കാർ, വാനുകളുടേതായിരുന്നു. അതിനെ സംബന്ധിച്ചും അതിൽ നല്കപ്പെടുന്ന സൗകര്യങ്ങളെ കുറിച്ചും ജൽസാ സാലാന ഓഫീസറിൽ നിന്നു വിവരങ്ങൾതേടി. ഇവ രണ്ടിന്റേയും ചുറ്റും ഫാനുകളും സ്ഥാപിച്ചിരുന്നു. ഗെയ്റ്റും സ്ഥാപിച്ചിട്ടുണ്ട്. ഈ വളപ്പിൽ രജിസ്ട്രേഷൻ കാർഡ് പരിശോധനയും സ്കാനിംഗും നടത്തുന്നു. നൂറുക്കണക്കിനു കുടുംബങ്ങൾക്ക് ഹുദൂറിനെ വളരെ സമീപത്തു കാണാൻ അവസരം ലഭിച്ചു. സ്ത്രീകൾ ഹുദൂറിനെ കാണുകയും അനുഗ്രഹങ്ങൾ നേടുകയും ചെയ്തു. തങ്ങൾക്ക് ലഭിച്ച ഈ സൗഭാഗ്യത്തിൽ എല്ലാവരും പ്രസന്ന വദനരായിരുന്നു.

08.45ന് ലജ്നാ ജൽസാ ഗാഹിലേക്കുപോയ ഹുദൂർ അവിടുത്തെ സംവിധാനങ്ങൾ നോക്കി കണ്ടു, വിവിധ വിഭാഗങ്ങളെ നിരീക്ഷിച്ചു. ലജ്നാ ജൽസാ സംവിധാനത്തിന് നാളിമാ അഅ്ലാക്ക് കീഴിൽ 12 സഹ നാളിമാത്തെ അഅ്ലായുമുണ്ടായിരുന്നു. വിവിധ വിഭാഗങ്ങളിലായി 70 നാളിമാത്തും ഉണ്ടായിരുന്നു. നാഇബ് നാളിമാത്തുമാർ 384 ഉം. സഹായികൾ 3716 പേരായിരുന്നു. മൊത്തത്തിൽ സ്ത്രീകളും കുട്ടികളുമുൾപ്പെടെ 4183 പേർ കർമനിരതരായി രംഗത്തുണ്ടായിരുന്നു.

(തുടരും)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin